# സത്യദൂതൻ

2024 സെപ്റ്റംബർ | ലക്കം 09 വില ₹ 30



## കേരളത്തിലെ പ്രകൃതിദുരന്തങ്ങൾ

അല്ലാഹുവിന്റെ രക്ഷാനൗക


പ്രകൃതി ദുരന്തങ്ങൾ ദൈവ ശിക്ഷയോ?

പർവ്വതങ്ങൾ




Visit our website to read English literature of Ahmadiyya Muslim Jamaat online.....

https://new.alislam.org/library



لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


2024 – സെപ്റ്റംബർ
ഹി.ശ. 1404– തബൂഖ്
1445 സഫർ – റ.ഉ.അവ്വൽ
പുസ്തകം 96 ലക്കം 09
വില 30 രൂപ





## അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **ആത്മീയ സംഗമങ്ങളിൽ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹുല്ലാഹു)
2024 ജൂലൈ 26 ന് നിർവഹിച്ച
ഖുത്ബ ജുമുഅയുടെ സംഗ്രഹം.

**9** **അല്ലാഹുവിന്റെ രക്ഷാനൗക**
ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ്ؑ



**14** **പർവതങ്ങൾ**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് ؒ



**16** **മനുഷ്യ ജീവിതം: ഖുർആനികമായ ഒരു പാരിസ്ഥിതിക നിരീക്ഷണം**
ജോസ് എബ്രഹാം



**21** **പ്രകൃതി ദുരന്തങ്ങൾ ദൈവ ശിക്ഷയോ?**
എ.എം. മുഹമ്മദ് സലീം

**24** **അറബിയിൽ നിന്നും ഇംഗ്ലീഷിലേക്ക്**
അലൻ പിം സ്മിത്ത്



**30** **ഒളിമ്പിക്സിനെക്കാൾ ഫലപ്രദമായ മാനവൈക്യം**
ഫസൽ മസൂദ് മാലിക്ക്

**കുറിപ്പുകൾ**



**32** **ബംഗ്ലാദേശ് പ്രക്ഷോഭം**
മുസാഫിർ



**35** **കേരളത്തിലെ പ്രകൃതിദുരന്തങ്ങൾ**
മുസാഫിർ

**41** അനുസ്മരണം



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി– 682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*


**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**


## വിശുദ്ധ ഖുർആനിൽ നിന്ന്



**അപ്പോൾ കുത്തിയൊലിക്കുന്ന വെള്ളത്തോടുകൂടിയ ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു വിട്ടു. നാം ഭൂമിയിൽ നിന്ന് ഉറവകളൊഴുക്കുകയും ചെയ്തു. അപ്പോൾ (ആകാശത്തു നിന്നും ഭൂമിയിൽ നിന്നുമുള്ള) വെള്ളം നിർമിതമായ ഒരു കാര്യത്തിന്ന് വേണ്ടി കൂടിച്ചേർന്നു...തീർച്ചയായും നാം അതിനെ ഒരു ദൃഷ്ടാന്തമായി വിട്ടിരിക്കുന്നു. എന്നാൽ ഉപദേശം സ്വീകരിക്കുന്ന വല്ലവരുമുണ്ടോ?**

(54:12– 16)

## നബിവചനം



**യഥാർത്ഥ ദാനങ്ങൾ ആപത്തുകൾ തടയുന്നു.**

**(തിർമിദി)**

## വാഗ്ദത്ത മസീഹിന്റെ വചനം



**നൂഹിന്റെ കാലം കൺമുമ്പിൽ വരും**

**ഹദ്റത്ത് അഹ്മദ്(അ)**

**തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപെട്ടിട്ടും ഒരു ദീർഘകാലം വരെ ദൈവം മൗനം അവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ തെളിച്ചു കൂട്ടുന്നതിന്ന് ആവുന്നതും ശ്രമിച്ചു, എന്നാൽ നിയതി നിയമം പൂർത്തി ആകേണ്ടത് ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോട് പറയുന്നു: ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കയാണ്. നൂഹിന്റെ കാലം നിങ്ങളുടെ കൺ മുമ്പാകെ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന്ന് പാത്രമായി തീരുന്നതിന്ന് പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവീൻ. ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമാകുന്നു. ഏതൊരുവൻ സർവ്വശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു. ജീവനുള്ളവനല്ല.** *(ഹഖീഖത്തുൽ വഹ്‌യ്– 1905)*

# ഭൂമിയിൽ മനുഷ്യൻ പരിസ്ഥിതി സൗഹൃദത്തോടെ ജീവിക്കുക.

***'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.'(30:42)***

സ്രഷ്ടാവായ അല്ലാഹു സമാധാനത്തോടും ശാന്തമായും ജീവിക്കാനാണ് നമുക്ക് ഭൂമി അനുവദിച്ചിട്ടുള്ളത്. ഭൂമിയിലെ സ്വാഭവിക പരിസ്ഥിതിയെ തകിടം മറിക്കുമാറ് മനുഷ്യന്റെ നിർമ്മാണവും വികസനപ്രവർത്തനങ്ങളും എറിവന്നത് ആധുനിക കാലഘട്ടത്തിലാണ്. അവധാനതയും പഠനങ്ങളും ദീർഘവീക്ഷണവുമില്ലാതെ താൽക്കാലിക ഉപഭോഗം മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിവേകശൂന്യമായ മനുഷ്യ പ്രവർത്തനങ്ങൾ അത്യന്തം ചലനാത്മകമായ കാലാവസ്ഥയേയും ഭൂജലത്തിന്റെ ചാക്രിക വ്യവസ്ഥയെയും പ്രക്ഷുബ്ധമാക്കുമാറ് സാരമായി ബാധിക്കുന്നു.

ഭൂമിയും ആകാശവുമെല്ലാം ഒരുജൈവവ്യവസ്ഥപോലെ അല്ലാഹുവിനെ പ്രകീർത്തനം ചെയ്യുന്നതായി ഖുർആൻ പറയുന്നു. പക്ഷേ പലപ്പോഴും മനുഷ്യൻ അത് ഗ്രഹിക്കുന്നില്ല.


***'ഏഴ് ആകാശവും ഭൂമിയും അവയിലുള്ളവരുമെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കാത്ത ഒരു വസ്തുവും ഇല്ല തന്നെ. പക്ഷേ അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല. തീർച്ചയായും അവൻ എത്രയും സഹനശീലനും സർവ്വഥാ പൊറുക്കുന്നവനുമാണ്.'(സൂറഃ ബനീ ഇസ്റാഈൽ 17:45)***
***'ഭൂതലത്തെ വികസിപ്പിക്കുകയും അതിൽ ഉറച്ച് നിൽക്കുന്ന പർവതങ്ങളെ നാട്ടുകയും നദികളെ ഒഴുക്കുകയും ചെയ്തവനത്രേ അവൻ. എല്ലാതരം കായ്കനികളിൽ നിന്നും അവൻ ഈരണ്ട് ഇണകളെ സൃഷ്ടിച്ചു. പകലിനെ രാവിനാൽ അവൻ മൂടുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനതക്ക് ഇതിൽ ദൃഷ്ടാന്തമുണ്ട്.'(അൽ റഅദ് 13:4)***

പ്രകൃതി നമുക്ക് മാത്രം അനുഭവിക്കാനുള്ളതല്ല. നമ്മുടെ വരും തലമുറക്കും മറ്റു ജീവജാലങ്ങൾക്കും കൂടി അവകാശമുള്ളതാണ്. ആ അവബോധത്തോടെയായിരിക്കണം നാം ഭൂമിയിൽ ജീവിക്കേണ്ടത്. ഖുർആൻ പറയുന്നു:

***ഭൂമിയെ എല്ലാ ജീവജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു (55: 8-11)***

കോടനുകോടികൊല്ലങ്ങളായി മനുഷ്യനും മറ്റു ജീവികൾക്കും ജീവിക്കാൻ വേണ്ടി അല്ലാഹുവിന്ന് സ്തോത്രം ചെയ്യുന്ന ഭൂമിയേയും അതിന്റെ പരിസ്ഥിതിയേയും അല്ലാഹു ഒരുക്കികൊണ്ടു വന്നത്. ഒരു മനുഷ്യായുസ്സ് ഇവിടെ ജീവിച്ച് അടുത്ത തലമുറക്ക് നാം ഭൂമികൈമാറേണ്ടതുണ്ട്. അത്കൊണ്ട് ഭൂമിയിലെ നിർമാണങ്ങളും വികസന പ്രവർത്തനങ്ങളും പ്രകൃതിയുടെ സ്വഛവും സ്വാഭാവികവുമായ വ്യവസ്ഥയെ നശിപ്പിക്കുന്ന രീതിയിലോ താളം തെറ്റിക്കുന്ന രീതിയിലോ ആക്കാൻ നമുക്ക് ധാർമികമായി അവകാശമില്ല. അല്ലാഹു ബുദ്ധി തന്ന് അനുഗ്രഹിച്ച് മനുഷ്യൻ പ്രകൃതിയിൽ ഇടപെടുമ്പോൾ അതിന്റെ സംന്തുലന സംവിധാനങ്ങൾ ലംഘിക്കാനോ അതിക്രമിക്കാനോ പാടില്ല. ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഖുർആന്റ ഈ ഉപദേശങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ***'നിങ്ങൾ നീതിപൂർവ്വം തുലനം നിലനിർത്തുക. (55: 10)*** എന്നതാണ് ആ ഉപദേശം.

***വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടും അനന്തര ഫലങ്ങളെ അവഗണിച്ചുകൊണ്ടും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനെ അല്ലാഹു ഉണർത്തുന്നു: 'നാം ആ അമാനത്ത് ആകാശങ്ങളുടെയും പർവതങ്ങളുടെയും മുമ്പിൽ വെച്ചുകാട്ടി. പക്ഷേ അതേറ്റെടുക്കുന്നതിന്ന് അവ വിസമ്മതിക്കുകയും അതിനെ സംബന്ധിച്ച് ഭയപ്പെടുകയും ചെയ്തു. എന്നാൽ മനുഷ്യൻ അതേറ്റെടുത്തു. തീർച്ചയായും അവൻ ക്രമം തെറ്റിക്കുന്നവനും അനന്തര ഫലത്തെ അവഗണിക്കുന്നവനുമാണ്.' (34:73)***



# കേവല നിഷേധം കൊണ്ട് മാത്രം ഈ ലോകത്ത് ശിക്ഷയില്ല.

**ഹദ്റത്ത് അഹ്മദ്** عليه السلام

**അ**തിശ്രദ്ധേയമായ കാര്യമെന്തെന്നാൽ മക്കക്കാർ റസൂൽ തിരുമേനിയെ(സ)യെ കേവലം നിഷേധിക്കുക മാത്രമായിരുന്നില്ല. ഒരാൾ തന്റെ അറിവില്ലായ്മ കൊണ്ട് കേവലം നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്ത് അവന്ന് ശിക്ഷ ലഭിക്കുകയില്ല. പക്ഷേ അവിശ്വാസി മനുഷ്യത്വത്തിന്റേയും സൽസ്വഭാവത്തിന്റേയും പരിധി ലംഘിച്ച് ലജ്ജാവിഹീനനായിക്കൊണ്ട് അധാർമികതയിൽ വർത്തിക്കുകയും സർവപീഡനങ്ങളും ആസൂത്രണം ചെയ്യുകയും അതിൽ അങ്ങേയറ്റം മുന്നോട്ട് പോകുകയും ചെയ്യുമ്പോൾ ദൈവ കോപം പതച്ച് പൊങ്ങുകയും ദൈവം നൂഹിന്റെ ജനതയേയും ലൂത്തിന്റെ ജനതയേയും നശിപ്പിച്ചത് പോലെ അവന്റെ ദൂതന്ന് വേണ്ടി അതിക്രമകാരിയെ നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദൂതനും അനുയായികളും അത്തരം പീഡനങ്ങൾക്കും ക്രൂരതകൾക്കും വിധേയമാവുമ്പോൾ മാത്രമാണ് ദൈവം ഇങ്ങനെ ശിക്ഷയിറക്കാറ്. വെറും നിഷേധം കൊണ്ട് മാത്രം ദൈവം ഈ ലോകത്ത് ശിക്ഷിക്കാറില്ല. അത്തരം ശിക്ഷകൾക്കായി ദൈവം പരലോകം ഒരുക്കിവെച്ചിരിക്കുന്നു. പരിഹാസം നിന്ദിക്കൽ പീഢനം എന്നിവയെ തുടർന്നാണ് ഈ ലോകത് ശിക്ഷയിറക്കുക.

കാര്യം പൂർണ്ണമായും ബോദ്ധ്യമാകാത്തത് കാരണം ഒരാൾക്ക് വിശ്വാസം സ്വീകരിക്കാൻ കഴിയാതെ മാറി നിൽക്കാവുന്നതാണ്. അത്തരം നിഷേധം ഒരിക്കലും ലോകത്ത് ശിക്ഷ വിളിച്ചുവരുത്തുന്നില്ല. കാരണം അത് അൽപ്പത്തം കൊണ്ടോ ധാരണാ ശക്തിയുടെ കുറവ് കൊണ്ടോ സംഭവിക്കാവുന്നതാകാം. ഞാൻ ദൃഢമായി വിശ്വസിക്കുന്നത്, നൂഹ് നബി(അ)യുടെ ജനത മാന്യമായ രീതിയിലാണ് അദ്ദേഹത്തെ എതിർത്തതെങ്കിൽ സർവശക്തനായ ദൈവം അദ്ദേഹത്തിന്റെ ജനതയെ പിടിക്കില്ലായിരുന്നു. ജനങ്ങൾ അവരുടെ അതിക്രമ ശീലം കൊണ്ടാണ് ശിക്ഷിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ വായിക്കുന്ന ശത്രുവിനും അവന്റെ സുരക്ഷിത സ്ഥാനത്തെ സംബന്ധിച്ച് സർവശക്തനായ ദൈവം അറിയിക്കുന്നു അതായത് മതത്തിൽ യാതൊരു നിർബന്ധമോ പ്രേരണയോ ഇല്ല എന്ന് (അതിനാൽ നിഷേധി സുരക്ഷിതനാണ്) ഖുർആൻ പറയുന്നു: **'ലാ ഇക്റാഹ ഫി ദ്ദീൻ'** എന്നാൽ ഏതൊരുവൻ വധിക്കാനോ വധിക്കാനുള്ള ഗൂഢാലോചനക്ക് പുറപ്പെടുകയോ അക്രമവും പീഡനവും നടത്തുകയോ ആണെങ്കിൽ അയാൾ കഠിന ശിക്ഷക്ക് വിധേയനാകും. *(മൽഫൂസാത്ത് വാ. മൂന്ന്, പേ 162-165)*

# ആത്മീയ സംഗമങ്ങളിൽ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2024 ജൂലൈ 26 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് യു.കെ. ജൽസാ സാലാനാ ആരംഭിക്കുകയാണ്. ആയിരക്കണക്കിന് ആളുകൾ മതപരവും ആത്മീയപരവുമായ അന്തരീക്ഷത്തിൽനിന്ന് പ്രയോജനമെടുക്കാൻ ഇവിടെ വന്നിരിക്കുന്നു. ഈ ദിവസങ്ങളിൽ ഇവിടെ ഹദീഖത്തുൽ മഹ്ദിയിൽ ഈ അന്തരീക്ഷത്തിൽ വസിച്ചുകൊണ്ട് ഭൗതിക കെട്ടുപാടുകളിൽനിന്ന് വിട്ടകന്ന് തങ്ങളുടെ ആത്മീയവും ധാർമികവുമായ അവസ്ഥകൾ നന്നാക്കിത്തീർക്കാൻ ഒരു താൽകാലിക പട്ടണം നിർമ്മിച്ചിരിക്കുകയാണ്. ഈ ചുറ്റുപാടിലേക്ക് വരുന്നവർ ഏതെങ്കിലും സൗകര്യങ്ങൾ നേടുന്നതിനേക്കാളും അധികം എങ്ങനെ ഈ അന്തരീക്ഷത്തിൽനിന്ന് പ്രയോജനമെടുക്കാം എന്നാണ് ചിന്തിക്കേണ്ടത്. ഏതായാലും മനുഷ്യന് അവന്റെതായ ആവശ്യങ്ങളും ഉണ്ട്. അതുകൊണ്ട് പ്രസ്തുത ആവശ്യങ്ങൾ പൂർത്തിയാക്കാനും വരുന്നവർക്കെല്ലാം പരമാവധി സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും സംഘാടകർശ്രമിക്കാറുണ്ട്. അതിനുവേണ്ടി വിവിധ വകുപ്പുകൾ ജൽസാ സാലാനയുടെ ദിവസങ്ങളിൽ നമ്മുടെ സംവിധാനത്തിന് കീഴിൽ സ്ഥാപിക്കുകയും ആയിരക്കണക്കിന് ജീവനക്കാർ വളണ്ടിയറായി തങ്ങളുടെ സേവനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ സമർപ്പിക്കുകയും ചെയ്യുന്നു.

തങ്ങളുടെ ഡ്യൂട്ടികൾ നല്ല നിലയിൽ നിറവേറ്റാൻ ശ്രമിക്കാൻ ഇതു സംബന്ധമായി ഞാൻ ആദ്യം എല്ലാ വളണ്ടിയർമാരുടേയും ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ജൽസയിലെ അതിഥികളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്ന് മനസ്സിലാക്കിക്കൊണ്ട് സേവിക്കുക. അതിഥികളുടെ ഭാഗത്ത്നിന്ന് നിങ്ങളുടെ വീക്ഷണത്തിൽ അധികപ്പറ്റായി എന്തെങ്കിലും ഉണ്ടായാൽപോലും അതിനെ അവഗണിക്കുക. ഈ അതിഥി സൽക്കാരവും ഉന്നത ധാർമിക സ്വഭാവവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന്റെ പ്രത്യേക സവിശേഷതയായി മാറിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളുടെ ഹൃദയം ചില്ലുപോലെയാണെന്നും അത് പരിഗണിക്കണമെന്നും പറയാറുണ്ടായിരുന്നു. (ചെറിയ കാര്യങ്ങളിൽ ചെറുതായി ഒന്ന് മുട്ടിയാൽ അത് ചില്ലുപോലെ ഉടയുന്നതാണ്. അത് പലർക്കും ഇടർച്ചക്ക് കാരണമാകുന്നതാണ്.) ആയതിനാൽ നല്ലപോലെ ശ്രദ്ധിക്കേണ്ടതാണ്. ഭൂരിഭാഗം അഹ്മദികളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രയാസങ്ങൾ സഹിക്കേണ്ടിവരുമെന്ന് അറിവുള്ളവരാണ്. കുറേ അതിഥികൾ പുറത്ത് നിന്നുള്ളവരുമുണ്ട്. അവരെ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

ആയതിനാൽ ട്രാഫിക്, പാർക്കിംഗ്, ഭക്ഷണവിതരണം, മെഡിസിൻ, ചെക്കിംഗ്, ശുചിത്വം കുടിവെള്ള വിതരണം, തുടങ്ങി എല്ലാ വിഭാഗം ഡ്യൂട്ടിയിലുള്ളവരും അതിഥികൾക്ക് പരമാവധി സൗകര്യം ചെയ്തു കൊടുക്കാനും ആർക്കും പ്രയാസമില്ലാതിരി




ക്കാനും വേണ്ടി ശ്രമിക്കേണ്ടതാണ്.

അതിഥികളോട് ഏറ്റവും ആദ്യമായി എനിക്ക് പറയാനുള്ളതെന്തെന്നാൽ നിങ്ങൾ ഒരു നല്ല ലക്ഷ്യവുമായിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾ എന്ന നിലയിലാണ് ഇവിടെ വന്നിട്ടുള്ളത്. ഭൗതിക അന്തസ്സിനും, ഭൗതിക സേവനങ്ങൾക്കും പകരം ആത്മീയമായി യഥാർഥ മുസ്‌ലിമിന്റെ വ്യതിരിക്തതയായ ഉന്നത ധാർമിക ഗുണത്തിൽ അഭിവൃദ്ധി നേടുന്നതിനാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. അല്ലാഹുവിന് വേണ്ടി യാത്ര ചെയ്യുന്നവർക്ക് ഭൗതിക ആവശ്യങ്ങളിലേക്കും സൗകര്യങ്ങളിലേക്കും വളരെ കുറച്ചു മാത്രമേ ശ്രദ്ധ ഉണ്ടാകാറുള്ളൂ. ചില സമയത്ത് ചില ന്യൂനതകൾ ഉണ്ടാകും. അത് അവഗണിക്കേണ്ടതാണ്.

വരുന്ന ഓരോ അഹ്മദി മുസ്‌ലിമിന്റെയും ഹൃദയത്തിൽ തങ്ങളുടെ ലക്ഷ്യം ആത്മീയ ഭക്ഷണം കരസ്ഥമാക്കുകയാണെന്നുള്ള ചിന്ത ഉണ്ടായാൽ പിന്നെ ആതിഥേയനും അതിഥിയും സ്നേഹത്തോടെ ഈ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതാണ്.

എല്ലാ അതിഥികളോടും നല്ല നിലയിൽ ഒരു പോലെ പെരുമാറാൻ സംഘാടകരുടെ ഭാഗത്ത് നിന്ന് ശ്രമമുണ്ടാകുന്നതാണ്. പക്ഷെ എന്തെങ്കിലും ഏറ്റക്കുറച്ചിൽ ഉണ്ടായാൽ അതിഥികൾ അത് അവഗണിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളെ നല്ലപോലെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യങ്ങൾ മടികൂടാതെ പറയാനും പറയുമായിരുന്നു. പക്ഷെ ഇത് പൊതുഅവസ്ഥയിലുള്ള കാര്യമാണ്. ജൽസയിലെ അതിഥികളെ സംബന്ധിച്ച് എല്ലാവർക്കും ഒരേ സംവിധാനത്തിനുകീഴിൽ ഒരുപോലുള്ള അതിഥി സൽക്കാരമായിരിക്കണമെന്ന് പറഞ്ഞിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളുടെ ഇവിടെ വരുന്നതിന്റെ അടിസ്ഥാന ലക്ഷ്യം ദീൻ പഠിക്കുകയും ഹൃദയാന്തരങ്ങളെ വിപുലീകരിക്കുകയും ദൈവസാമീപ്യത്തിന്റെ പടവുകൾ താണ്ടുകയുമാണെന്നും അവർക്ക് നല്ലപോലെ ബോധ്യപ്പെടുത്തിക്കൊടുത്തിരുന്നു. ചുരുക്കത്തിൽ ഈ ലക്ഷ്യ സാധ്യത്തിനുവേണ്ടിയാണ് നിങ്ങൾ എല്ലാവർഷവും ഇവിടെ അതിഥികളായി വരികയും ഒത്തുകൂടുകയും ചെയ്യുന്നത്. ഈ ദിവസങ്ങളിൽ ജൽസയിൽ ഇരുന്ന് ജൽസയിലെ പ്രോഗ്രാമുകളും പ്രഭാഷണങ്ങളും സശ്രദ്ധം ശ്രവിക്കുക. അതിൽ നിന്ന് പ്രയോജനമെടുക്കാൻ ശ്രമിക്കുക.

അല്ലാഹു തന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നൽകിയ ജമാഅത്ത് രാജ്യങ്ങളുടേയും ജനതകളുടേയും അതിർത്തികളും വൈജാത്യങ്ങളും ഇല്ലാതാക്കിയിരിക്കുന്നു. ഒരു മഹത്തായ സാഹോദര്യത്തിന്റെ അടിത്തറ ഇട്ടിരിക്കുന്നു. ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഒരു ഉദ്ദേശം ആ മഹാത്മാവ് പറയുന്നത്, ജമാഅത്തിന്റെ സാഹോദര്യബന്ധം ഊട്ടിയുറപ്പിക്കപ്പെടുമാറാകണമെന്നാണ്. നമ്മൾ ഒരു സമുദായമായി മാറാൻ കൂടിച്ചേർന്നിരിക്കേണ്ടതും അനിവാര്യമാണ്. പരസ്പരം കൂടിക്കാഴ്ചയും ഉണ്ടാകണം. പക്ഷെ ജൽസയിലെ പകൽ മുഴുവനുമുള്ള പ്രോഗ്രാം ഏതായാലും കേൾക്കേണ്ടതാണ്. അതിനുശേഷം കിട്ടുന്ന സമയം ഒന്നിച്ചിരിക്കുകയും സംസാരിക്കുകയും ബന്ധങ്ങൾ വളർത്തുകയുമാകാം. സമയം നഷ്ടപ്പെടുത്തുന്ന രീതിയിൽ നീണ്ട നേരം കഴിച്ചുകൂട്ടുന്നതാകരുത്.

പിന്നെ ഒരു പാട് ആളുകൾ ഒരുമിച്ചുകൂടുമ്പോൾ അസ്വാരസ്യങ്ങളും ഉണ്ടാകാറുണ്ട്. യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ച് അല്ലാഹു പറയുന്നു. അവർ ദേഷ്യത്തെ കടിച്ചമർത്തുന്നവരാണ്. ജൽസയുടെ അന്തരീക്ഷത്തിന്റെ പരിശുദ്ധിയെ പരിഗണിക്കുക. പരസ്പരം കണ്ണടക്കാനും പൊറുക്കാനും തയ്യാറാകണം. അറിയാതെ ഒരു ഡ്യൂട്ടിക്കാരനിൽനിന്നും വല്ല തെറ്റും സംഭവിച്ചാൽ പരിഭവപ്പെടുന്നതിനുപകരം സഹനം പ്രദർശിപ്പിക്കണം. വിശാലമനസ്കതയുണ്ടായാൽ പിന്നെ എല്ലാ ശ

ശേഷം പേജ് 28 ൽ

# അല്ലാഹുവിന്റെ രക്ഷാനൗക

വാഗ്ദത്ത മസീഹ് (അ) തന്റെ അനുയായിക്കുണ്ടാകേണ്ട യഥാർത്ഥ ആത്മീയ ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുന്നു. ***വിവ: മൗലാനാ മുഹമ്മദ് ഉമർ (മർഹൂം)***

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് عَلَیْہِ السَّلَام**

മനോദാർഢ്യത്തോടെയുള്ള പക്വമായ കർമങ്ങൾ ഇല്ലാതെ നാവുകൊണ്ടുമാത്രം ബയ്അത്ത് അനുസരണപ്രതിജ്ഞ ഏറ്റുപറയുന്നതിൽ ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്റെ അദ്ധ്യാപനം പൂർണമായും പ്രാവർത്തികമാക്കുന്നവനാണ് അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള **'ഇന്നീ ഉഹാഫിളു കുല്ലമൻ ഫിദ്ദാർ'** എന്ന എന്റെ ആ ഭവനത്തിൽ പ്രവേശിക്കുന്നത്. അതായത് (അല്ലാഹു പറഞ്ഞു): 'നിന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരെ ഞാൻ രക്ഷിക്കുന്നതാണ്.' ഇതിൽനിന്ന് കല്ലും മണ്ണും കൊണ്ട് നിർമിതമായ എന്റെ ഈ വീട്ടിൽ താമസിക്കുന്നവരാണ് അവരെന്ന് മനസ്സിലാക്കരുത്. എന്നെ പരിപൂർണമായി പിൻപറ്റുന്നവരും എന്റെ ഈ ആത്മീയ ഭവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുമാണവർ. തങ്ങൾക്ക് സർവശക്തനും എല്ലാറ്റിനേയും നിലനിറുത്തുന്നവനും അനശ്വരനും സർവസ്രഷ്ടാവുമായ ഒരു ദൈവമുണ്ടെന്നും അവൻ തന്റെ സവിശേഷഗുണങ്ങളിൽ ശാശ്വതനും ആദ്യന്തരഹിതനും അചഞ്ചലനുമാണെന്നുമുള്ള കാര്യങ്ങൾ ദൃഢമായി വിശ്വസിക്കേണ്ടത് എന്നെ പിൻപറ്റുന്നതിന് നിർബന്ധമായ കാര്യമാകുന്നു. അവനാരുടേയും പുത്രനല്ല, അവനൊട്ട് പുത്രനുമില്ല. ദുഃഖം പേറുന്നതിൽനിന്നും ക്രൂശിക്കപ്പെടുന്നതിൽ നിന്നും മരണം വരിക്കുന്നതിൽനിന്നും അവൻ പരിശുദ്ധനാണ്. അവൻ എപ്രകാരമാണെന്നുവച്ചാൽ ദൂരസ്ഥനായിരിക്കെ സമീപസ്ഥനാണ്. സമീപസ്ഥനായിരിക്കെ ദൂരസ്ഥനുമാണ്. ഏകനായിരിക്കെ അവന്റെ പ്രകടനങ്ങൾ വിഭിന്നങ്ങളാണ്. മനുഷ്യനിൽ പുതിയ രീതിയിലുള്ള പരിവർത്തനം പ്രകടമാകുമ്പോൾ അവനുവേണ്ടി അവനൊരു പുതിയ ദൈവമായിത്തീരുകയും ഒരു പുതിയ പ്രഭയോടുകൂടി അവനോടു പെരുമാറുകയും ചെയ്യുന്നു. മനുഷ്യൻ തന്നിൽ വരുത്തുന്ന പരിവർത്തനം ദൃശ്യമാകുന്നു. ഇതിന്നർത്ഥം ദൈവത്തിലെന്തെങ്കിലും മാറ്റം വരുന്നുവെന്നല്ല. അവനൊരിക്കലും പരിവർത്തനവിധേയമാകാത്തവനും തികവുറ്റവനുമാണ്. എന്നാൽ, മാനുഷിക പരിവർത്തനങ്ങളുടെ നേരത്ത്, മനുഷ്യന്റെ മാറ്റം നന്മകളിലേക്കാകുമ്പോൾ ദൈവവും അവനിൽ പുതിയൊരു ജ്യോതിസ്സോടുകൂടി പ്രകടമാകുന്നു. മനുഷ്യനിൽനിന്ന് പ്രകടമാകുന്ന ഓരോ അഭിവൃദ്ധിഘട്ടത്തിലും ദൈവത്തിന്റെ സർവശക്തമായ ദിവ്യജ്യോതിസ്സും ഒരു അഭിവൃദ്ധിയോടുകൂടി വെളിപ്പെടുന്നു. എവിടെയാണോ അനിതരസാധാരണമായ മാറ്റങ്ങൾ പ്രകടമാകുന്നത് അവിടെ അവൻ അനിതരസാധാരണമായ ശക്തിപ്രഭാവവും കാണിക്കുന്നു. അത്ഭുതസിദ്ധികളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും ആധാരം ഇതുതന്നെയാണ്. നമ്മുടെ ജമാഅത്തിന്റെ ലക്ഷ്യവും ഈ ദൈവമാകുന്നു. അവനിൽ വിശ്വസിക്കുക. നിങ്ങളുടെ ജീവനെക്കാളും നിങ്ങളുടെ സുഖാഡംബരങ്ങളെക്കാളും നിങ്ങളുടെ എല്ലാ ബന്ധങ്ങളെക്കാളും അവനെ മുന്തിക്കുക. കർമ്മപരമായ നിലയിൽ അവന്റെ വഴിയിൽ ധൈര്യസമേതം സത്യസന്ധതയും വിശ്വസ്തതയും കാണിക്കുക. ജനങ്ങൾ തങ്ങളുടെ ഭൗതികസാമഗ്രികളുടേയും ബന്ധുക്കളുടേയും മേൽ അവന് മുൻഗണന നൽകുന്നില്ല. എന്നാൽ, ദൈവസന്നിധിയിൽ അവന്റെ ജമാഅത്തെന്ന് എഴുതപ്പെടാൻ നിങ്ങൾ അവനെ മുന്തിക്കുക.

കാരുണ്യത്തിന്റെ അടയാളങ്ങൾ കാണിക്കുകയെന്നത് ദൈവത്തിന്റെ സനാതനമായ ചര്യയാണ്. എന്നാൽ, നിങ്ങൾക്ക് ഈ ചര്യയിൽ പങ്കാളിയാകാൻ കഴിയുന്നത്, നിങ്ങളും അവനും തമ്മിൽ അകൽച്ച ഇല്ലാതിരിക്കുകയും നിങ്ങളുടെ ഇഷ്ടം അവന്റെ ഇഷ്ടവും നിങ്ങളുടെ ആഗ്രഹങ്ങൾ അവന്റെ ആഗ്രഹങ്ങളും ആയിത്തീരുകയും അവനിഷ്ടമുള്ളത് അവൻ ചെയ്യട്ടെ എന്ന ഉദ്ദേശ്യത്തോടെ ഫലസിദ്ധിയിലും പരാജയത്തിലും നിങ്ങളുടെ ശിരസ്സ് എപ്പോഴും എല്ലാ അവസ്ഥയിലും അവന്റെ സന്നിധിയിൽ വീണുകിടക്കുമ്പോഴും മാത്രമാണ്. അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ ദീർഘകാലമായി തന്റെ മുഖം മറച്ചുവച്ചിരുന്ന ദൈവം നിങ്ങളിൽ വെളിപ്പെടുന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്നവനും അവന്റെ തൃപ്തി തേടുന്നവനും അവന്റെ വിധിനിയമത്തെ പഴിക്കാത്തവനുമായി നിങ്ങളിലാരെങ്കിലുമുണ്ടോ? അതിനാൽ നിങ്ങൾ വിപത്തുകൾ കണ്ടുകൊണ്ട് പിന്നേയും ചുവട് മുന്നോട്ടുവയ്ക്കുക. ഇത് നിങ്ങളുടെ അഭിവൃദ്ധി

യ്ക്കുള്ള മാർഗമാണ്. അവന്റെ ഏകത്വം ഭൂമിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സകലശക്തിയോടുംകൂടി നിങ്ങൾ പരിശ്രമിക്കുക. അവന്റെ ദാസന്മാരുടെമേൽ കരുണ കാണിക്കുകയും അവരോട് നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും വിധത്തിന്നായി കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. തങ്ങളുടെ കീഴിലുള്ള ആരോടും അഹങ്കാരം കാണിക്കാതിരിക്കുക. നിങ്ങളെ ചീത്തവിളിക്കുന്നവരായിരുന്നാലും നിങ്ങൾ ആരേയും ചീത്ത വിളിക്കരുത്. ദൈവിക സവിധത്തിൽ സ്വീകരിക്കപ്പെടുന്നതിന്, നിങ്ങൾ വിനയാന്വിതരും സൗമ്യരും സദുദ്ദേശ്യരും സൃഷ്ടികളോട് സഹതാപമുള്ളവരുമായിത്തീരുക. സൗമ്യത പ്രകടിപ്പിക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ, അവർ ഉള്ളിൽ ചെന്നായ്ക്കളാണ്. പുറത്ത് ശുദ്ധരും അകത്ത് പാമ്പുകളുമായിട്ടുള്ള നിരവധിയാളുകളുണ്ട്. നിങ്ങളുടെ പുറവും അകവും ഒരുപോലെ ആകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോട് കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിരിക്കെ അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെ മേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്‌വ ഭക്തിമാർഗ്ഗം കൊക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. തങ്ങളുടെ നാഥനിൽ വിലയം പ്രാപിക്കുന്നവരായി തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതു മാത്രമായിത്തീരുകയും അവനുവേണ്ടി മാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരുശുദ്ധനാണ്. നിങ്ങൾ ഭയഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷിപറയട്ടെ.

നിങ്ങൾ ലൗകിക ശാപങ്ങളെ ഭയക്കരുത്, കാരണം അത് കാണക്കാണെ ധൂമപടലം പോലെ അപ്രത്യക്ഷമാകുന്നതാണ്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അതവനെ ഉന്മൂലനം ചെയ്യും. കപടനാട്യം കൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തരാളം (പാതാളം) വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്കവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ, നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അല്പമെങ്കിലും അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ നാട്യമോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല. അല്പം ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്നു നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം, നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണ്ണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങളെത്രയും വേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, തന്റെ സഹോദരനുമായി ഐക്യത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടെയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ വണ്ണമുള്ള ഒരാൾക്ക് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക.

ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളിൽ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അതിനാൽ, അവനു ഞാനുമായി ഒരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെതൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവസാമീപ്യം ആർജ്ജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെസാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവ

ന്റെയടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല. ഭൗതികാഢംബരങ്ങളിൽ ആകൃഷ്ടനായിക്കൊണ്ട് ഈ പ്രപഞ്ചാനുരാഗത്തിലേക്ക് ശ്വാക്കളേയും ഉറുമ്പുകളേയും കഴുകന്മാരേയും പോലെ വീഴുന്നവരും ദൈവസാമീപ്യം കരസ്ഥമാക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനെ സംബന്ധിച്ച് അജ്ഞതയിലാകുന്നു. അവനുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനോടുള്ള ബന്ധം വിടുന്നവനു അത് ലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണ്ണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടുംകൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ഉപരിലോകത്ത് നിങ്ങളോടും കരുണചെയ്യപ്പെടും. അവനും നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ. ദുൻയാവ് ആയിരക്കണക്കിന് ആപത്തുകളുടെ സങ്കേതമാണ്. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയോടെ അല്ലാഹുവിനോട് താണുകേണ് വിലപിക്കുക. അവൻ ഈ ആപത്തുകൾ നിങ്ങളിൽനിന്ന് അകറ്റിവയ്ക്കുന്നതിനുവേണ്ടി. ആകാശത്തുനിന്ന് കല്പന ഉണ്ടാകാത്തിടത്തോളം ഭൂമിയിൽ ഒരാപത്തും ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് കാരുണ്യം ഇറങ്ങാത്തിടത്തോളം ഒരാപത്തും അകലുകയില്ല. അതിനാൽ ശാഖയെ പിടിക്കാതെ തായ്തടിയെ പിടിക്കുന്നതിലാണ് നിങ്ങളുടെ ബുദ്ധി. മരുന്നുകളേയും ഉപായങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നിങ്ങൾക്ക് വിരോധമില്ല. എന്നാൽ, അവയിൽ സർവ്വവും ഭരമേല്പിക്കുന്നതിലാണ് വിലക്കുള്ളത്. അവസാനം ദൈവം നിശ്ചയിച്ചതായിരിക്കും സംഭവിക്കുക. ആർക്കെങ്കിലും ശക്തിയുണ്ടെങ്കിൽ, അല്ലാഹുവിൽ സർവതും ഭാരമേല്പ്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനങ്ങളേക്കാളും ഉയർന്നു നില്ക്കുന്നത്.

നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപദേശമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളേക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയല്ലാതെ ഒരു റസൂലോ ശുപാർശക്കാരനോ ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ) തിരുമേനിയേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്. ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുവേണ്ടി. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർത്ഥമായ മോക്ഷം ഈ ലോകത്തുവച്ചു തന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി(സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി ആ മഹാത്മാവിന്റെ(സ) ശരീഅത്തോടുകൂടി ആത്മീയ പിന്തുടർച്ച ഖിയാമത്തുനാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്‌ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായ രീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ്. **'ഇഹ്ദിന സിറാത്തൽ മുസ്തഖീം സിറാത്തല്ലദീന അൻഅംത അലൈഹിം'** (നീ ഞങ്ങളെ നേർമാർഗത്തിലേക്ക് നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ' എന്ന ഖുർആനിക വചനം സൂചന നൽകുന്നത്.

പൂർവ്വികർ നഷ്ടപ്പെടുത്തിക്കളഞ്ഞ ആത്മീയ സമ്പത്ത് മൂസാ(അ) യ്ക്ക് ലഭിച്ചു. മൂസാ(അ)ന്റെ സമുദായം നഷ്ടപ്പെടുത്തിക്കളഞ്ഞ ആ സ്വത്ത് ഹദ്റത്ത് മുഹമ്മദ്(സ) പ്രാപിച്ചു. ഇപ്പോൾ മുഹമ്മദീ സമുദായം മൂസവിസമുദായത്തിന്റെ സ്ഥാനത്താനുള്ളത്. എന്നാൽ, പ്രൗഢിയിൽ അത് ആയിരക്കണക്കിന് പടി മീതെയാണ്. മൂസായുടെ സദൃശൻ മൂസായെക്കാൾ ഉന്നതനും ഇബ്നു മർയമിന്റെ

സദൃശൻ ഇബ്നുമർയമിനെക്കാൾ ഉന്നതനുമാണ്. മർയമിന്റെ മകൻ മസീഹ് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വെളിപ്പെട്ടതുപോലെയാണ് നബി(സ) തിരുമേനിക്കുശേഷം 14-ാം നൂറ്റാണ്ടിൽ ആ വാഗ്ദത്ത മസീഹും വെളിപ്പെട്ടത്. ഈ കാലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രത്യുത, മർയമിന്റെ മകൻ മസീഹ് വെളിപ്പെട്ട നേരത്ത് യഹൂദികളുടെ അവസ്ഥ എത്തരത്തിലായിരുന്നുവോ അതുപോലെ മുസ്ലിംകളുടെ അവസ്ഥയായിത്തീർന്നപ്പോൾ ആ വാഗ്ദത്ത മസീഹ് വന്നു. അത് ഞാൻ തന്നെയാകുന്നു. അല്ലാഹു ഇച്ഛിക്കുന്നത് ചെയ്യുന്നു. അവനോട് പോരാടുന്നവൻ വിഡ്ഢിയാണ്. അവനെ എതിർത്തുകൊണ്ട് ഇങ്ങനെയല്ല അങ്ങനെയാണുവേണ്ടത്. എന്നാക്ഷേപിക്കുന്നവൻ അജ്ഞനാണ്. അവൻ എന്നെ പതിനായിരത്തിലധികം പ്രകാശിക്കുന്ന ദൃഷ്ടാന്തങ്ങളോടെ അയച്ചിരിക്കുന്നു. അവയിൽ ഒരടയാളം പ്ലേഗുമാണ്. അതുകൊണ്ട് എനിക്ക് സത്യസന്ധമായി ബയ്അത്ത് ചെയ്യുന്നവനും സത്യഹൃദയത്തോടെ എന്റെ ശിഷ്യനായിത്തീരുന്നവനും എന്റെ അനുസരണത്തിൽ ലയിച്ചുകൊണ്ട് തന്റേതായ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിക്കുന്നവനുംവേണ്ടി എന്റെ ആത്മാവ് ഈ വിപത്തുകളുടെ നാളുകളിൽ ശിപാർശ ചെയ്യുന്നതാണ്.


എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിന്റെ പെട്ടവരായി ഗണിക്കപ്പെടുകയുള്ളു. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യസന്ധമായി പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതിനോടു വെറുപ്പു തോന്നും വിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ടപ്പെടാത്ത കർമ്മം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ നിങ്ങൾക്കൊരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടായിരിക്കും. ശത്രുക്കളുടെ കൈകൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ ഭൗതികമായ അന്തസ്സുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് വാനലോകത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്. നിങ്ങൾക്ക് പലതരം വിഷമങ്ങൾ സഹിക്കേണ്ടിവരികയും നിങ്ങളുടെ ഒരുപാട് പ്രതീക്ഷകൾക്ക് ഭാഗ്യം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവം അവന്റെ മാർഗത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നവരാണോ, എന്നു പരീക്ഷിക്കുകയാണ്. ഉപരിലോകത്ത് മലക്കുകളാൽ ബഹുമാനിക്കപ്പെടണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ മർദ്ദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരവാക്കുകൾ കേൾക്കുമ്പോൾ നന്ദിയുള്ളവരായിരിക്കുവിൻ. പരാജയങ്ങൾ കാണുമ്പോൾ ബന്ധം വിച്ഛേദിക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്. അതുകൊണ്ട് പരിപൂർണ്ണമായ പദവിയിലുള്ള സൽകർമ്മങ്ങൾ കാഴ്ചവെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും വൃത്തികെട്ട വസ്തുവിനെപ്പോലെ ജമാഅത്തിൽനിന്ന് പുറത്തെറിയപ്പെടുകയും നിരാശരായി മരിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ദൈവത്തിന് ഒരു ചേതവും വരുത്തുകയില്ല. നോക്കൂ, നിങ്ങളുടെ ദൈവം യഥാർത്ഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാനറിയിക്കുകയാണ്. സർവതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവനും ബഹുമാനം കൊടുക്കുന്നു. അവൻ നിങ്ങളെ സ്വീകരിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ ഋജുവാക്കിയും നാവുകളും കണ്ണുകളും ചെവികളും പരിശുദ്ധമാക്കിയും അവനിലേക്ക് വരിക.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു നിങ്ങളിൽനിന്നാഗ്രഹിക്കുന്നത് ഇതാണ്: അതായത് അല്ലാഹു ഏകനാകുന്നു. മുഹമ്മദ്(സ) അവന്റെ നബിയും ഖാതമുൽ അമ്പിയാഉം എല്ലാവരെക്കാളും ശ്രേഷ്ഠനുമാകുന്നു. പ്രതിച്ഛായയായ രൂപത്തിൽ മുഹമ്മദിയ്യത്തിന്റെ പുതപ്പ് പുതപ്പിക്കപ്പെട്ട നബിയല്ലാതെ മറ്റൊരു നബിയും അദ്ദേഹത്തിനു ശേഷ

ശേഷം പേജ് 29 ൽ

# ഉടൻ
# പുറത്തിറങ്ങുന്നു!!

**ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.**



# കേവലനീതി
# കാരുണ്യം
# ബന്ധുത്വം

## മൂന്ന് സക്രിയ തത്വങ്ങൾ

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)**

---

വിവ: എ.എം.മുഹമ്മദ് സലീം




**മനുഷ്യനിലും പ്രകൃതിയിലും
പ്രതിഫലിക്കുന്ന ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്കാരം**

ലേഖനം



# പർവതങ്ങൾ

പർവതങ്ങളെ പറ്റി വിശുദ്ധ ഖുർആൻ വളരെ പ്രാധാന്യത്തോടു പല വചനങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ഭൂമി കുലുങ്ങാതിരിക്കാൻ അല്ലാഹു സൃഷ്ടിച്ചതാണ് പർവതങ്ങൾ എന്നാണ് മിക്ക ഖുർആൻ ഭാഷ്യകാരന്മാരും പർവതങ്ങളെ പറ്റിയുള്ള വിശുദ്ധ ഖുർആൻ വചനങ്ങളെ വ്യാഖ്യാനിച്ചത്. അത് വസ്തു നിഷ്ഠമായും ശാസ്ത്രീയമായും ശരിയല്ല. പർവതങ്ങൾ മനുഷ്യന് ഭക്ഷണം നൽകുന്ന സ്രോതസ്സായി വർത്തിക്കുന്നു എന്നാണ് ആ വചനങ്ങളുടെ അർഥം.

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ﵀

**ഖലീഫത്തുൽ മസീഹ് നാലാമൻ**

**‘ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവതങ്ങളെ നാം സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.’ (സൂറ അൽ ഹിജ്ർ** 15:20)

**‘.........ഭൂമിയിൽ അവൻ ഉറച്ച പർവതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. അതായത് നിങ്ങൾക്ക് അത് ഭക്ഷണം നൽകുന്നു. അവനതിൽ എല്ലാതരം ജീവികളെയും വ്യാപിപ്പിച്ചിരിക്കുന്നു. എന്നിട്ട് നാം ആകാശത്ത് നിന്ന് വെള്ളമിറക്കി, എന്നിട്ട് അതിൽ മെച്ചപെട്ട എല്ലാ വർഗങ്ങളിൽ നിന്നുമുള്ള ഇണകളേയും നാം വളർത്തുന്നു. ഇത് അല്ലാഹുവിന്റെ സൃഷ്ടിയാണ്. അപ്പോൾ അവൻ പുറമേയുള്ളവർ എന്താണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക. പക്ഷേ അക്രമികൾ വ്യക്തമായ വഴികേടിലാണ്.’ (സൂറ: ലുഖ്മാൻ** 31: 11 – 12)

ഇവിടെ പർവതങ്ങൾക്ക് ഉപയോഗിച്ച പദം ***റവാസിയ*** എന്നാണ്. അതിന്നർത്ഥം അഗാധമായും ദൃഢമായും വേരോടിനിൽക്കുന്നത് എന്നാണ്. ഈ പദത്തിന്റെ ഈ അർത്ഥധ്വനി കാരണം അറബികൾ പർവതത്തിന് ഇതേ പദമാണ് ഉപയോഗിക്കുക. വിശുദ്ധ ഖുർആന്റെ മിക്ക വിവർത്തനങ്ങളിലും കാണുന്ന പർവതങ്ങളുമായി ബന്ധപ്പെട്ട ***തമീദ ബിക്കും*** എന്ന പദം അർത്ഥമാക്കുന്നത് പർവതങ്ങൾ ഭൂകമ്പത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കാനാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ഭൂകമ്പത്തിൽ നിന്നും പർവതങ്ങൾ ഭൂമിയെ രക്ഷിക്കുന്നില്ല എന്ന വസ്തുനിഷ്ഠമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിവർത്തനം സ്വീകരിക്കാൻ സാദ്ധ്യമല്ല. ഇതിന് വിരുദ്ധമായി മിക്ക ഭൂകമ്പങ്ങളുടെയും കേന്ദ്രബിന്ദു ഭൂമിക്ക് മുകളിൽ എഴുന്നു നിൽക്കുന്ന പർവതത്തിലും സ്ഥിതി ചെയ്യുന്നു എന്നതാണ്. അല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ സമുദ്രത്തിന്റെ അഗാധങ്ങളിൽ മറഞ്ഞുകിടക്കുന്ന അഗ്നി പർവതങ്ങളിലും ഉണ്ടാവറുണ്ട്. ദൈവത്തിന്റെ സൃഷ്ടിപ്രക്രിയക്ക് വിരുദ്ധമായ രീതിയിൽ ദൈവവചനങ്ങൾ വിവർത്തനം ചെയ്യുന്നത് ഉചിതമല്ല.

മദ്ദ, യമുദ്ദു എന്നീ എന്ന പദങ്ങളിൽ നിന്നും സംജാതമായ തമീദ ബിക്കും എന്ന പദം ഭക്ഷണത്തിന്നായുള്ള മേശ ഒരുക്കുക എന്ന മറ്റൊരർത്ഥവും സൂചിപ്പിക്കുന്നു. അങ്ങനെയാവുമ്പോൾ വിവർത്തനം ഇങ്ങനെ ആയിരിക്കണം. ‘നാം രൂഢമൂലമായ പർവതങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. കാരണം അവ നിങ്ങൾക്ക് ഭക്ഷണം നൽകുന്ന തിന്നുള്ള സ്രോതസ്സായി വർത്തിക്കുന്നു’.

ചുരുക്കത്തിൽ ഭൂമികുലുക്കത്തിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാനല്ല ദൈവം പർവതങ്ങളെ സൃഷ്ടിച്ചത്. മറിച്ച് ജീവന്റെ നിലനിൽപ്പ് പർവതങ്ങളുടെ അസ്തിത്വത്തെ ആശ്രയിച്ചാണ് എന്നത്കൊണ്ടാണ്. മൗസുൻ എന്ന പദത്തിന്റെ അർഥപ്രതീതി സൃഷ്ടിക്കുന്ന വിധം ജീവന്ന് ആവശ്യമായ ഭക്ഷ്യ ശൃഖലയുടെ സംവിധാനത്തെ പർവതങ്ങൾ പരിപൂർണമായും പരിപാലിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു.

ഭൂമിയുടെ ഉപരിതലത്തിൽ 30 ശതമാനം മാത്രമാണ് കരഭാഗമുള്ളത്. അത് തന്നെ അഞ്ച് ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബാക്കി 70 ശതമാനം ഭൂമിയുടെ ഉപരിതലം സമുദ്രവും തടാകങ്ങളുമാണ്. പക്ഷേ നാം കാണുന്ന ഈ ജലം മുഴുവനും അവിടെയില്ല. വാസ്തവത്തിൽ 75 ശതമാനം ജലവും ഐസ് രൂപത്തിൽ വടക്കൻ അർദ്ധഗോളത്തിൽ പർവതശിഖരങ്ങളിൽ ശേഖരിക്കപ്പെട്ടിരിക്കുന്നു. പർവതം ഉറഞ്ഞ ഖരജലത്തിന്റെ ഒരു ജലസംഭരണി പോലെ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഐസ് ഉരുകി അത് സമുദ്രജലത്തിലേക്ക് തിരിച്ച് ഒഴുകി നിലവിലുള്ള 30 ശതമാനം കരയും പൂർണമായും മുങ്ങിപ്പോകുമായിരുന്നു. അങ്ങനെ ഭൂമിയുടെ ഉപരിതലം മുഴുവൻ സമുദ്രംകൊണ്ട് ആവരണം ചെയ്യപ്പെടുമായിരുന്നു.

ഭൂമിയിലെ ജലത്തിന്റെ സന്തുലനം നിലനിർത്താൻ പർവ്വതങ്ങൾ നിർണായക പങ്കാണ് വഹിക്കുന്നത്. മനുഷ്യന്റെ ഉപയോഗത്തിന്നും സസ്യലോകത്തിന്റെ ജീവനത്തിനുമായുള്ള ജലശുദ്ധീകരണം പർവതങ്ങളുടെ സുപ്രധാനമായ മറ്റൊരു പ്രവർത്തനമാണ്. സമുദ്രത്തിൽ നിന്നു പർവതങ്ങളിലേക്കും അവിടെനിന്ന് തിരിച്ച് വീണ്ടും സമുദ്രത്തിലേക്കുമുള്ള ജലത്തിന്റെ പരിവൃത്തി പ്രക്രിയ ഒരു നീണ്ട കഥയാണ്. അതായത് ഈ ജലചക്രം ഭൂമിയിലെ സസ്യങ്ങളും ജീവികളും ഉപയോഗിക്കുകയും മലിന ജലം കടലിലേക്ക് തിരികെ ഒഴുകിപ്പോവുകയും ചെയ്യുന്നു.

പർവതങ്ങൾ ഈർപ്പ (Moister) പാതത്തിനും പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. ധ്രുവ പ്രദേശങ്ങളിലും ഉയരമുള്ള പർവതമേഖലകളിലും ജലവർഷണം മഴയേക്കാൾ കൂടുതലായി ഹിമപാതരൂപത്തിലാണ് ഉണ്ടാവുക. അവിടെ ഐസ് മഞ്ഞു പാളികളായും ഹിമാനികളായും (Glaciers) ജലം സാന്ദ്രീകരിച്ചു നിൽക്കുകയാണ്.

അവിടെ ഈ മഞ്ഞു മലകളിൽ നിരന്തരം ഭൂഗുരുത്വബലം പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കും. ഈ ഗുരുത്വബലം ഐസിന്റെ ബന്ധനസ്ഥമായ സ്ഥാനികോർജ്ജം (Potential Energy) മോചിപ്പിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. എവിടെയാണോ ഐസിന്റെ ഉപരിതലത്തിൽ മർദ്ദം കൂടുതലായി പ്രയോഗിക്കപ്പെടുന്നത് അവിടെ താപം വർദ്ധിക്കുകയും ഐസ് ഉരുകാൻ തുടങ്ങുകയും ചെയ്യുന്നു എന്നത് പ്രകൃതി നിയമമാണ്. ഇവിടെ താപം -60 ഡിഗ്രി വരെ താഴുന്ന സ്ഥലമുണ്ട്. ഹിമാനികളുടെ അടിഭാഗം എപ്പോഴും ഉരുകികൊണ്ടിരിക്കും. ഉന്നതമായ മർദ്ദത്തിന്റെ ഫലമായി ഒരു ഹിമാനിയുടെ അടിഭാഗം സ്പർശിക്കുന്ന പർവതത്തിന്റെ ഉപരിഭാഗത്തെ താപം ഉയരുകയും ഹിമാനി ഉരുകാൻ ആരംഭിക്കുകയും ചെയ്യും. അങ്ങനെ പർവതത്തിന് മീതെ കിടക്കുന്ന ഹിമാനിയുടെ പർവതവുമായുള്ള മുഴുവൻ പിടിയും വിട്ടു പോവുകയും അത് താഴേക്ക് പതിക്കാൻ ആരംഭിക്കുകയും ചെയ്യും. അത് താഴേക്ക് പതിക്കുന്നതിനനുസരിച്ച് വലിയ കരിങ്കല്ലുകളും പാറക്കഷണങ്ങളും കൂട്ടത്തിൽ താഴെയെത്തുകയും അതിന്റെ താഴെക്കുള്ള കുത്തി ഒഴുക്കിൽ എല്ലാ തടസ്സങ്ങളും തട്ടി നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി കരിങ്കല്ലുകളും പാറക്കഷണങ്ങളും മുതലായവ പൊടിഞ്ഞു ചെറിയ കല്ലുകളും കൽത്തരികളുമായി മാറുന്നു. അവസാനമായി ഉപ്പ് തരികളും സൃഷ്ടിക്കപ്പെടുന്നു.

എന്നാൽ ഈ നിയമ പ്രകാരം സമുദ്രത്തിലെ മുഴുവൻ ജലവും പർവതങ്ങളിലേക്കോ ധ്രുവങ്ങളിലേക്കോ മാറ്റപ്പെടുകയും സകലജലവും ഹിമസമുദ്രങ്ങളായി രൂപാന്തരപ്പെടുമെന്നതിനാൽ മനുഷ്യ സമൂഹത്തിന്റെ അസ്തിത്വം തന്നെ ഇല്ലാതാവുകയും ചെയ്യുമായിരുന്നു.

ജീവന് സഹായകമായി പർവതങ്ങൾ നിർവ്വഹിക്കുന്ന മറ്റൊരു ധർമ്മം അത് ഭൂമിയിലെ മണ്ണിനെ വിവിധ രീതിയിൽ ഫലഭൂയിഷ്ടമാക്കുന്നു എന്നതാണ്. പല വിധത്തിലുള്ള അമോണിയം ലവണങ്ങൾ അടങ്ങിയ ക്രിത്രിമവളങ്ങൾ ഉപയോഗിച്ചാണ് നാം മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നതെന്നോർക്കണം. അത്യധികം വൈദ്യുതപരമായി ചാർജ്ജ് ചെയ്യപ്പെട്ട മഴമേഘങ്ങൾ ശക്തമായ വായൂ പ്രവാഹത്താൽ പർവതങ്ങളിലേക്ക് ചലിപ്പിക്കപ്പെടുമ്പോൾ, അത് ഒരു വിദ്യുത് പ്രവാഹമായും മിന്നൽ പിണരായും ഇടിനാദമായും മാറി മഴകണങ്ങളെയും നൈട്രജൻ വാതകങ്ങളേയും വിഘടിപ്പിച്ച് വിധങ്ങളായ അമോണിയം ലവണങ്ങളാക്കി മാറ്റുന്നു. അവ മഴയേയോ മഞ്ഞിനേയോ പോഷക സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. ചില കണക്കുകൾ വ്യക്തമാക്കുന്നത് മനുഷ്യനിർമ്മിതമായിട്ടുള്ള ലോകത്തെ മുഴുവൻ വ്യവസായ ശാലകളിലും ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന വളങ്ങൾക്ക് തുല്യമായ വളം ഈ പ്രക്രിയ മുഖേന ഒരു മണികൂർ കൊണ്ട് നിർമ്മിക്കപ്പെടും എന്നാണ്.

ഇത്തരം പ്രകൃതി പ്രതിഭാസങ്ങളുടെ പ്രവർത്തനങ്ങളെ പറ്റിയുള്ള ഒരു വിശദമായ പഠനം, മനുഷ്യ ജീവിതത്തിൽ പർവതങ്ങളുടെ അനുഗ്രങ്ങളെ പറ്റി ഖുർആനിൽ കാണുന്ന ജ്ഞാനസമ്പത്തിന്ന് യഥാർത്ഥത്തിലുള്ള ഒരു വിവരണം നല്കാനാവും. സൂറ: ഹാം മീം അൽ സജദ യിൽ നിന്നുള്ള ഒരു വചനം ഉദ്ധരിക്കാം.

**'അവൻ അതിന്റെ ഉപരിതലത്തിൽ ഉറച്ച മലകൾ സ്ഥാപിച്ചു. അതിൽ അനുഗ്രഹങ്ങൾ നിക്ഷേപിക്കുകയും ചെയ്തു. അവനതിൽ നാലുഘട്ടങ്ങളിലായി അതിലെ വിഭവങ്ങൾ ശരിയായ അളവിൽ തുലനപ്പെടുത്തുകയും എല്ലാ അന്വേഷകന്മാർക്കും നിർണയിക്കുകയും ചെയ്തിരിക്കുന്നു.'** (സൂറ: ഹാമീം സജ്ദ 41: 11)

ചുരുക്കത്തിൽ നാം ഭൂമിയുടെ കാര്യങ്ങൾ നിർവഹിക്കപ്പെടുകയും ആകാശങ്ങൾ ഭരിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ പ്രകൃതി നിയമങ്ങളുടെ പ്രകടനങ്ങൾ നിരീക്ഷിച്ചാൽ പരിപൂർണമായ സ്വരൈക്യവും ഏകോപനവും സന്തുലനവും കാണാനാവും. പകലിൽ നിന്ന് രാവിലേക്കും രാവിൽ നിന്ന് പകലിലേക്കുമുള്ള മാറ്റങ്ങൾ വസന്തത്തിൽ നിന്ന് ഗ്രീഷ്മത്തിലേക്കും ഹേമന്തത്തിൽ നിന്ന് ശിശിരത്തിലേക്കുമുള്ള ഋതുക്കളുടെ സംക്രമണങ്ങൾ ചൂടിൽ നിന്ന് തണുപ്പിലേക്കുള്ള പരിവർത്തനങ്ങൾ മുതലായവയെല്ലാം ഭൂമിയിലെ ജീവ വ്യവസ്ഥയിൽ അഗാധമായ പ്രഭാവങ്ങളാണ് ഉണ്ടാക്കുന്നത്.

# മനുഷ്യ ജീവിതം: ഖുർആനികമായ ഒരു പാരിസ്ഥിതിക നിരീക്ഷണം

മനുഷ്യൻ അന്യജീവി സമൂഹങ്ങളുമായി സൗഹൃദപരമായ സഹജീവനം നടത്താനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ദൈവം സൃഷ്ടിച്ച പ്രക്രൃതിക്കു മേൽ അധീശത്വം നടത്താൻ മനുഷ്യന്ന് അധികാരമില്ലെന്ന് ലേഖകൻ സമർത്ഥിക്കുന്നു. ലേഖകന്റെ വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിലുള്ള പാരിസ്ഥിതിക ദർശനമാണ് അവതരിപ്പിക്കുന്നത്. ബാംഗലൂരിലെ തിയോളജിക്കൽ കോളേജിലെ ഡിപാർട്ട്മെന്റ് ഓഫ് റിലീജിയൻ ആന്റ് കൾചറൽ വിഭാഗത്തിലെ ലക്ചറാണ് ലേഖകൻ. വിവ: മൗലവി ആരിഫ് മുഹമ്മദ്.

## ജോസ് എബ്രഹാം

### ആമുഖം

അതിഭയാനകമായ പാരിസ്ഥിതിക വിനാശത്തിന്റെ പടിവാതിക്കലാണ് നാം. നമ്മുടെ ഭൂമി അതിശീഘ്രം നശിച്ചു കൊണ്ടിരിക്കുന്നു. നാം ഉപയോഗിക്കുന്ന തോതിനനുസരിച്ചു വിഭവങ്ങൾ നിലനിർത്താൻ അതിന്ന് സാധ്യമല്ല, അതിനാൽ നാമും മറ്റു സൃഷ്ടിജാലങ്ങളും തമ്മിലുള്ള ബന്ധം ഗൗരവതരമയ അസന്തുലിതത്തിലായിരിക്കുകയാണ് ഈ അവസ്ഥയുടെ പ്രത്യക്ഷ പ്രകടനങ്ങൾ ഹാനികരമായ –വിഷമമയമായ രാസപദാർത്ഥങ്ങൾ, റേഡിയോ ആക്റ്റീവ് മാലിന്യങ്ങൾ, മണ്ണൊലിപ്പ്, ലവണത്വ വത്ക്കരണം(സാലിനേഷൻ), മരുഭൂ വത്ക്കരണം, വനനശീകരണം സസ്യമൃഗാദികളുടെ വംശനാശം ആഗോളതാപനം, അത്യധികമായ ഊർജോപഭോഗം, ന്യൂക്ലിയർ ഒബ്ലീടറേഷൻ തുടങ്ങിയവയിലൂടെയുള്ള വായു ജലം മണ്ണ് എന്നിവിടെ മലിനികരണവും ഉൾക്കൊള്ളുന്നു. ഈ അവസ്ഥയെ കാര്യക്ഷമമായി നേരിട്ടില്ലെങ്കിൽ ജീവജാലങ്ങളൂടെ അനന്തര തലമുറക്ക് വാസയോഗ്യമായ ഭൂമി പോലും ഇല്ലാത്ത അവസ്ഥ നേരിടേണ്ടി വരും. ഇതിനു പുറമേ പരിസ്ഥിതി നാശവും സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ അസമത്വങ്ങളും തമ്മിൽ ഒരു ജൈവ ബന്ധമുള്ളതിനാൽ പാരിസ്ഥിതിക പ്രതിസന്ധി പൊതുവിൽ എല്ലാവരെയും ബാധിക്കുമെങ്കിലും ഏറ്റവും കൂടുതൽ ദുരന്തത്തിന്നിരയാവുന്നത് പാവപെട്ടവരും അധ:കൃത വർഗ്ഗങ്ങളുമാണ്. ആയതിനാൽ ഇത്തരം പാരിസ്ഥിതിക ശോഷണങ്ങളെ നേരിടാൻ ആഗോള തലത്തിൽ പ്രകടമായ ഒരാശങ്ക വർദ്ധിച്ചു വരുന്നതായി കാണാം.

കലുഷിതമായിക്കൊണ്ടിരിക്കുന്ന ഈ പാരിസ്ഥിതിക പ്രതിസന്ധിക്ക് നാനാവിധത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. വ്യത്യസ്ഥ വീക്ഷണങ്ങളിലൂടെ ശാസ്ത്രജ്ഞരും സാമുഹ്യശാസ്തജ്ഞരും തത്വചിന്തകരും നരവംശ ശാസ്ത്രജ്ഞരുമെല്ലാം വിവിധ രീതിയിലാണ് ഇതിനോട് പതികരിച്ചത്. പാരിസ്ഥിതിക പ്രതിസന്ധി ഒരു സങ്കീർണ്ണ പ്രശ്നം എന്ന നിലക്ക് മേശപ്പെട്ട സാങ്കേതിക വിദ്യ, അപര്യാപത്മായ സാമൂഹിക വികസന മാതൃകകൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ ഇതിൽ ഉൾചേർന്നിരിക്കുന്നു. അതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള ഓരോ പ്രതികരണങ്ങളും പ്രാധാന്യമർഹിക്കുന്നതാണ് കാരണം ഈ ഓരോ പ്രതികരണങ്ങളും പ്രശ്നത്തിന്റെ വിവിധ വശങ്ങളെയാണ് നേരിടുന്നത്.

സൃഷ്ടിപ്പിനെക്കുറിച്ചുള്ള കാഴ്ചപ്പാട് അല്ലെങ്കിൽ അവബോധം ജനങ്ങൾക്ക് പ്രകൃതിയോടുള്ള മനോഭവം നിർണ്ണയിക്കുന്നതിലുള്ള പ്രധാന ഘടകങ്ങളാണ്. അതിനാൽ ഇത് പാരിസ്ഥിതിക ചർച്ചകളിലെ ഒരു സുപ്രധാന വിഷയമാണ്. ഒരു ഭാഗത്ത് പ്രകൃതി മനുഷ്യനെ സേവിക്കാൻ വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ അത് പരിധികളിലാത്ത പ്രകൃതി ചൂഷണത്തെ ന്യായീകരിച്ചേക്കാം. എന്നാൽ മറുഭാഗത്ത് പ്രകൃതിക്ക് അതിന്റേതായ മൂല്യമുണ്ടെന്ന് മനസ്സിലാക്കുമ്പോൾ അത് ബഹുമാനിക്കപ്പെടുകയും ശരിയാം വണ്ണം പ്രയോഗിക്കപ്പെടുകയും ചെയ്യും. ഞാനൊരു ഇസ്ലാമിക പഠന താരതമ്യ ശാസ്ത്ര വിദ്യാർത്ഥിയായതിനാൽ സൃഷ്ടിപ്പിനെക്കുറിച്ചുള്ള വീക്ഷത്തെ ഗൗരവതരമായി കണക്കിലെടുകൊണ്ട് വർദ്ധിച്ചു വരുന്ന പാരിസ്തിക പ്രശ്നങ്ങളോടുള്ള ഇസ്ലാമിക പ്രതികരണം വ്യക്തമാക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.


### ഖുർആനിലെ സൃഷ്ടിസിദ്ധാന്തം

ഖൽഖ്, ബറഅ , സവ്വറ, ജഅല, ബാദഅ, ഫതറ മുതലായ നിരവധി പദങ്ങൾ സൃഷ്ടിപ്പിനെക്കുറിച്ച് കുറിക്കാൻ ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്. **'ഖലഖ'** എന്ന ക്രിയയുടെ നാമരൂപമാണ് ഖൽഖ് ഇത് ഖുർആനിൽ 249 സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ലെയ്നിന്റെ അറബി– ഇംഗ്ലീഷ് ശബ്ദ കോശ പ്രകാരം അളക്കുക, നിർണ്ണയിക്കുക, മൂല്യം നിർണ്ണയിക്കുക കണക്കു കൂട്ടുക തുടങ്ങിയ പ്രവൃത്തികളെയാണ് ഖൽഖ് എന്ന കൊണ്ട് സൂചിപ്പിക്കുന്നത്. സൃഷ്ടിപ്പ് എന്ന പ്രവൃത്തിയെ അതിന്റെ സമഗ്രമായ അർത്ഥത്തിലും ഖുർആനിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. അറബി സാഹിത്യത്തിൽ ഖൽഖ് ഒരു ദൈവിക പ്രവർത്തിയായാണ് കണക്കാക്കപ്പെടുന്നത്. **അൽ ഖാലിഖ്** അഥവാ സ്രഷ്ടാവ് എന്നത് ഖുർആനിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ഒരു ഗുണനാമങ്ങളിലൊന്നാണ്. പൊട്ടലുകളും വിള്ളലുകളും ഇല്ലാത്ത നിലയിൽ മിനുസപ്പെടുത്തുകയും മിനുക്കുകയും ചെയ്യുക എന്ന അർത്ഥവും കൂടി ഈ പദം വഹിക്കുന്നു. അതിനാൽ ഖുർആന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കുക എന്ന പ്രവർത്തി ഒരു പ്രക്രിയയാണ്. അത് ഏതെങ്കിലും നിമിഷത്തേക്കു മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ദൈവം എന്നും സജീവനും ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് എല്ലാറ്റിനേയും വികസിപ്പിച്ചുകൊണ്ട് സൃഷ്ടി കർമ്മം അന

സ്യൂതം തുടർന്നു കൊണ്ടു പോകുന്ന വനുമാണ്.

സൃഷ്ടിയെ കുറിക്കാൻ ഖുർആനിൽ പ്രയുക്തമായ മറ്റൊരു പദം **ബറഅ** ആണ്. ഉണ്ടാക്കുക, രൂപീകരിക്കുക, ആകാരം നൽകുക എന്നൊക്കെയാണ് അർത്ഥം. എഴുതാനുപയോഗിക്കുന്ന മുളന്തണ്ട്, അമ്പ്, വടി, മരത്തടി തുടങ്ങിയവ രൂപപ്പെടുത്തലിന്നാണ് അറബികൾ പൊതുവേ ഈ പദം ഉപയോഗിക്കുന്നത്. **അൻസാൻ** ആകാരം നൽകുന്നവൻ എന്നത് ഖുർആനിലെ ദൈവനാമങ്ങളിൽ ഒന്നാണ്. **ഖലഖ** എന്ന പദത്തിന്നു സമാനമായി രൂപികരിക്കുക, ആകാരം നൽകുക, കൊത്തിയെടുക്കുക ചിത്രണം ചെയ്യുക എന്നൊക്കെയാണ് അർത്ഥം. **അൽമുസവ്വിർ** അഥവാ രൂപസന്ദായകൻ എന്നതും ഖുർആൻ വിവരിക്കുന്ന ദൈവിക ഗുണനാമമാണ്. ആകാരവും വർണ്ണവും നൽകികൊണ്ട് തന്റെ സൃഷ്ടിയെ അവൻ രൂപീകരിക്കകുകയും ഒരോ ജീവിയുടേയും സങ്കീർണ്ണമായ ആത്മീയ ഭൗതികാസ്തിത്വത്തിന്റെ ഓരോ സൂക്ഷ്മാംശവും അവക്ക് നൽകുകയും പുറമേയുള്ള സൃഷ്ടി ലോകവുമായി പൂർണ്ണമായി ചേർന്നിരിക്കുന്ന രീതിയിൽ ഓരോ വസ്തുക്കളും സവിശേഷമായ രീതിയിൽ രുപകൽപന ചെയ്യപ്പെട്ടിരിക്കുന്നു.

ഖുർആനിൽ 345 തവണയാണ് **ജഅല** എന്ന പദം സൃഷ്ടികർമ്മത്തെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം നിർമ്മിക്കുക, ഉണ്ടാക്കുക, രൂപീകരിക്കുക, സൃഷ്ടിക്കുക എന്ന അർത്ഥത്തിലാണ് ഖുർആനിൽ ഈ പദം പ്രയുക്തമായിരിക്കുന്നത്. ഇതിന്റെ അർത്ഥം നിർമ്മിക്കുക, ഉണ്ടാക്കുക രൂപീകരിക്കുക സൃഷ്ടിക്കുക തയ്യാറാക്കുക എന്നൊക്കെയാണ്. പുതിയ രൂപം നൽകുക എന്ന അർത്ഥത്തിലാണ് ഖുർആനിലെ ഈ പദം ഉപയുക്ത്മായിരിക്കുന്നത്. അതായത് ഖുർആനിക വെളിച്ചത്തിൽ വർണ്ണം, രൂപം, ബാഹ്യഘടന, സവിശേഷ കർത്തവ്യങ്ങൾ ഏൽപ്പിക്കുക എന്നീ പ്രക്രിയകളൊക്കെ തന്നെയും സൃഷ്ടികർമ്മത്തിൽ ഉൾക്കൊള്ളുന്നു. ഖുർആനിൽ 14 തവണ ഉപയുകത്മായ **ബദഅ** ഒരു



കാര്യം ഏൽപ്പിക്കുക, നിലവിൽ കൊണ്ട് വരിക, അല്ലെങ്കിൽ ആദ്യമായി ഉണ്ടാക്കുക, എന്നൊക്കെയാണ് അർത്ഥം മുൻമാതൃകയില്ലാതെ ഒരു വസ്തുവിനെ സൃഷ്ടിക്കുന്നതിനെ കുറിക്കാനാണ് ഖുർആനിൽ ഈ പദം ഉപയോഗച്ചിരിക്കന്നത്. ഉദ്ഭാവകൻ എന്ന അർത്ഥമുള്ള **അൽ ബാദി** എന്നതും ഖുർആനിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മറ്റൊരു നാമമാണ് **ഫതറ** എന്ന പദം ഖുർ ആനിൽ 20 തവണയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. **ബദഅ** യെ പോലെ തന്നെ എന്തെങ്കിലും ആദ്യമായി കൊണ്ടു വരുന്നതിനെയോ ഉൽപ്പാദിപ്പിക്കുന്നതിനെയോ തന്നെയാണ് ഈ പദവും കുറിക്കുന്നത്.

ഖുർആനികാടിസ്ഥാനത്തിൽ എല്ലാ വസ്തുക്കളുടേയും ഉദ്ഭവം **കുൻ** അഥവാ ഉണ്ടാവുക എന്ന ദൈവിക കൽപന യിൽ നിന്നുമാണ്. ദൈവകൽപന അവന്റെ ഇച്ഛയുടെ –ഉദ്ദേശ്യത്തിന്റെ– ഇംഗിതത്തിന്റെ പ്രകടരൂപമാണ്. ഇത് അർഥമാക്കുന്നത്, സൃഷ്ടികർമ്മം ഒരാകസ്മികതയല്ലെന്നും കൃത്യമായ ദൈവികോദ്ദേശത്തിൽ ഉൽഭവിച്ചതാണെന്നുമാണ്. വ്യക്തമായെരു ലക്ഷ്യമില്ലാതെ വ്യർത്ഥമായോ കളിതമാശയായോ അവനൊന്നും സൃഷടിച്ചിട്ടില്ല തന്നെ. ഇത് സൃഷ്ടികൾക്ക് ആകമാനം മൂല്യവും പ്രാധാന്യവും കൊണ്ടു വരുന്നു.

ഖുർആനിക വീക്ഷണത്തിൽ സ്രഷ്ടാവും അവന്റെ സൃഷ്ടിയും തമ്മിൽ നിയത നിർവചിതമായൊരു ബന്ധമുണ്ട്. തൗഹീദ് അഥവാ ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം വിശുദ്ധ ഖുർആന്റെ മൗലിക സിദ്ധാന്തമാണ്. ദൈവമാണ് ഏകമായ യാഥാർത്ഥ്യമെന്ന് തൗഹീദ് പ്രമാണീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. അങ്ങനെ സൃഷ്ടികർമ്മം ദൈവിക സത്തയുടെ ഭാഗവും ദൈവത്തിന്റെ പ്രത്യക്ഷ പ്രകടനവുമാണ്. സൃഷ്ടി കർമ്മം ദൈവികമായ ഏകത്വത്തിൽ നിന്നും പുറപ്പെടുന്നതിനാൽ എല്ലാ ജീവജാലങ്ങളുടെയും അടിസ്ഥാനപരമായ ഐക്യത്തെയാണ് ഇത് പഠിപ്പിക്കുന്നത്. ഇത് സൃഷ്ടിപ്പിന്റെ പൂർണ്ണതയും ദിവ്യത്വവും ഉറപ്പിക്കുകയും സൃഷ്ടി കർമ്മത്തിന്ന് മൂല്യം നൽകുകയും ചെയ്യുന്നു. മനുഷ്യനെ പ്രകൃതിയിൽ നിന്നും വ്യതിരിക്തനാക്കുന്ന –പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് നിദാനമാകുന്ന, പ്രകൃതിയെ തിന്മയായും കീഴ്പ്പെടുത്തേണ്ടതായും കണക്കാക്കാവുന്ന എല്ലാവിധ ദ്വിവിധ ഭാവങ്ങളെയും നിരാകരിക്കുന്നു.

**മുഹീത്ത്** എന്നാണ് ഖുർആൻ നമുക്ക് ദൈവത്തെക്കുറിച്ച് പറഞ്ഞു തരുന്നത് എല്ലാറ്റിനേയും സൂക്ഷ്മാണുക്കൾ മുതൽ അതി ഭീമാമാകായന്മാരായ ജന്തുക്കൾ വരെ ഭൂമിലെ നാനാവിധത്തിലുള്ള ജീവജാലങ്ങൾക്കുമുള്ള നിലനിൽപ്പിനും വളർച്ചക്കും ആവശ്യമായ സകലതും ദൈവം സജ്ജീകരിച്ചിരിക്കുന്നുവെന്നാണ് ഖുർആൻ പ്രസ്താവിക്കുന്നത് ഈ സജ്ജീകരണങ്ങൾ ജീവന്റെ എല്ലാ അവസ്ഥകളിലും ഘട്ടങ്ങളിലും അവയുടെ ആവശ്യാനുസരണം ലഭ്യമാക്കപ്പെട്ടിരിക്കുന്നു. മുമ്പ് വിശദീകരിച്ചത് പോലെ, ദൈവം എല്ലാറ്റിനെയും ഒരു പ്രത്യേക ലക്ഷ്യത്തിന്നായാണ് സൃഷ്ടിച്ചിരിക്കുന്നത് ആകയാൽ ഉപയോഗ്യ

മല്ലാത്ത ഒന്നും തന്നെ നിലനിൽക്കുന്നില്ല. ഇതിന്റെ അർത്ഥം എല്ലാ വസ്തുക്കളും ഒരു മഹത്തായ ജീവിത പദ്ധതിയിൽ കൃത്യമായി ഇണങ്ങി ചേരുന്നു എന്നാണ്. എല്ലാറ്റിന്നും ജീവിതത്തിന് അതിന്റേതായ മൂല്യമുണ്ടെന്ന് ചുരുക്കം. ജീവന്റെ തുടർച്ച ചെറുതും വലുതുമായ എല്ലാറ്റിന്റെയും നിലനിൽപ്പ് സുപ്രധാനമാണ്. ഇത് ഒരു ജീവി വർഗ്ഗത്തിന്ന് മറ്റൊന്നിന്മേലുള്ള മേൽകോഴ്മയേയും പ്രാധാന്യത്തെയും നിഷേധിക്കുന്നു. ഈ സമഗ്രമായ വീക്ഷണത്തിൽ മനുഷ്യൻ പ്രപഞ്ചത്തിലെ ഇതര സൃഷ്ടി രാശിയിലെ ഒരു കണ്ണിയാണെന്ന് വരുന്നു.

## മനുഷ്യേതര സൃഷ്ടിയുടെ സ്ഥാനം

ലോകം ദൈവിക അടയാളങ്ങളാൽ തിങ്ങിനിറഞ്ഞിരിക്കയാണെന്നാണ് വിശുദ്ധ ഖുർആൻ പറഞ്ഞുതരുന്നത്, അറബി ഭാഷയിൽ ആയത്ത് എന്നാൽ ഒരു വ്യക്തിയെ അല്ലെങ്കിൽ വസ്തുവിനെ അറിയാൻ അല്ലെങ്കിൽ ഗ്രഹിക്കാൻ കഴിയുന്ന ചിഹ്നം സ്മാരകം, അടയാളം എന്നൊക്കെയാണ്. ഈ പദം ഖുർആനിൽ ഏകദേശം 400 തവണയാണ് ഉപയോഗിച്ചിരിക്കുന്നത്. ഓരോ സൃഷ്ടിയേയും **ആയത്തുല്ലാഹ്** എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ആയത്തിന്റെ മേൽ പറഞ്ഞ അർത്ഥം നമ്മുടെ ചർച്ചക്ക് വിഷയോചിതമാണ്. കാരണം പ്രകൃതി ദൈവത്തിന്റെ ആയത്താണെങ്കിൽ അതിനെ തിരിച്ചറിഞ്ഞവൻ ദൈവത്തെ തിരിച്ചറിഞ്ഞു.

ഖുർആനിക വീക്ഷണത്തിൽ ആകാശ നക്ഷത്രങ്ങളുടെയും (നക്ഷത്രങ്ങളും സൂര്യചന്ദ്രന്മാരും) ഭൂമിയിലെ (പർവ്വതങ്ങളും സസ്യമൃഗാദികളും) സകലതും അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരിക്കുന്നു. അവന്റെ സ്തുത്യർഹതയെ പ്രകീർത്തിക്കാത്തതായി ഒന്നും തന്നെയില്ല. ദൈവം സൃഷ്ടിച്ച എല്ലാ വസ്തുക്കളും അവനെ സാഷ്ടാംഗാം പ്രണമിക്കുകയും അവന്റെ ഇച്ഛകൾക്കും കൽപനകൾക്കും പരിപൂർണ്ണവിധേയത്വം കാണിക്കുകയും ചെയ്യുന്നു. അങ്ങനെ സകല സൃഷ്ടികളെയും **മുസ്‌ലിം** ആയിട്ടാണ് ഖുർആനിൽ ഗണിക്കപ്പെട്ടിരിക്കുന്നത്. അവയൊക്കെയും ദൈവേച്ഛയെ പരിപൂർണമായും അനുസരിക്കുന്നവനും ദൈവനിയമത്തിനനുസൃതമായി ചരിക്കുന്നവരുമത്രെ.

ഒരു മുസ്‌ലിമിന്റെ ആത്മീയ ജീവിതം പ്രകൃതിയുടെ താളത്തിനനുസരിച്ചാണ് ചലിക്കുന്നത്. അവന്റെ അല്ലെങ്കിൽ അവളുടെ പ്രാർത്ഥനാ സമയങ്ങൾ സൂര്യന്റെ സ്ഥാനവുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ മതാരാധനകൾ അനുഷ്ഠിക്കാൻ ഒരു മുസ്‌ലിമിന്ന് തന്റെ ബാഹ്യപരിസ്ഥിതിയുമായി സവിശേഷ ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതിനു പുറമേ വ്രതാനുഷ്ഠാനത്തിന്നും മക്കയിലേക്കുള്ള തീർത്ഥാടനത്തിന്നും (ഹജ്ജ്) സമയം കണക്കാനുപയോഗിക്കുന്ന ഇസ്‌ലാമിക കലണ്ടർ ചന്ദ്രനെയാണ് പിന്തുടരുന്നത്. അങ്ങനെ ഒരു മുസ്‌ലിം തന്റെ മതാനുഷ്ഠാനത്തിന്റെ ഭാഗമായി സൂര്യചന്ദ്രന്മാരുടെ ചലനങ്ങളെ നിരീക്ഷിക്കാൻ നിർബന്ധിതനാകുന്നു. പ്രകൃതി നമസ്ക്കാരാനുഷ്ഠാനത്തിന്റെ ദിശാബോധം നൽകുന്ന ദിവ്യസ്ഥാനമത്രെ പള്ളി ഒരിക്കലും തന്നെ പ്രാർത്ഥനയുടെ പ്രകൃത്യാതീതസ്ഥലം സൃഷ്ടിക്കുന്നുമില്ല. അങ്ങനെ പ്രകൃതി മനുഷ്യന്റെ ദൈവാന്വേഷണ വഴിയിലെ പ്രതിയോഗിയല്ല. മറിച്ച് സഹചാരിയാണ്.

ഖുർആനിക വീക്ഷണത്തിൽ സകല വസ്തുക്കളും മനുഷ്യനെപോലെ തന്നെ സമൂഹങ്ങളായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ ദൈവം സൃഷ്ടിച്ച എല്ലാ സമുദായങ്ങളെക്കുറിച്ചും ബദ്ധശ്രദ്ധനാണ് അവൻ. എല്ലാ ജീവജാലങ്ങളെയും നിലനിർത്തുകയും അവയുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. 'ഭൂമിയിൽ നടക്കുന്ന ഏതു മൃഗവും രണ്ട് ചിറക്കൊണ്ട് പറക്കുന്ന ഏതു പറവയും നിങ്ങളുടേതു പോലെയുള്ള സമൂഹങ്ങൾ തന്നെയാണ്. നാം ഈ ഗ്രന്ഥത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല്. പിന്നീട് അവന്റെ നാഥങ്കലേക്ക് അവരെയെല്ലാം ഒരുമിച്ചു കൂട്ടുന്നതാണ്.' എന്ന ആയത്തിനെ പരാമർശിച്ചു കൊണ്ട് ഇതേ വിശദീകരണം തന്നെയാണ് നൽകുന്നത്. അതിനാൽ മാനുഷിക പരാമർശം കൂടാതെ തന്നെ ഓരോ സൃഷ്ടിക്കും അതിന്റെതായ മൂല്യമുണ്ട്.

## മനുഷ്യേതര സൃഷ്ടികളുടെ കീഴ്‌വഴക്കം

ഖുർആന്റെ അഭിപ്രായത്തിൽ ആകാശത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളും മനുഷ്യന്റെ ഉപയോഗത്തിനായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനും മനുഷ്യേതര ജീവികളും തമ്മിലുള്ള ബന്ധം നിർവ്വചിക്കാൻ **സഖ്ഖറ** എന്ന പദമാണ് ഖുർആൻ ഉപയോഗിച്ചിരിക്കുന്നത്. **സഖ്ഖറ** എന്നാൽ ഒരു ഭൃത്യനെയോ ഒരു ജന്തുവിനെയോ ബലം പ്രയോഗിച്ച് നിയന്ത്രിക്കുകയോ ഇഷ്ടമില്ലാത്ത ഒരു കാര്യം നിർബന്ധിച്ച് ചെയ്യിക്കുകയോ ആണ്. അതായത് അധീനതയിലാക്കുക, നിയന്ത്രണത്തിൽ കൊണ്ട്വരികയോ വരുതിലാക്കുയോ നിയന്ത്രണത്തിൽ നിന്നും മോചനം അസാദ്ധ്യമായ അവസ്ഥയിലാക്കുക എന്നൊക്കെയാണ് അർത്ഥം. ഖുർആൻ **സഖ്ഖറ** എന്നത് ദൈവത്തിന്റെ പ്രവർത്തിയായിട്ടാണ് കണക്കാക്കുന്നത്. നാം നേരത്തെ മനസ്സിലാക്കിയത് പോലെ ഒരോ സൃഷ്ടിക്കും അതിന്റേതായ സ്ഥാനമുണ്ട്. മനുഷ്യനെ സേവിക്കാൻ മാത്രമാണ് അവ സൃഷ്ടിക്കപ്പെട്ടതെന്നതിന്ന് ഖുർആനിൽ നിന്നും ഒരു തെളിവും കാണിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഗവേഷകന്മാർ **സഖ്ഖറ** എന്ന പദത്തെ അതിന്റെ ശബ്ദാർത്ഥത്തിൽ നിന്ന് വിഭിന്നമായി പുനർവ്യാഖാനിച്ചത്. അതായത് **സഖ്ഖറ** എന്നാൽ കീഴ്‌വഴക്കം എന്ന അർത്ഥത്തിൽ

ഐറിസ് സഫ്‌വാന്റെ അഭിപ്രായത്തിൽ **സഖ്ഖറ** എന്ന അറബി പദത്തിന്റെ അർത്ഥം വിധേയപ്പെടുത്തുക എന്നല്ല മറിച്ച് പ്രയോജനകരമായ ഇടപാടിലേക്ക് മാറ്റുക, ഉപയോഗിക്കുക എന്നൊക്കെയാണ്. ഈ അർത്ഥത്തെ അംഗീകരിച്ചു കൊണ്ട് മനുഷ്യനും ഇതര സൃഷ്ടിയും തമ്മിലുള്ള ബന്ധം അധീശത്വത്തിന്റെയും ചൂഷണത്തിന്റെയും അടിസ്ഥാനത്തിലല്ലെന്നും മറിച്ച് ദൈവം മനുഷ്യന് ഏൽപ്പിച്ചിട്ടുള്ള വിശ്വാസത്തിന്റെ (ഉത്തരവാദിത്വത്തിന്റെ–അമാനത്തിന്റെ) അടിസ്ഥാനത്തിലുള്ളതാണ്. മനുഷ്യന് മറ്റു വസ്തുക്കൾക്കുള്ള കീഴ്‌വഴക്കത്തെ അധിനിവേശന്നും ചൂഷണത്തിന്നുമുള്ള അംഗീകാരമായി കാണുകയാണെങ്കിൽ അത് ദൈവത്തെ പരിഹസിക്കലാണ്. മനുഷ്യർക്ക് ദൈവത്തി

ന്റെ പ്രതിനിധി എന്ന നിലക്കുള്ള ഉത്തരവാദിത്വത്തെ ഗൗരവമായി കണക്കിലെടുത്ത്കൊണ്ട് ഈ പദത്തിന്റെ അർത്ഥം ഇങ്ങിനെ വിശദീകരിക്കാം. **സഖ്ഖറ** എന്നാൽപ്രകൃതിയെ കീഴ്ടക്കുകയോ ചൂഷണം ചെയ്യലോ അല്ല. മറിച്ച് ദൈവിക നിയമിത്തിന്റെയും മനുഷ്യന്ന് ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലുള്ള ഉത്തര വാദത്തിത്വത്തിന്റെ ബന്ധമാണ്.

ഈ അന്തർ ദൃഷ്ടികൾ പ്രകൃതിയെ നമുക്ക് മനുഷ്യപ്രവൃത്തിയുടെ ഉപഭോഗ വസ്തുവായിമാത്രമായി കാണാൻ കഴിയില്ലെന്നാണ് വ്യക്തമാക്കുന്നത്. അങ്ങനെ പ്രകൃതിയുമായുള്ള ഒരു കർത്തൃ കർമ്മ അഥവാ വ്യക്തി-വസ്തു ബന്ധം ന്യായീകരിക്കാവതല്ല. പ്രകൃതിയെ വസ്തു നിഷ്ഠാപരമായി മാത്രം കണ്ടാൽ പിന്നെ അതിന്റെ മൗലിക മൂല്യത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് മനുഷ്യന്റെ ഉപകരണ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രകൃതിയുമായുള്ള ഒരു വൈയക്തിക ബന്ധം നമുക്ക് പ്രകൃതിയോടുള്ള ബഹുമാനത്തേയാണ് കുറിക്കുന്നത്. ഇത് നമ്മെ അവസാനം പ്രകൃതി സ്രോതസ്സുകളുടെ സംരക്ഷണത്തിലും ശരിയായ ഉപയോഗത്തിലേക്കുമാണ് നയിക്കുക.

## മനുഷ്യരുടെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും

ഖുർആന്റെ അടിസ്ഥാനത്തിൽ, മനുഷ്യന്റെ സകല സൃഷ്ടികളിലും വെച്ച് സമുന്നതനെന്നത്രെ. 'നിശ്ചയമായും നാം മനുഷ്യനെ ഏറ്റവും ഉൽകൃഷ്ടമായ ആകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നു. (അഹ്സന തഖ്വീം) **തഖ്വീം** എന്ന അറബി പദം മൂല്യ നിർണ്ണയം, ഉത്ഥാനം, കെട്ടിപ്പടുക്കൽ എന്നീ അർത്ഥങ്ങളാണ് കുറിക്കുന്നത്. **അഹ്സൻ** എന്ന സർവോത്തമ രൂപം ഉപയോഗിച്ച് മനുഷ്യന്റെ ഉൽകൃഷ്ടമായ ഔന്നത്യത്തേയും ഉത്തമമൂലത്തേയുമാണ് സൂചിപ്പിക്കുന്നത് ഇതിൽ മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ ഘടനകൾ ഉൾക്കൊള്ളുന്നുണ്ട് ഖുർആനിൽ ആദം, ബശർ, ഇൻസാൻ എന്നിങ്ങനെ മൂന്ന് പദങ്ങളാണ് മനുഷ്യനെ ക്കുറിക്കാൻ ഉപയോഗിക്കുന്നത് ജീവജാലം എന്നനിലക്കോ. സാമൂഹ്യ ജീവി എന്ന നിലക്കോ ഉള്ള മനുഷ്യന്റെ ഉദ്ഭവത്തെ കുറിക്കാനാണ് ഖുർആൻ ബശർ, ഇൻസാൻ എന്നീ പദങ്ങൾ ഉപയോഗിക്കുന്നത്. ആദം എന്നത് ഒരു പ്രത്യേക വ്യക്തിനാമം എന്നതിലുപരി ഒരു കോൺസപ്റ്റ് അഥവാ സങ്കൽപം എന്ന നിലക്കാണ് കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്. ഭൂമിയിലുള്ള ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്ക് മനുഷ്യനെ കുറിക്കാൻ മാത്രം കരുതി വെക്കപ്പെട്ട് പദമാണിത്. ആത്മീയ ബോധമുള്ള മനുഷ്യ സമുദായത്തിന്റെ ചിഹ്നം ആയാണ് ഖുർആൻ **ആദം** എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ഖുർആനികാടിസ്ഥാനത്തിൽ, കൃത്യമായ രൂപത്തിൽ ആദമിനെ സൃഷ്ടിച്ച ശേഷം മനുഷ്യനിൽ ദൈവം തന്റെ ആത്മാവിനെ (റൂഹ്) ഊതി (നഫഖ). ഇങ്ങനെ ആത്മാവിനെ ഊതിയത് അവനെ ഒരു പ്രത്യേക ജീവി വർഗ്ഗമാക്കി മാറ്റി. എത്രമാത്രമെന്നാൽ മാലാഖമാർ പോലും അവരുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ കൽപ്പിക്കപ്പെട്ടു. ഈ ഒരു ഊത്താണ് ഇതര ജീവികളിൽ നിന്നും മനുഷ്യനെ വ്യതിരിക്തനാക്കുന്നത് ഈ പ്രവൃർത്തിയാണ് നന്മതിന്മകളെ വേർതിരിച്ചറിയാനുള്ള കഴിവും യുക്തി ബോധവും സംസാരിക്കാനുള്ള പാടവും അവനു നൽകിയത്. അവന് നൽകപെട്ടിരിക്കുന്ന അറിവാകുന്ന അനുഗ്രഹം മറ്റു സൃഷ്ടികളോട് അവനുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. പ്രകൃതിക്ക് ഏറ്റവും കുറഞ്ഞ രീതിയിൽ മാത്രം ദോഷം വരുന്ന രീതിയാണ് നാം നമ്മുടെ ശാസ്ത്ര സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിലൂടെ മാത്രമേ ഇതു സാധയമാവൂ.

മാർഗ്ഗനിർദേശത്തിന്നായി അവരെ സൃഷ്ടിക്കപ്പെട്ട രീതിയിലേക്ക് തന്നെ തിരിയാനാണ് ഖുർആൻ ഉപദേശിക്കുന്നത്. മനുഷ്യന്റെ മൂലപ്രകൃതിക്കുമാത്രമേ (ഫിത്റ) അവനെ ശരിയായ രീതിയിലേക്ക് നയിക്കാൻ കഴിയൂ. മൂലപ്രകൃതിയിൽ മനുഷ്യൻ നിഷ്കളങ്കനും ശുദ്ധനും സത്യസന്ധനും സ്വതന്ത്രനും നന്മയിലേക്കും പുണ്യത്തിലേക്കും ചായ്‌വുള്ളവനും പ്രപഞ്ചത്തിലെ തന്റെ സ്ഥാനത്തെക്കുറിച്ചും അല്ലാഹുവിന്റെ നന്മയെക്കുറിച്ചും ശരിയാം വണ്ണം പഠിപ്പിക്കപ്പെട്ടവനുമാണ്. അല്ലെങ്കിൽ ദൈവം മനുഷ്യനെ നന്മയോടനുകൂലമായും തിന്മയോട് പ്രതികൂലമായതുമായ പ്രവണതയോടുകൂടിയാണ് സൃഷ്ടിക്കപെട്ടിട്ടുള്ളത്. പ്രകൃത്യാലുള്ള ഈ പൊതു ചായ്‌വ് ജീവിതത്തിന്റെ എല്ലാ തുറകളിലും നന്മയുടെ അഭിവൃദ്ധിയും തിന്മയുടെ ഉന്മൂലനവും ആവശ്യപ്പെടുന്നു. ആയതിനാൽ **ഫിത്റ** ഒരു സദാചാര-ധാർമിക ബോധത്തെയാണ് ധ്വനിപ്പിക്കുന്നത്. അങ്ങനെ മനുഷ്യൻ അതിന്റെ പരിപൂർണ്ണ ബോധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ മനുഷ്യന് ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളെ ഒരു സൗഹാർദ്ധ സന്തുലിതാവസ്ഥയിൽ സംഘടിപ്പിക്കാൻ കഴിയും. ഇങ്ങനെ പൊരുത്തമുള്ള അവസ്ഥയിൽ പ്രകൃതിയുമായുള്ള ശരിയായ ബന്ധവും ഉൾക്കൊള്ളുന്നു, ഫിത്റയുടെ ഈ സിദ്ധാന്തം എല്ലാ സൃഷ്ടിജാലങ്ങളും തമ്മിലുള്ള ബന്ധത്തെ പൂർണ്ണമായും മനസ്സിലാക്കി ജീവിക്കണമെന്ന് പരിസ്ഥിതി ഗവേഷകരുയർത്തുന്ന വെല്ലുവിളികളുടെ അടിസ്ഥാനത്തിൽ സുപ്രാധനമാണ്.

## മനുഷ്യൻ ഖലീഫ എന്ന നിലയിൽ

**ഖലീഫ** എന്നാൽ ഏതെങ്കിലും ഒരു കാര്യത്തിൽ ഒരാളാൽ അനുനയിക്കപ്പെടുന്നയാൾ എന്നാണ് അല്ലെങ്കിൽ അയാൾക്ക് ശേഷം ആ സ്ഥാനം സ്വീകരിക്കുന്നയാൾ എന്നാണ്. അതായത് ഒരു ഭരണാധികാരി അയാൾ തനിക്ക് മുമ്പുള്ള വ്യക്തിക്ക് പകരക്കാരനായോ പ്രവർത്തികളിൽ അയാളുടെ സ്ഥാനം സ്വീകരിക്കുകയോ ചെയ്യപ്പെടുന്നയാൾ, അല്ലെങ്കിൽ അയാളുടെ അനന്തരാവകാശി (ഖലഫ്) ആയതിനാൽ അയാളെ ഖലീഫ എന്നു വിളിക്കുന്നു. മനുഷ്യരാണ് ഭൂമിലെ ദൈവത്തിന്റെ പ്രതിനിധികൾ എന്ന അഭിപ്രായപ്പെടുന്ന പല ചിന്തകരുമുണ്ട്.

ദൈവത്തെ പിന്തുടരുകയും അവന്റെ പ്രതിനിധി ആവുകയും ചെയ്യുക എന്ന അർത്ഥത്തിലല്ല ദൈവത്തിന്റെ പ്രതിനിധിയെന്ന് മനുഷ്യൻ വിശേഷിപ്പിക്കപ്പെടുന്നത്. മറിച് ദൈവം എല്ലാറ്റിനെയും മനുഷ്യന് അധീനപ്പെടുത്തുകയും സ്വന്തമായി തീരുമാനങ്ങളെടുക്കാനുള്ള സ്വാതന്ത്ര്യവും വിജ്ഞാനവും നന്മയോടുള്ള ചായ്‌വും നൽകി അനുഗ്രഹിച്ചതിനാലാണിത്. ഈ അനുഗ്രങ്ങൾ മറ്റു

സൃഷ്ടികളുടെ കാര്യത്തിൽ മനുഷ്യന്റെ ഉത്തരവാദിത്വം കൂട്ടുന്നു. ഈ അധികാരത്തേയും ഉത്തരവാദിത്വത്തെയുമാണ് ദൈവിക പിന്തുണയുള്ള പ്രാതിനിത്യം എന്ന് പറയുന്നത്. ഇതിലൂടെ സൂചിപ്പിക്കപ്പെടുന്നത് ചൂഷണമല്ല. വിവേക പൂർണ്ണമായ ഉപയോഗമാണ്.

**ഖലീഫ** എന്ന നിലക്ക് മനുഷ്യൻ ഒരിക്കലും തന്നെ സൃഷ്ടികളുടെ ഉടമസ്ഥനോ അവകാശിയോ അല്ല. ദൈവമാണ് എല്ലാറ്റിന്റേയും ഉടമസ്ഥൻ എല്ലാ സൃഷ്ടികളും അവന്റെതത്രെ. മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധികളും ദാസന്മാരുമാണ്. മനുഷ്യൻ ഖലീഫ എന്ന തങ്ങളുടെ അധികാരത്തെ ദൈവത്തിന്റെ ദാസന്മാര് എന്ന പരിധിക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ ഉപയോഗിക്കാവൂ. ദൈവത്തിന്റെ നിയമങ്ങളും കൽപ്പനകളും മാനിച്ചു കൊണ്ടുള്ള ദാസത്വം സ്വീകരിക്കാത്ത ഒരു മനുഷ്യ സമുദായത്തിന്റെ പ്രാതിനിധ്യാധികാരം പോലെ പ്രകൃതിയേയും പരിസ്ഥിതിയേയും അപകടാവസ്ഥയിലാക്കുന്ന മറ്റൊന്നുമില്ല. അതിനാൽ മനുഷ്യന്റെ പ്രാതിനിധ്യാനിവകാശം ദൈവത്തിന്റെ പരമാധികാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മനസ്സിലാക്കേണ്ടത്.

## ഉപസംഹാരം

എല്ലാം കൃത്യമായ അളവിൽ മാത്രമാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്നതിനാൽ ഓരോ സൃഷ്ടിപ്പിനു പിറകിലും വ്യക്തമായ ഉദേശങ്ങളും ലക്ഷ്യങ്ങളുമുണ്ട്. സൃഷ്ടിപ്പിന്നുള്ള മൊത്തത്തിലുള്ള രൂപരേഖയിൽ ഓരോജീവി വർഗ്ഗത്തിന്നും അതിന്റേതായ പ്രാധാന്യമുണ്ട്. അങ്ങനെ എല്ലാം തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്നതും പ്രപഞ്ചത്തിൽ മൊത്തിലുള്ള നിലനിൽപ്പിന്നു മുതൽകൂട്ടുമാണ്. ഏതെങ്കിലും ഒരു വംശം നശിപ്പിക്കപ്പെട്ടാൽ അതു മുഴുവൻ സൃഷ്ടിയേയും ബാധിക്കുകയും സന്തുലനം താറുമാറാകുകയും ചെയ്യും. ഒരോ സൃഷ്ടിയും സംരക്ഷിക്കപ്പെടണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. മനുഷ്യേതര സൃഷ്ടികൾ ദൈവത്തെ നിരന്തരം വാഴ്ത്തികൊണ്ടിരിക്കുന്നുവെന്ന് നാം കണ്ടു. ദൈവത്തിന്റെ ചിഹ്നങ്ങൾ എന്ന നിലക്ക് അത് ദൈവത്തെ പ്രകടമാക്കുകായും മുസ്‌ലിം എന്ന അവസ്ഥയിൽ നിൽക്കുന്നത് കൊണ്ട് ദൈവേച്ഛയെ പരിപൂർണമായും അനുസരിക്കുകയും ചെയ്യുന്നു. ആത്മീയമായ യാത്രയിൽ അവ മനുഷ്യനെ സഹായിച്ചു കൊണ്ട് പവിത്രമായ പ്രവർത്തികളുടെ ഭാഗമാക്കുന്നു. അവയെ സമൂഹവുമായി സൃഷ്ടിച്ചതിലൂടെ മനുഷ്യ സമുദായത്തിന്റെ കാര്യത്തിലെന്ന പോലെ അവയുടെ ജീവന്റെ ആവശ്യലബ്ധിയുടെ കാര്യത്തിലും തുല്യമായ ശ്രദ്ധ പതിപ്പിക്കുന്നു. അങ്ങനെ എല്ലാ മനുഷ്യേതര സൃഷ്ടികൾക്കും അതിന്റേതായ സ്ഥാനമുണ്ട്.

ദൈവം തന്നെയാണ് ഉപകാരത്തിന്നും നന്മക്കുമായി എല്ലാറ്റിനെയും കീഴ്‌വഴക്കത്തിലാക്കിയതെന്നും നാം നേരത്തെ കണ്ടു. മനുഷേതര സൃഷ്ടിയുടെ ഈ വഴക്കങ്ങളും സൃഷ്ടിപ്പിന്റെ ഉദേശ്യത്തിന്റെ ഭാഗമാണ്. അതിനാൽ ഈ കീഴ്‌വഴക്കം അവയെ അധീശപ്പെടുത്തി ചൂഷണം ചെയ്യാനുള്ള അവകാശമായി കണക്കാക്കാൻ കഴിയില്ല. അധീശത്വം സൃഷ്ടിയുടെ ഉദ്ദേശത്തിൽ നിന്ന് വിപരീതമായാണ് നിൽക്കുന്നത്. മൂല പ്രകൃതിയിൽ മനുഷ്യന് നന്മക്കനുകൂലവും തിന്മക്ക് പ്രതികൂലവുമായ ഒരു ചായവുമുണ്ടെന്ന് നാം കണ്ടതാണ്. പാരിസ്ഥിതിക പ്രതിസന്ധിക്കിടയിൽ മനുഷ്യർക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം മറ്റു ജീവികളുമൊന്നിച്ചുള്ള സൗഹാർദ്ദപരമായ അതിജീവനമാണ് സൃഷ്ടികർത്താവ് ദൈവമായതിനാൽ സൃഷ്ടികളിൽ ഒന്ന് എന്ന നിലക്ക് ദൈവത്തിലൂടയല്ലാതെ മനുഷ്യർക്ക് മറ്റുജീവജാലങ്ങളുടെ മേൽ ഒരധികാരവുമില്ല. ഇനി പുന:സൃഷ്ടിയിടെ ദൈവം സൃഷ്ടിപ്പ് തുടരുകയാണെങ്കിൽ പോലും ഇതര സൃഷ്ടികളെ ദുരുപയോഗപ്പെടുത്താനും നശിപ്പിക്കാനുമുള്ള അധികാരം ദൈവം മനുഷ്യനു നൽകിയെന്നു ചിന്തിക്കാനുള്ള ഒരു സാധ്യതയുമില്ല. പ്രാതിനിധ്യം ഒരിക്കലും മനുഷ്യനെ സൃഷ്ടിയുടെ അവകാശികളോ ഉടമസ്ഥരോ ആക്കുന്നില്ല. ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലക്ക് സൃഷ്ടികളെ സംരക്ഷിക്കേണ്ടതും ദൈവത്തിന്റെ പുന:സൃഷ്ടിപ്പിൽ ഭാഗഭാക്കാകേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. സൃഷ്ടികൾ ഒന്നായി നശിച്ചൊടുങ്ങുമ്പോൾ നന്മുക്ക് വെറുതെ കൈയ്യും കെട്ടി നോക്കിയിരിക്കാനാവില്ലെങ്കിൽ. സൃഷ്ടികൾക്ക് നാശം വരുത്തിവെക്കുന്ന എല്ലാ തിന്മകളേയും നാം നിർമ്മാർജനം ചെയ്തേ പറ്റൂ.

ഒരു മത ശാസ്ത്ര പഠന വിദ്യാർത്ഥി എന്ന നിലക്ക് വിവിധ മതപാരമ്പര്യങ്ങളുടെ പരിപ്രേക്ഷ്യത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള നിരവധി പ്രതികരണങ്ങൾ നേരത്തെ തന്നെ നല്കിയിട്ടുണ്ടെന്നും ഇവിടെ പറഞ്ഞു കൊള്ളട്ടെ. ഇത്തരം പ്രതികരണങ്ങളുടെ മതപരവും തത്വജ്ഞാനപരവുമായ അടിസ്ഥാനങ്ങൾ വ്യത്യസ്തമാണെങ്കിലും, നമ്മുടെ വീടിനെ(ഭൂമി)ക്കുറിച്ച് വർദ്ധിച്ചു കൊണ്ടിരിക്കുന്ന അവബോധം ആ വ്യത്യസ്ത മതങ്ങളിലെല്ലാം ഒരു പോലെ കാണാൻ കഴിയും. ഇത് പാരിസ്ഥിതികാശങ്കകളുടെ മതപരവും ദാർശനികവുമായ വിവിധ അടിസ്ഥാനങ്ങൾ കണ്ടെത്താനുള്ള, മത പാരമ്പര്യങ്ങൾ തമ്മിലുള്ള സംവാദങ്ങളിലേക്ക് നമ്മെ വീണ്ടും കൊണ്ടെത്തിക്കും. പാരിസ്ഥിതിക പ്രതിസന്ധികളോട് പ്രതികരിക്കാനായി നാം നേരത്തെ കണ്ടെത്തിയ അടിസ്ഥാനങ്ങളെക്കാൾ ഉപരിയായി പുതിയ തലങ്ങൾ തേടി നമ്മുടെ തന്നെ മതപാരമ്പര്യങ്ങളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങുന്നത് നമ്മെ വളരെ യേറെ സഹായിക്കും. വിവിധ മത പാരമ്പര്യങ്ങൾ തമ്മിലുള്ള ചർച്ചകൾ മറ്റു ജീവ ജാലങ്ങളോടൊത്തുള്ള സമാധാനപരമായ ജീവിതത്തിൽ മാത്രമല്ല ഇതര മതവിശ്വാസികളുടെ കൂടെയുള്ള സൗഹാർദ്ദപരമായ ജീവിതത്തിനും നമ്മെ സഹായിക്കും അങ്ങനെ പരിസ്ഥിതിപരമായ ചർച്ചകൾ പുതിയൊരു ജീവിതശൈലിയിലേക്ക് തന്നെ നമ്മെ എത്തിക്കും.

അതിനാൽ ഇത് ഇതര സൃഷ്ടിയുടെ മേലുള്ള അധീശത്വത്തെ ന്യായീകരിക്കുന്നില്ല. അങ്ങനെ ദൈവത്തിന്റെ സൃഷ്ടിയെ വികലപ്പെടുത്തുകയും തകരാറിലാക്കുകയും ചെയ്യുന്ന ആദർശങ്ങളുടെയും മൂല്യങ്ങളുടെയും ജീവിത ശൈലിയെയും ഇങ്ങനെ നാം ആർജിക്കുന്ന ആത്മീയത ചെറുക്കുന്നു. സൃഷ്ടി വ്യവസ്ഥയിലന്തർലീനമായ ന്യായം, സ്വാതന്ത്ര്യം, ജീവിതം എന്നിവയെ ഉയർത്തിക്കാട്ടുന്നതിലും ഈ ആത്മീയത കാര്യക്ഷമമായി സഹായകരമാകും.

ലേഖനം



# പ്രകൃതി ദുരന്തങ്ങൾ ദൈവ ശിക്ഷയോ?

എല്ലാ പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും ദൈവ ശിക്ഷയല്ല. വ്യാപകമായ ധാർമിക ലംഘനങ്ങളുണ്ടാകുമ്പോൾ പ്രവാചകന്മാരുടെ നാവിനാൽ മുന്നറിയിപ്പ് നല്കപ്പെട്ട പ്രകൃതി ക്ഷോഭങ്ങൾക്കും നാശങ്ങൾക്കും ചരിത്രം സാക്ഷിയാണ്. ആ ധാർമിക നിയമങ്ങൾ അദൃശ്യമായി പ്രകൃതിയിൽ നിലകൊള്ളുകയും ചെയ്യുന്നുണ്ട്. സാധാരണ പ്രകൃതി ക്ഷോഭങ്ങളും തുടർന്നുള്ള നാശങ്ങളും പ്രകൃതിനിയമങ്ങൾ ലംഘിക്കുന്നത് കൊണ്ടുണ്ടാകുന്നതാണ്. പ്രകൃതിയുടെ തനത് കാരണങ്ങൾകൊണ്ടും ക്ഷോഭങ്ങളുണ്ടാകാറുണ്ട്. അവ മുൻകൂട്ടി കണ്ടെത്തി അതിജീവിക്കാനുള്ള ശാസ്ത്രീയോപാധികൾ മനുഷ്യൻ ഗവേഷണം ചെയ്ത് കണ്ടെത്തുകയാണ് വേണ്ടത്. ഇപ്രകാരമുള്ള അതിജീവനത്തിലൂടെയാണ് മനുഷ്യനാഗരികതയും ശാസ്ത്രവും വിജ്ഞാനവും വളർന്ന് വികസിച്ചത്.

## എ. എം മുഹമ്മദ് സലീം

**പ്ര**കൃതി ഒരു സന്തുലിത നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. **'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സന്തുലനത്തിൽ അതിക്രമം പ്രവർത്തിക്കരുത്.'** (സൂറ: റഹ്മാൻ 55:8,9) അത് ലംഘിക്കും വിധം മനുഷ്യൻ ഇടപെടുമ്പോൾ പ്രകൃതി സംന്തുലനം നിലനിർത്താൻ പ്രക്ഷുബ്ധമാവുകയും ചെയ്യും. അത് മനുഷ്യന് നാശനഷ്ടങ്ങളുണ്ടാക്കുന്നു. പ്രകൃതി നിയമങ്ങൾ പോലെ ധാർമിക നിയമങ്ങൾക്കും ഇത് ബാധകമാണ്. ധാർമിക ലോകവും ഭൗതികലോകവും ഭരിക്കുന്നത് സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവാണ്. ദൈവിക ശിക്ഷയെ മനുഷ്യന്റെ രോഗാവസ്ഥയുമായി താരതമ്യം ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്[അ] പറയുന്നത് കാണുക.:

'രോഗം എന്നാൽ ശരീരം സാധാരണ നിലയിൽ പ്രവർത്തിക്കാത്ത അവസ്ഥയാണ്. ആരോഗ്യം എന്നത് ശരീരത്തിന്റെ സ്വാഭാവിക വ്യവസ്ഥകൾ ഉചിതമായി പ്രവർത്തിക്കുന്ന അവസ്ഥയാണ്. ഒരു മനുഷ്യന്റെ കൈയോ കാലോ മറ്റേതെങ്കിലും ഒരവയവത്തിന്നോ അതിന്റെ യഥാസ്ഥാനത്ത് നിന്നും വിസ്ഥാപനം സംഭവിക്കുകയാണെങ്കിൽ വേദന അനുഭപ്പെടുന്നു. ഈയൊരവസ്ഥ ദീർഘനാൾ നിലനിൽക്കുമ്പോൾ അയാളുടെ സ്ഥാനഭംഗം സംഭവിച്ച അവയവം ഉപയോഗശൂന്യമാവുമെന്ന് മാത്രമല്ല മറ്റവയവങ്ങളെയും അത് ബാധിക്കുന്നു. ഇത് തന്നെയാണ് ആത്മാവിന്റെ കാര്യത്തിലും സംഭവിക്കുന്നത്. ജീവിതത്തിന്റെ യഥാർത്ഥ സ്രോതസ്സായ ദൈവത്തിൽ നിന്നും അകലുകയും സത്യസന്ധമായ പ്രകൃതി മതത്തിൽ നിന്നും ബന്ധം വിഛേദിച്ച് അകലുകയുമാണെങ്കിൽ അയാൾ യാതനകൾ സഹിക്കേിവരും. അയാളുടെ ഹൃദയം മരിക്കാതെ അതിന്റെ വേദന നിലനിർത്തുക യാണെങ്കിൽ അയാൾ തീഷ്ണമായ വേദന അനുഭവിക്കുന്നു. ഈയൊരവസ്ഥ പരിഷ്ക്കരണത്തിന് വിധേയമാവുന്നില്ലെങ്കിൽ എല്ലാ ആത്മീയ ഗുണങ്ങളും ക്രമേണ നശിച്ചൊടുങ്ങുമെന്നും കഠിനമായ വേദന അനുഭവിക്കുമെന്നും മനസ്സിലാവുന്നു. അതായത് ഒരു യാതനയും പുറമേനിന്ന് വരുന്നതല്ല. എല്ലാം മനുഷ്യന്റെ ഉള്ളിൽ നിന്നു തന്നെ ഉരുവം കൊള്ളുന്നതാണ്. ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ അവന്റെ ശിക്ഷയെ ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ അത് മനുഷ്യന്റെ കർമ്മങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. അതായത് ഒരു മനുഷ്യൻ വിഷം കഴിക്കുകയാണെങ്കിൽ അല്ലാഹു അയാളെ കൊല്ലുന്നു. ഇതാണ് അല്ലാഹു വിശുദ്ധ വചനങ്ങളിൽ സൂചിപ്പിക്കുന്നത്.' (മൽഫൂസാത്ത് വാല്യം 3 പേ 25-30)

പ്രവാചകന്മാരെ വിശ്വസിക്കാത്തത് കൊണ്ട് ഒരാളെ അല്ലാഹു ശിക്ഷിക്കില്ല. കാരണം ദൈവ പ്രേഷിതനെ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള സ്വാതന്ത്യം അല്ലാഹു മനുഷ്യന്ന് നൽകിയതാണ്. പക്ഷേ പ്രവാചക നിഷേധത്തോടൊപ്പം അതിക്രമങ്ങൾ പരിധികടക്കുമ്പോൾ അല്ലാഹു ഭൂമിയിൽ തന്നെ പ്രവാചകന്മാർ മുഖേന മുന്നറിയിപ്പ് നല്കി ശിക്ഷിക്കുക എന്നത് അല്ലാഹുവിന്റെ നിയമത്തിലുണ്ട്. അതായത് പ്രകൃതി നിയമത്തിൽ തന്നെ അത് ഉള്ളടങ്ങിയതാണ്. അത് മറ്റു പല സന്ദർഭങ്ങളിലും ആവർത്തിക്കാം എന്നാണ് വിശുദ്ധ ഖുർആൻ നല്കുന്ന സൂചന. അതേ സമയം എല്ലാ ശിക്ഷകളും

ധാർമിക ലംഘനങ്ങളുടെ ഫലമാണെന്നും പറയാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന്ന് ഒരളവിൽ വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും എന്നത് ഒരു സാർവത്രിക നിയമമാണ്. അത്കൊണ്ട് എല്ലാ മരണവും വിഷം കഴിച്ചത് കൊണ്ടല്ല ഉണ്ടാകുന്നത്. അത്പോലെ അധാർമിക ജീവിതം പരിധിവിടുമ്പോൾ അല്ലാഹു പ്രകൃതി പ്രതിഭാസങ്ങളിലൂടെ ആ മനുഷ്യനെയോ സമൂഹത്തെയോ ശിക്ഷിക്കുന്നതായി മതഗ്രന്ഥങ്ങളും ചരിത്രവും പറയുന്നു. അത്കൊണ്ട് എല്ലാ പ്രകൃതി ദുരന്തങ്ങളും ധാർമിക ലംഘനത്തിന്റെ ഫലമാണെന്ന് പറയുന്നത് ശരിയല്ല. പക്ഷേ എല്ലാ വിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളും സംഭവിക്കുമ്പോൾ മനുഷ്യന് ഭൗതികമായും ആത്മീയമായും അതിൽ പാഠങ്ങളുണ്ട്. അവൻ ആത്മപരിശോധന നടത്താനുള്ള സന്ദർഭമാണിത്. നിസ്സഹായനായ മനുഷ്യൻ അല്ലാഹു സൃഷ്ടിച്ച പ്രകൃതിയിലെ നിയമങ്ങളും അല്ലാഹുവിന്റെ യഥാർഥ ധാർമിക നിയമങ്ങളും ലംഘിക്കാതെ ജീവിക്കുകയും അതിൽ പിഴവുണ്ടായോ എന്ന് പരിശോധിക്കാനുള്ള സന്ദേശമാണ് പ്രകൃതി ദുരന്തങ്ങൾ നൽകുന്നത്.

ധാർമിക കുറ്റങ്ങൾക്ക് അദൃശ്യനായ അല്ലാഹു എങ്ങനെ ഇടപെടും എന്നതാണ് നാസ്തികന്മാർ ഉന്നയിക്കുന്ന വാദം. എല്ലാ ഭൗതിക നിയമങ്ങളും നാം അറിഞ്ഞു കഴിഞ്ഞു അല്ലെങ്കിൽ നമുക്ക് അറിയാൻ കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസിക്കൽ ഭൗതിക ശാസ്ത്രം ധരിച്ചിരുന്നത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിന്റെ പ്രാരംഭാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതിക ശാസ്ത്രം കരുതിയത്. ഈ ശാസ്ത്ര ദർശനത്തിനാണ് നിർണിത തത്വം (Determinism) അഥവാ നിശ്ചിത തത്വം എന്ന് പറയുന്നത്. ക്വാണ്ടം തിയറിയുടെ വരവോടെ നിശ്ചിത സിദ്ധാന്തം ചോദ്യം ചെയ്യപ്പെടുകയുണ്ടായി അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണ്ണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും കൃത്യമായി അറിയേണ്ടതുണ്ട്. എന്നാൽ ഭൗതിക പദാർത്ഥങ്ങളുടെ അതിസൂക്ഷ്മ കണങ്ങളെ ഈ ഭൗതിക മാനദണ്ഡങ്ങൾ ഉപയോഗിച്ച് അളക്കാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗത്തെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണ്ണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതായിരിക്കും ഫലം. സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ അനിശ്ചിതവും ചലനാത്മകവുമായ നിരവധി ഘടകങ്ങൾ സംയോജിക്കുമ്പോൾ അതിന്റെ ഫലവും ഒരു നിശ്ചിത കാലത്തിൽ സംഭവിക്കുമെന്ന് ഉറപ്പിച്ചു പറയാൻ സാദ്ധ്യമല്ല. ഈ കത്തലോടെ സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിലുള്ള പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതിക ശാസ്ത്രത്തിന്റെ അവകാശവാദത്തിന്ന് ഇളക്കം തട്ടുകയുണ്ടായി പദാർത്ഥങ്ങൾ നിർമിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർത്ഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിന്റെ പേരിൽ അഹംങ്കരിച്ചിരുന്നവർക്കേറ്റ മറ്റൊരു പ്രഹരമാണ് അനിശ്ചിതത്വം. സംഭവ്യത(Probability ) അതായത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത, സ്ഥാനം നിർണ്ണയിക്കാൻ സാധിക്കുക, മുതലായ ശാസ്ത്ര ലോകത്തെ യാഥാർഥ്യങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികൽപനകളുടെ അടിസ്ഥാനത്തിൽ അനിശ്ചിതത്വം എന്നത് അദൃശ്യങ്ങളിൽ കൂടി വേരുകളുള്ള ഒരു സൂക്ഷ്മ യാഥാർത്ഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന്ന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത കയോസ് (Chaos) സിദ്ധാന്തം അഥവാ അവ്യവസ്ഥാ സിദ്ധാന്തം അതാണ് വ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന്ന് വിധേയമാണെന്ന നിർണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറക്കിയ മറ്റൊരാണിയാണ് കയോസ് സിദ്ധാന്തം. അതായത് പ്രത്യക്ഷമായ ക്രമരഹിതാവസ്ഥയിലെ ക്രമം കണ്ടെത്താനുള്ള ശ്രമമാണ് കയോസ് സിദ്ധാന്തം നടത്തുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മീർസാ ത്വാഹിർ അഹ്മദ് ഈ വിഷയ സംബന്ധമായി പറഞ്ഞ ഉദ്ദരണിയോടെ ഈ ലേഖനം അവസാനിപ്പിക്കാം.

'ദുരന്തങ്ങളും ദൗർഭാഗ്യങ്ങളും ഭൂകമ്പങ്ങളും ഉണ്ടാകുന്നത് പ്രകൃതിനിയമങ്ങൾ കാരണമാണ്. എന്ന കാര്യത്തിൽ അഹ്മദികൾക്ക് ഒരു നിമിഷം പോലും തർക്കിക്കേണ്ടതില്ല. അത് കണിശമായും പ്രകൃതി നിയമങ്ങൾക്കനുസരിച്ചാണ് സംഭവിക്കുന്നത്. അഹ്മദിയ്യ വിശ്വാസ പ്രകാരം മതത്തിന്റെ ദൈവവും തന്നെയാണ് പ്രകൃതി മാതാവിന്റെയും പ്രപഞ്ചത്തിന്റേയും ദൈവം. പ്രകൃതി നിയമം എന്ന് നാം നിർവചിച്ചിരിക്കുന്ന ദൈവത്തിന്റെ സമ്പൂർണ്ണ ഗുണവിശേഷത്തിന്നുകീഴിൽ മുൻനിർണിതമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നിർവ്വഹിക്കപ്പെടുന്നത്. മാത്രമല്ല വിശദമായതും ശ്രമകരവുമായ ഗവേഷണ

ങ്ങളിലൂടെ ഇന്ന് വരെ മറഞ്ഞിരിക്കുന്ന നിരവധി രഹസ്യങ്ങൾ മനുഷ്യൻ കത്തെുകയുണ്ടായി. ഞങ്ങൾ ഇത്‌വരെ ഉപരിതലത്തിൽ ഒന്ന് ചുരി നോക്കുക മാത്രമാണ് ചെയ്തത്. എന്നാണ് ഈ ഗവേഷകന്മാർ ആദ്യം തന്നെ തുറന്ന് സമ്മതിച്ചിരിക്കയാണ്. കൂടുതൽ കാര്യങ്ങൾ ഇനിയും അറിയാൻ ബാക്കിനിൽക്കുന്നു. ഒന്നാമത്തെ അടിസ്ഥാനത്തെ പറ്റി തന്നെ യാതൊന്നും നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ കാര്യങ്ങളും മറ്റൊരു കാര്യത്തിന്റെ കാരണമായി കാണപ്പെടുന്നു. ഒരു ചൈനാപ്പെട്ടി പോലെ ഒരു കള്ളി തുറക്കുമ്പോൾ അത് മറ്റൊരു കള്ളിയിലേക്ക് നയിക്കുന്നു. മനുഷ്യ ബുദ്ധിയെ സംബന്ധിച്ചേടത്തോളം ഈ കാര്യകാരണ പരമ്പര അനന്തമായി തുരടരുകയാണ്. അത് എവിടെനിന്നാണ് തുടങ്ങിയത് എവിടെയാണ് അവസാനിക്കുക എന്ന് ആർക്കാണ് അറിയാൻ കഴിയുക.? നാം വിശുദ്ധ ഖുർആന്റെ പാഠങ്ങളെ പറ്റി ചിന്തിക്കുമ്പോൾ ദൈവമാണ് ആദി കാരണത്തിന്റെ പ്രാരംഭകൻ. (അതായത് അവനിലൂടെയാണ് അവന്റെ സൃഷ്ടി പരമ്പര ആരംഭിക്കുന്നത്.) അവനാണ് പര്യവസാനവും (അതായത് അവനിലേക്കാണ് എല്ലാം മടങ്ങുന്നത്) അവനാണ് സ്രോതസ്സ് അവനാണ് അഭയം. ഒരു മുസ്‌ലിം നിരന്തരമായി അനുസ്മരിക്കുന്നത് 'നാം അല്ലാഹുവിൽ നിന്നുള്ളവരാണ് നാം അവനിലേക്ക് മടങ്ങുന്നവരുമാണ്.' എന്നാണ്.


ഇങ്ങിനെ ഉരുവിടുമ്പോൾ നാം മേൽപ്പറഞ്ഞ് സങ്കൽപ്പത്തിന്റെ കേന്ദ്രതത്വം ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. ഈ തത്വങ്ങളുടെ വെളിച്ചത്തിൽ അഹ്മദിയ്യാ സമൂഹം പ്രകൃതി നിയമങ്ങൾ സ്വതന്ത്രമല്ലെന്നും അത് മതനിയമങ്ങളുമായി യാതൊരു ബന്ധമില്ലെന്നും കരുതുന്നില്ല. രണ്ടും അല്ലാഹുവിന്റെ നിയമത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണ്. ഭൗതിക ലോകത്തുണ്ടാകുന്ന പരിവർത്തനങ്ങൾക്ക് കാരണം പ്രകൃതി നിയമങ്ങളാണെന്ന് സമ്മതിക്കുന്നത് കൊണ്ട് എല്ലാ പ്രകൃതി നിയമങ്ങളും ദൈവത്തിന്റെ ശക്തിയിലും നിയന്ത്രണത്തിലും അത് പോലെ അവന്റെ മുൻ നിർണ്ണിതവും മുമ്പേ വിധിക്കപ്പെട്ടതുമായ നിയമത്തിന്ന് കീഴിലാണ് പ്രവർത്തിക്കുന്നത് എന്ന് കരുതുന്നതിൽ യാതൊരു വിധ വൈരുദ്ധ്യവുമില്ല. ദൈവമാണ് എല്ലാ ഊർജ്ജത്തിന്റെയും ബലത്തിന്റേയും സ്റോതസ്സ്. ആ ഊർജ്ജമാണ് പ്രകൃതിയുടെ എല്ലാ മാറ്റങ്ങൾക്കും പരിവർത്തനങ്ങൾക്കും പിന്നിൽ വ്യാപരിക്കുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുന്നത്.

ദുരന്തങ്ങളും നിർഭാഗ്യങ്ങളും ദൈവത്തിന്റെ പ്രവൃത്തിയും അവന്റെ ഇച്ഛയുമാണെന്ന് വിശ്വാസത്തിൽ അഭയം തേടുമ്പോഴും, എല്ലാ ഓരോ പ്രകൃതി ദുരന്തങ്ങളും നാശകരമായ പ്രകൃതി ക്ഷോഭങ്ങളും ദൈവശിക്ഷയുടെയോ താക്കീതിന്റെയോ പ്രതിഫലനമാണെന്ന് അഹ്മദിയ്യാ മുസ്‌ലിം സമൂഹം കരുതുന്നില്ല. അത്തരം നിലപാടുകളുടെ യഥാർത്ഥ്യം അറിയാതെ നാസ്തികന്മാർ നിരന്തരമായി വിമർശനവും എതിർപ്പും പ്രകടിപ്പിക്കാറുണ്ട്........ഒരു കാര്യം വളരെ വ്യക്തമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിൽ നിന്നോ റസൂൽ തിരുമേനി(സ) യുടെ വചനങ്ങളിൽ നിന്നോ വാഗ്ദത്ത മസീഹി(അ)ന്റെ ലിഖിതങ്ങളിൽ നിന്നോ ഇസ്‌ലാം ഒരിടത്തും തന്നെ എല്ലാ പ്രകൃതി ദുരന്തങ്ങളും വിപത്തുകളും ദൈവത്തിന്റെ ആജ്ഞ പ്രകാരമുള്ള ശിക്ഷയാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. (Natural Disasters or Divine Punishment? by Hazrat Mirza Tahir Ahmad, The Review of Religions, December 1993.)



ലേഖനം

# അറബിയിൽ നിന്നും ഇംഗ്ലീഷിലേക്ക്




ഇംഗ്ലീഷ് ഭാഷയിലെ നിരവധി പദങ്ങൾ അറബിയിൽ നിന്നും നിഷ്പന്നമായവയാണ്. ആംഗല തനിമയോടെ നാം ഉപയോഗിക്കുന്ന എണ്ണിയാലൊടുങ്ങാത്ത പദങ്ങൾ ഭാഷകളുടെ മാതാവായ അറബിയിൽ നിന്നും വന്നതാണെന്നത് കൗതുകമുയണർത്തുന്ന വസ്തുതയാണ്. ഒരു യൂറോപ്യൻ അക്കാര്യം വിവരിക്കുന്നു.

**അലൻ പിം സ്മിത്ത്**

അറബി പദങ്ങളുടെ ആംഗലേയാവിഷ്ക്കാരങ്ങളിൽ ചിലത് അവയുടെ മുലപദത്തോട് അഭിന്നമാം വിധം സദൃശമാണ്. എന്നാൽ മറ്റുള്ളവ ശബ്ദ ധ്വനിയിലും അർഥത്തിലും തുലോം വ്യത്യസ്തമാണ്. മോസ്ക് Mosque എന്ന ശബ്ദത്തിന്ന് മസ്ജിദുമായിവലിയ സാമ്യമൊന്നുമില്ല. കൂടാതെ ബദൂവിയൻ(Bedouin) എന്ന പദം ഏകവചന രൂപമായാണ് നാം ഉപയോഗിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ അതിന്റെ ഉദ്ഭവം ബിദ്വാൻ(Bidwan) എന്ന അറബി പദത്തിൻെ ബഹുവചനരൂപമായ ബദവി Bedawi എന്ന അറബി പദത്തിൽ നിന്നും നിഷ്പ്പന്നമായതാണ്. Dhow എന്ന പദമുണ്ടായത് Dawaയിൽ നിന്നാണ് എന്നാൽ അറബി സംസാരിക്കുന്നവരോട് ചോദിച്ചാൽ അങ്ങിനെ ഒരു പദം തന്നെ അറിയില്ലെന്ന് പറയും കാരണം 'ദവാ' ഇന്നുപയോഗത്തിലില്ലാത്ത പദമാണ്. ഇപ്പറഞ്ഞ പദങ്ങൾ ഒക്കെയും അറബി ഇസ്ലാമിക ജീവിതവുമായി ബന്ധപ്പെട്ടവയാണ് അതിനാൽ ഈ കാര്യങ്ങളിൽ അറബിയിൽ പ്രകടിപ്പിക്കപ്പെട്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ Apriccot, Orange, Lemon, Lime. മുതലായ ഫലവർഗ്ഗങ്ങളുടെയും Artichoke, Spinach, Aubergine എന്നീ പച്ചക്കറികളുടെയും രുചിയിലോ പേരിലോ പരദേശിയാണ്. ഒരു ഇംഗ്ലീഷുകാരന്ന് ഇത് അനുഭവപ്പെടില്ലെങ്കിലും സത്യത്തിൽ ഈ നാമങ്ങളൊക്കെയും അറബിയാണ്. ഉദാഹരണത്തിന് Lemon മദ്ധ്യകാല ഫ്രഞ്ചിൽ നിന്നും മദ്ധ്യകാല ഇംഗ്ലീഷിലേക്ക് കടന്നുവന്നതാണ്. അതിന് മുമ്പ് ഈ പദം മദ്ധ്യകാല ലാറ്റിനിലാണ് ഉപയുക്തമായിരുന്നത്. അതിനിടയിൽ വളരെ ചെറിയ മാറ്റങ്ങൾക്ക് മാത്രമാണ് ഉച്ചാരണത്തിൽ വന്നിട്ടുള്ളത്. ഇതിന്റെ യഥാർഥ രൂപം അറബിയിലെ Laymun ആണ്!. എന്നാൽ ഇറ്റാലിയനിലൂടെ കടന്ന് വന്നപ്പോൾ Articohoke സത്യത്തിൽ Al-khurshuf എന്ന അറബി പദമാണെന്ന് തിരിച്ചറിയാൻ കുറച്ച് പ്രയാസമാണ് .

അറബിയിൽ നിന്ന് നേരിട്ട് ഇംഗ്ലീഷിലെത്തിയ പദങ്ങളുടെ ചുരുക്കമാണെങ്കിലും മറ്റു വിധത്തിൽ ഇംഗ്ലീഷിലെത്തിയ പദങ്ങൾ നൂറുക്കണക്കിന്ന് വരും മിക്കവാറും അവ ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ ലാറ്റിൻ ഭാഷാ രുപത്തിലായിരിക്കും എത്തിയത്.

കഴിഞ്ഞ 1000 വർഷങ്ങളായി ഇംഗ്ലീഷ് വിഴുങ്ങിക്കൊണ്ടിരിക്കുന്ന വിദേശ ഭാഷാഘടകങ്ങൾ ഒട്ടനവധിയാണ്. ഇങ്ങിനെ ഫ്രഞ്ചിൽ നിന്നും ലാറ്റിനിൽ നിന്നും കടമെടുത്ത പദങ്ങൾ ആധുനിക ഇംഗ്ലീഷ് പദസമ്പത്തിന്റെ പകുതിയോളം വരും ക്രി. വ. 1066 ലെ നോർമൻ അധിനിവേശത്തിന്ന് ശേഷം ഇംഗ്ലീഷ് കോടതിയും പ്രഭുത്വവും പാർലമെന്റും ഫ്രഞ്ച് ഭാഷ ഉപയോഗിച്ചു തുടങ്ങി. ക്രി. വ 1731 ൽ അത് ഇംഗ്ലണ്ടിലെ നിയമ ഭാഷയായി നിലകൊള്ളുകയും ചെയ്തു.

മധ്യകാലഘട്ടങ്ങളിൽ ഫ്രഞ്ചിലുടെയാണ് മിക്കവാറും അറബി പദങ്ങൾ ഇംഗ്ലീഷിലെത്തിയത്. ഇവയിൽ ഭുരിഭാഗവും ഗണിതശാസ്ത്ര-ഖഗോളശാസ്ത്ര-രസതന്ത്ര പദങ്ങളായിരുന്നുവെന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. ക്രി. വ. 1300 കളിൽ ഇംഗ്ലീഷിൽ Alchemy (രസതന്ത്രം) എത്തി ചേരുന്നത് അറബി പദമായ Al kimya (അൽ കീമിയാഅ്)ൽ നിന്ന് വലിയ രൂപഭേദങ്ങളൊന്നും കുടാതെയാണ്. ഏതാണ്ട് ഇതേ കാലയളവിൽ തന്നെയാണ് Alkali, Alogaritham, Alembic, Almanac തുടങ്ങിയ പദങ്ങളും ഇംഗ്ലീഷ് നിഘണ്ടുവിൽ സ്ഥാനം പിടിച്ചത്. ഈ വാക്കുകളിലെ Al എന്ന ശബ്ദം വരുന്നത് ഇംഗ്ലീഷിൽ The ക്ക് തുല്യമായ (Aarabic de finit article) ൽനിന്നുമാണ്. ഉദാഹരണത്തിന്ന് Alkali ഉണ്ടായത് അറബിയിലെ Al quili യിൽ നിന്നാണ്. Saltwort ചെടിയുടെ ചാരമെന്ന് നിർവ്വചിക്കാം. Alembic ഒരു ശുചീകരണ ഉപകരണമാണ്. 'നിശ്ചലം' എന്നർത്ഥം വരുന്ന Al Imbiq ൽ നിന്നാണ് ആവിർഭവിച്ചത്.

മദ്ധ്യകാലം അക്ഷരാർത്ഥത്തിൽ അറബ് ഇസ്ലാമിക്ക് നാഗരികതയുടെതായിരുന്നു. ഏതാണ്ട് 500 കൊല്ലക്കാലം അറബി ഭാഷ വിജ്ഞാനത്തിന്റെയും സാംസ്ക്കാരത്തിന്റെയും ധൈഷണിക പുരോഗതിയുടെയും ഭാഷയായി വിരാചിച്ചു. 9-ാം നൂറ്റാണ്ടിൽ ധാരാളം ക്ലാസിക്ക് ഗ്രീക്ക് ശാസ്ത്ര

തത്വ ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി. ഈ അടിത്തറയിൽ നിന്നാണ് അറബി ഗവേഷകരും ശാസ്ത്രജ്ഞന്മാരും വൈദ്യശാസ്ത്ര ജ്ഞാനികളും ഗണിതജ്ഞരുമെല്ലാം വിജ്ഞാന ലോകത്തേക്ക് കുതിച്ച് മുന്നേറിയത്. ഈ ജ്ഞാന ഭണ്ഡാരം പിന്നീട് സ്പെയിനിലെ ഇസ്ലാമിക യുണിവേഴ്സിറ്റിയിൽ നിന്നും പശ്ചിമ യുറോപ്പിലേക്ക് കൈമാറ്റപ്പെട്ടു. ഉദാഹരണം:

'കണക്ക് കൂട്ടാനുപയോഗിക്കുന്ന ഡെസിമൽ സമ്പ്രദായം അഥവാ ദശാംശ സമ്പ്രദായം അറബി ഗണിതശാസ്ത്ര സംഭാവനയാണ്. ഇന്ത്യൻ സങ്കേതമായ പൂജ്യമണ് ഇതിന്റെ അടിസ്ഥാനം. ഈ പൂജ്യം Zero യും അതിന്റെ മറ്റൊരു നാമമായ Cipher ഉം ശൂന്യം എന്നർത്ഥത്തിൽ വരുന്ന Sifr എന്ന അറബി പദത്തിൽ നിന്നും വന്നതാണ്.

11-ാം നൂറ്റാണ്ട് മുതൽ 13-ാം നൂറ്റാണ്ട് വരെയും തീർച്ചയായും അതിന്ന് ശേഷവും മദ്ധ്യകാല ഇംഗ്ലണ്ടിൽ അറബി വിജ്ഞാനം വ്യാപകമായിരുന്നു. ക്രി. വ. 1100 കളുടെ തുടക്കത്തിൽ തന്നെ അന്നത്തെ പ്രമുഖ യൂറോപ്യൻ പണ്ഡിതരിൽ ഒരാളായ ഇംഗ്ലണ്ടിലെ ബാത്തുകാരൻ അബലാർഡ് ഖവാരിസ്മിയുടെ ഖഗോള വിജ്ഞാനീയ പട്ടിക അറബിയിൽ നിന്ന് ലാറ്റിനിലേക്ക് വിവർത്തനം ചെയ്തു. ഇന്ന് സർവ്വസാധാരണയായി ഉപയോഗിക്കപ്പെടുന്ന രണ്ട് ഗണിത പദങ്ങളാണ് Algibra, Alogaritham എന്നിവ. ഇംഗ്ലീഷ് ഭാഷയിൽ എത്തിചേർന്നതിങ്ങിനെയാണ്. ഇതിൽ രണ്ടാമത്തെ പദം ഖവാരിസ്മിയുടെ പേരിൽനിന്നു തന്നെ എടുത്തതാണ് Algibra,യാകട്ടെ ചിദ്രമാക്കപ്പെട്ട ഭാഗങ്ങളുടെ പുനരേകീകരണം എന്ന അർത്ഥം വരുന്ന Al -jabar ൽനിന്നും ഉണ്ടായതാണ്. Al jabar ഖവാരിസ്മിയുടെ ഗണിതശാസ്ത്ര പ്രബന്ധമായ Hisab Al-jabr W'al Muqabala യിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ കൗതുകകരമായ കാര്യം അറബിയായ Al -jabar ഇംഗ്ലീഷായ Algebra ഒരേ രീതിയിൽ ഒടിവിനും ചതവിനും അസ്ഥി യോജിപ്പിക്കാനും മറ്റുമുള്ള ചികിത്സാരീതിയെ സൂചിപ്പിക്കുന്നു പദങ്ങളാണ്. വാക്കുകളുടെ ചരിത്രപരമായ ഉപയോഗത്തെ മുൻനിറുത്തി നിർവ്വചനങ്ങൾ നൽകുന്ന Oxford English Dictionary ആദ്യത്തെ അർഥമായി Algebra ക്ക് നൽകുന്നത് ഒടിവിന്നും ചതവിന്നുമുള്ള ശസ്ത്രക്രിയാ ചികിത്സ

എന്നാണ്. ഇതുകൂടാതെ ക്രി. വ. 1565 ൽ നിന്നുള്ള ഒരുദ്ദരണിയും ചേർത്തിട്ടുണ്ട്.

'The surgical treatment of fractures, This arabic word Algebra signify as well as fractures of born etc as sometime restoration of same Algebra എന്ന ഈ അറബി പദം അസ്ഥികളുടെ ക്ഷയത്തെയും മറ്റും കുടി സുചിപ്പിക്കുന്നു. ചില അവസരങ്ങളിൽ അവയുടെ പുനസംയോജനത്തെയും സുചിപ്പിക്കുന്നു. വിജ്ഞാന മേഖലയിൽ അറബി ഗവേഷകർ ചെയ്ത ഏറ്റവും വലിയ സംഭാവന ജ്യോതിശസ്ത്ര മേഖലക്ക് അവർ നൽകിയ വളർച്ചയാണ്. അറബിയിൽ നിന്നും രൂപപെട്ട നാമങ്ങളുള്ള നുറുക്കണക്കിന്ന് നക്ഷത്ര നാമങ്ങൾ ആധുനിക നക്ഷത്ര പട്ടികയിലുള്ളത്. Alair, Aldebaran, Btelgeus, Vega. Algole. അവയിൽ ചുരുക്കം ചിലവ മാത്രം ഇതിലെ അവസാന പദം Algole. അൽ ഗോൾ രൂപപ്പെട്ടത് Al ghul. അഥവാ ഭൂതം, പിശാച് എന്നീ അർത്ഥമുള്ള Al ghul. എന്ന അറബി പദത്തിൽ നിന്നാണ് നിന്നാണ്. ഇംഗ്ലീഷ് പദമായ Ghoul ഉം അതിന്റെ വിശേഷണമായ Ghoulish ഉണ്ടായത്. Algol. (അൽഗോൾ) എന്ന നക്ഷത്രത്തെ അറബികൾ Al ghul എന്നാണ് വിളിക്കുന്നത് കാരണം അത് പ്രേതത്തെ പോലെയാണ് കാണപ്പെടുന്നത്. ഗ്രഹണം ബാധിച്ച ഇരട്ട നക്ഷത്രത്തെ പോലെയും, അത് തെളിച്ചമില്ലാതെ അവ്യക്തമായി ഓരോ ഈ രണ്ട് ദിവസം കൂടുംതോറും പ്രകാശം മാറിമാറി പ്രത്യക്ഷപ്പെടുന്നു. അതു കൊണ്ടാണ് ഈ പേരു തന്നെ നൽകാൻ അറബികൾക്ക് പ്രേരണയായത്. നക്ഷത്ര നാമങ്ങൾ മാത്രാമല്ല Zennith, Nadir Azimuth തുടങ്ങിയ ജോതി ശാസ്ത്ര പദങ്ങളുടെ ഉദ്ഭവവും അറബിയിൽ തന്നെ.

Talisman, Elixir എന്നിവ അറബിയിൽ നിന്നും നിഷ്പന്നമായ പദങ്ങളാണ്. Almanac (al man akh) അറബിയിൽ നിന്നും ഉദ്ഭവിച്ച് മറ്റ് സാങ്കേതിക പദങ്ങളാണ്. caliber, caliper,aniline, marcasite, camphore എന്നീ പദങ്ങളും അറബിയിൽ നിന്നു തന്നെ. വിലയേറിയ രത്നങ്ങളും മറ്റും അളക്കാൻ ഉപയോഗിക്കുന്ന Car at കാരറ്റും കടലാസ് അളക്കാനുപയോഗിക്കുന്ന് Ream റീമും അറബി തന്നെ.

ഉദാ: Girat (ഇത് ചെറിയ യൂണിറ്റ്). Rizmah (ഇത് വലിയ യൂണിറ്റ്.) ഇതേ ഗണത്തിൽപ്പെടുത്താവുന്ന ശ്രദ്ധേയമായ പദങ്ങളാണ് Average ഉം Alcahole ഉം ഗണിത ശാസ്ത്രത്തിൽ സർവ്വസാധാരണയായി ഉപയോഗിക്കുന്ന പദം നേരു പറഞ്ഞാൽ അറബിയിയാണ്. അറബിയിലെ Awariya. ആണ്, അർത്ഥ,ം പക്ഷേ കേടു സംഭവിച്ച സാധനങ്ങൾ എന്നാണ്. ഈ രുപാന്തരണം അവ്യക്തമായി തോന്നുമെങ്കിലും ഇത് സംഭവിച്ചത് കച്ചവടക്കാർ കടലിൽവെച്ച് ചർച്ചചെയ്ത് നിർണ്ണയിക്കുന്ന കേടുപാടു സംഭവിച്ച സാധനങ്ങളുടെ ശരാശരി കണക്കുകളിൽ നിന്നാണ്.

ഇനി Alcohol എടുക്കുകയാ

ണെങ്കിൽ അത് നിഷ്പന്നമായത് Al-kohl നിന്നാണെന്ന് കാണാം. മദ്ധ്യപുർവ്വേഷ്യയിൽ കണ്ണെഴു താൻ ഉപയോഗിക്കുന്ന ഔഷധ ഗുണമുള്ള കറുത്ത പൊടിയാ ണ് Al-kohl. ഈ പൊടിയും മദ്യ വും തമ്മിലെന്ത് ബന്ധമെന്ന സംശയം തോന്നാം. ആ പൊടി പ്രത്യേക രീതിയിൽ തയ്യാറാക്കി യ Antimony Sulfide ആണ്. ഈ പൊടി. ഒരു വസ്തുവിന്റെ യഥാർത്ഥ സിപിരിറ്റ് അഥവാ അതിന്റെ സത്ത എന്ന അർത്ഥം മനസ്സിലാക്കുകയാണെങ്കിൽ ഇവ തമ്മിലുള്ള ബന്ധം നമുക്ക് വ്യ ക്തമായികാണാം. ഈ പദം രൂപ പെട്ട് എത്രയോ കാലങ്ങൾക്ക് ശേഷം Samuuel Coleridge, Sha kesphear കൃതികളെ സംബന്ധി ച്ചെഴുതിയ ലേഖനങ്ങളിലൊന്നിൽ വില്ലൻ Iago വിനെ വിശേഷിപ്പി ച്ചത്, The very alchahole of ego-ism അഥവാ 'അഹങ്കാരത്തിന്റെ മൂർത്ത ചൈതന്യം ' എന്നാണ്.

മദ്ധ്യകാലഘട്ടത്തിൽ ഇംഗ്ലീഷ് അറബിയിൽ നിന്നും കടമെടു ത്ത ശാസ്ത്ര സാങ്കേതിക പദ ങ്ങളുടെ ആധിക്യം ആ കാല ഘട്ടത്തിലെ ശാസ്ത്ര വിജ്ഞാന മണ്ണ്ഡലത്തിൽ അറബ് ഇസ്ലാ മിക നാഗരികത ചെലുത്തിയ പ്രഭാവം വ്യക്തമാക്കുന്നു. ഉന്ന തമായ സംസ്കാരത്തിന്റെ മറ്റൊ രു തെളിവ് ഈ ശാസ്ത്ര സാങ്കേ തിക പദവ്യുഹങ്ങൾക്ക് തൊട്ട് പിന്നാലെയുള്ളത് സുഖാഡം ബര സമ്പന്നമായ ഉന്നത നിലവാ രമുള്ള ജീവിത ശൈലിയുമായി ബന്ധപ്പെട്ട പദങ്ങളാണ്. ഇതിൽ നിന്നും അവരുടെ ജീവിത നില വാരം ഊഹിക്കാവുന്നതേയുള്ളൂ.

എലിസബത്ത് (1533-1603) രാ ജ്ഞിയുടെ കാലമായപ്പോയേക്കും ഇംഗ്ലീഷ് കടൽ കച്ചവടക്കാർ യൂ റോപ്പിന്ന് പുറമേയുള്ള ലോക ങ്ങളെ തൊട്ടറിഞ്ഞുകൊണ്ട് മദ്ധ്യ പുർവ്വേഷ്യയിൽ നിന്നും അതി ന്നപ്പുറത്തു നിന്നുമൊക്കെ അമൂ ല്യ വസ്തുക്കളും മറ്റു സാമഗ്രിക ളും, ആചാര സമ്പ്രദായങ്ങളും ഇംഗ്ലണ്ടിന്റെ തീരങ്ങളിലേക്ക് കൊണ്ടുവരുവാൻ തുടങ്ങി. ഇവി ടെ പരാമർശിക്കപ്പെട്ട കാര്യം ഇ ങ്ങനെ യാത്രക്കാർ അറേബ്യ യിൽ നിന്നും കപ്പൽ കയറ്റി കൊ ണ്ടുവന്ന പദങ്ങളധികവും സുഖ ലോലമായ അത്യാഢംബര ജീവി ത ശൈലിയെ സുചിപ്പിക്കുന്നവ യാണ്. Sugar, Syrup, Julep, She rb, Marzipan മുതലായവയൊ ക്കെയും അറബിയിൽ നിന്നും കടമെടുത്ത പദങ്ങളാണ്. ഒരു പക്ഷേ എലിസബത്തൻ കാല ഘട്ടത്തിലെ കുടുംബിനിയുടെ അ ടുക്കള സാമാനങ്ങളിൽ ഇതൊ ന്നും ഉൾപ്പെട്ടിട്ടുണ്ടാവില്ല. Coffee വന്നത് അറബിയിലെ Gahawa. യിൽ നിന്നാണ് അതിന്റെ പ്രഭ വ കേന്ദ്രം യമൻ ആണ്. യമ നിലെ തുറമുഖ പട്ടണമായ മോച്ചയിൽ നിന്നും! ഇതിനോട് ചേർത്ത് വെക്കാവുന്നവയാണ് അറബി നാമങ്ങളുള്ള സുഗന്ധ ദ്ര വ്യങ്ങളായ Caraway ഉം Suffron മെല്ലാം Sash, Shawl, Sequin, Muslin, Mohair, Damask, and Cotton. മുതലായ വിലകൂടിയ തു ണിത്തരങ്ങൾ തന്നെ സമ്പത്തി ന്റെ സുചകങ്ങളാണ്. ഇതിൽ Muslin അന്ന് ഉൽപ്പാദിപ്പിച്ചു കൊണ്ടിരുന്നത്. ഇറാഖിലെ മു സോൾ പട്ടണത്തിൽ നിന്നാണ് ആ പേര് ലഭിച്ചത് എന്നാൽ. Sash ആകട്ടെ അറബി മസ്ലിൻ തുണിയായ Shash ൽനിന്നുമാ ണുണ്ടായത്. ഈ പേരു സുചി പ്പിക്കുന്നത് പോലെ Damask തു ണിത്തരം Damascus ൽ നിന്നു ള്ളതാണ്. നാം ഇന്ന് പുച്ചകളു ടെയും ഒരു പ്രത്യേക വർഗ്ഗത്തെ വിശേഷിപ്പിക്കാനായി ഉപ യോ ഗിക്കുന്ന Tabby എന്ന പേര് പോ ലും വന്നത് അറബിയിൽ നിന്നാ ണ്. ബാഗ്ദാദിലെ അൽ ത്വയ്യിബ ജില്ലയിൽ ഉണ്ടാക്കിയിരുന്ന വില കുടിയ വർണ്ണശബളിമയാർന്ന സിൽക്ക് (പട്ട്) തുണിപോലെ ചർ മ്മാവരണമുള്ള പൂച്ച എന്ന നില ക്കാണ് ആ പേര് വന്നത്. Sequ in എന്ന പദം മാകട്ടെ അറബി യിൽ Sikkah യിൽ നിന്നും നിഷ് പന്നമായതാണ്. നാണയ മടി ക്കുന്ന മൂശ. Sofa, Alcove, Jar, and Carafe ഈ സുഖാനന്ദ സാമ ഗ്രിയൊക്കെയും തന്നെ അറേ ബ്യയിൽ നിന്നും കടലു കടന്ന് വന്നവയാണ്. നീളൻ ബഞ്ച് എന്ന അർത്ഥം വരുന്ന Suffa യിൽ നിന്നാണ് Sofa ഉണ്ടാ യത്. കമാനം എന്നർത്ഥമുള്ള Al qubbbahയാണ് ഇംഗ്ലീഷി ലെ Alcove ന്റെ ജനനി, Jar ആകട്ടെ മൺകുടം എന്നർത്ഥം വരുന്ന Jarrah എന്ന പദത്തിൽ നിന്നുമാണ്. Carafe (കുപ്പി) എ ന്ന ഇഗ്ലീഷ് പദം Gharrafah എന്ന അറബി പദത്തിന്റെ ഇംഗ്ലീ ഷ് രൂപമാണ്. ആംഗലേയ പദ സമ്പത്തിനെ Crimson, Carmine, Azure, Liliac തുടങ്ങിയ നിറങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയതും അറബി തന്നെ. ഇനി വിനോദ ത്തിന്നാണെങ്കിൽ കൈപത്തി എ ന്നർത്ഥം വരുന്ന അറബിലെ Raha യിൽ നിന്നും രുപപെട്ടതാണ് Rack-et (Tennis Racet) അറബികൾ എ ന്നും കടൽ സഞ്ചാരികളും കച്ച വടക്കാരുമായിരുന്നു. അതുകൊ ണ്ടുതന്നെ കടലും കച്ചവടവുമാ യി ബന്ധപ്പെട്ട പദങ്ങൾ ഇംഗ്ലീ ഷിലെ അറബിക്ക് Loan Words (അറബിയിൽ നിന്നും കടം കൊ ണ്ട പദങ്ങൾ)ന്റെ കൂട്ടത്തിൽ ക ണ്ടില്ലെങ്കിലേ അത്ഭുതമുള്ളു.

ഇംഗ്ലീഷ് നാവികർ പൊതു വേ ഉപയോഗിക്കുന്ന പദമാണ് Mizzen Masts. ഇതിന്ന് കാരണം ഇംഗ്ലീഷ്കാരന്റെ മാസ്റ്റ് അറ ബിയിൽ Masts എന്ന പദം അറ ബിയിലെ Mazzam ആണ്. Ameer ul Bahr (അമീറുൽ ബഹ്ർ = കട ലിലെ നായകൻ) എന്നതിന്റെ ചു രുക്കരൂപമായ Ameeral നിന്നു മാണ് Admmiral രൂപം കൊണ്ട ത്. Arsenal എന്ന പദം വന്നത് Work shop വർക്ക്ഷോപ്പ് എന്ന് അർത്ഥമുള്ള Dar-as sinna'ah

യിൽ നിന്നുമാണ്. അതിന് മുമ്പ് sinna'ah (കല, കരകൗശല വസ്തു etc.) യിൽ നിന്നുമാണ് അത്പോലെ Magazine എന്ന പദം Makham (സംഭരിച്ച് വെച്ച സ്ഥലം)ൽ നിന്നും കടമെടുത്തതാണ്. കച്ചവടവുമായി ബന്ധപ്പെട്ട പദമായ Tarif (താരിഫ്) ഉൽപ്പത്തി അറബിയിൽനിന്നാണ്. കൗതുകം ജനിപ്പിക്കുന്ന പദങ്ങൾ വേറെയുമുണ്ട്

ഉദാഹരണത്തിന് Adobe, Cocus, Genie, Propinjay എന്നിവയും അറബി പദങ്ങളുടെ മാറ്റിതിരിക്കപ്പെട്ട രൂപങ്ങളാണ്. ഇത്തരത്തിൽ ഉപയോഗാനുസൃതം വേർതിരിച്ചെടുക്കുന്നതിനാൽ ഇംഗ്ലീഷിൽ Garble എന്നാണ് പറയുക. ഈ പദത്തിന്റെ ഉറവിടം പോലും അറബിയാണ്. വേർതിരിക്കുക തിരഞ്ഞെടുക്കുക എന്നീ അർത്ഥം വരുന്ന Garbala എന്നതാണ് Garble ആയി മാറിയത്. മാറ്റിതിരിക്കപ്പെട്ടാലും ഇല്ലെങ്കിലും എന്തായലും ശരി അറബിയിൽ നിന്ന് രൂപപ്പെട്ട പദങ്ങൾ ഇംഗ്ലീഷ് ഭാഷയെ വളരെയധികം സമ്പന്നമാക്കിയിരിക്കുന്നു.

Horse (കുതിര), Horseman(കുതിരക്കാരൻ), Hack (കുതിരയുടെ കടിഞ്ഞാണും മറ്റു സഞ്ചാര സാമഗ്രികളും) എന്നിവയുടെ അറബി നാമങ്ങൾ, അങ്ങകലെ അറബ് ലോകത്ത് നിന്നും എത്രയോ വിദൂരസ്ഥമയ അമേരിക്കക്ക് തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന മരുഭൂമികളിൽ പോലും സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഈ പദങ്ങൾ അറബിയിൽ നിന്ന് സ്പാനിഷിലെത്തുകയും സ്പാനിഷ് ആംഗ്ലോ പാരമ്പര്യങ്ങളുടെ സമ്മേളന വേളയിൽ അമേരിക്കൻ ഇംഗ്ലീഷിലേക്ക് കുടിയേറുകയും ചെയ്തു.

8-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അറബികളുടെയും വടക്കനാഫ്രിക്കയുടെയും ബർബർ വംശജരുടെ ഒരു മുസ്‌ലിം സൈന്യം ഐബീരിയൻ ഉപദ്വീപ് ഏതാണ്ട് മുഴുവനായി തന്നെ കീഴടക്കുകയുണ്ടായി. അതിന് തെക്ക് ഭാഗത്ത് അറബികൾ അൽ അന്തലുസ് (സ്പെയിൻ) എന്ന് വിളിക്കുന്ന പ്രദേശത്ത് അബ്ബാസികൾ നിഷ്ക്കാസനം ചെയ്ത ഒരു സിറിയൻ ഉമവിയ്യാ വംശത്തിലെ ഒരു രാജകുമാരൻ തന്റെ ഭരണം സ്ഥാപിക്കുകയും ഏകദേശം 750 ാം ആണ്ടിനോടടുത്ത് തഴച്ചു വളർന്ന ഒരു നാഗരികത പടുത്തുയർത്തുകയും ചെയ്തു. 1492 ൽ രണ്ട് സുപ്രധാനമായ സംഭവങ്ങളുണ്ടായി. അതിലൊന്ന് ലോകത്തിന്റെ പുതിയ കോണുകളുടെ കണ്ടുപിടുത്തമായിരുന്നു. സ്പെയിൻ, പോർട്ടുഗൽ രാജ്യങ്ങൾ കോളനി വത്ക്കരണങ്ങളുടെ നവാദ്ധ്യയം തന്നെ തുറന്നു. രണ്ടാമതേത് സ്പാനിഷ് സംസ്ക്കാരത്തിൽ ആഴത്തിൽ മുദ്ര ചാർത്തിയ മുസ്‌ലീകളും ജൂതന്മാരും അവിടെനിന്ന് പുറത്താക്കപ്പെട്ട സംഭവമാണ്.

നവലോകം കീഴടക്കവേ അറബി, ബർബർ അഭയാർത്ഥികളടങ്ങുന്ന സ്പെയിനുകാർ അവരുടെ കുതിരകളുടെയും കൂടെകൊണ്ടുപോയി. അവർ അന്ന് കുതിര പാലനത്തിന്നായി ഉപയോഗിച്ച അറബിയിൽ നിന്ന് രൂപപെട്ട പദങ്ങൾ ഇന്നും ആ പ്രദേത്തെ ഭാഷയിൽ (മരുഭുമികളിൽ ഇംഗ്ലീഷ് അമേരിക്കയുടെയും മെക്സിക്കോയുടെയും അതിർത്തി പ്രദേശങ്ങളിലെ മരുഭുമികളിലെ മെക്സിക്കൻ സ്പാനിഷ് കലർന്ന സംസാര ഭാഷ)യിൽ ധാരാളമായി ഉപയോഗിക്കപ്പെടുന്നു.

1975-ൽ യു.എസ് - മെക്സിക്കോ അതിർത്തി പ്രദേശങ്ങളിലെ പുരാതന ആട്ടിടയ സമുദായങ്ങളുടെ അടുത്തേക്ക് ചെന്നപ്പോയാണ് Cowboy lingo ശ്രദ്ധയിൽ പ്പെട്ടത് ഞാനും ഭാര്യയും കുതിരകളെയും ചെമ്മരിയാടുകളെയും ടർക്കിക്കോഴികളെയും വളർത്താറുണ്ട്. അതിനാൽ അവിടെ ജോലി ചെയ്യുന്ന കൗ ബോയ്കളെ ആട്ടിടയന്മാരേയും മൃഗഡോക്ടർമാരേയും അടുത്ത് പരിചയപ്പെടാനും ഇടപഴകാനുമുള്ള അവസരം ലഭിച്ചു. അവരൊക്കെയും ആ പ്രദേശത്ത് നാലര നൂറ്റണ്ട് മുമ്പെത്തിയ അറബയിൽ നിന്നുള്ള അവരുടെ ഭാഷാ പദങ്ങൾ എന്റെ കുട്ടികളിന്ന് സുഖമായും സാധാരണമായും കമ്പ്യുട്ടർ ഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഉപയോഗിക്കുന്നവരാണ്. ഉദാഹരണത്തിന്ന് പ്രഗത്ഭനായ ഒരു കുതിരയോട്ടക്കാരനെ കേമനായ Jinnet എന്നാണ് പറയുക. ഈ പദം വടക്കനാഫ്രിക്കയിലെ ഒരു യുദ്ധക്കുതിരയോട്ട രീതിയെയും പിന്നീട് കുതിരക്കാരനെ തന്നെയും സൂചിപ്പിക്കാനുപയോഗിച്ച പദമാണ്. ഈ Sonoran Spanish Xinete യിൽ നിന്ന് വന്നതാണ്. അതാകട്ടെ ഇന്നത്തെ Algeria യിലെ Zanathi എന്നറിയപ്പെടുന്ന ഗോത്രത്തെ അനുസ്മരിപ്പിക്കുന്ന അന്തലുഷ്യൻ പദമായ Zanathi യിൽ നിന്നും രുപപ്പെട്ടതാണ്.

Sonoran Vaqueros ഉം അവരുടെ കുതിരക്കാരും ഇന്നും കുതിര ചേണത്തിന്ന് Albardon എന്നാവും പറയുക. ഇത് ഐബീരിയൻ പദമായ Albarda യിൽ നിന്നും ഉണ്ടായതാണ് ഇംഗ്ലീഷിൽ അർത്ഥം Pack Saddle എന്നാണ് ഈ പദത്തിന്ന് ശരിയായ ഉദ്ഭവം അറബിയിലെ Al barda യിൽ നിന്നാണ്. ഇക്കൂട്ടത്തിലെ മറ്റൊരു പദമാണ് Acion. കൗബോയ്കൾ ഉപയേഗിക്കുന്ന തോലു കൊണ്ടുള്ള ബെൽട്ടാണിത്. ഇത് അറബി പദമായ Al siyum നിന്ന് ഉണ്ടായതാണ്. അവരുടെ Azote(ചാട്ടവാർ) അറബിയിലെ As-sut ആണ്. അറബിയിലെ Algullah അവർക്ക് Argollas ആയി മാറി (Ringing Starp)

ഈ കുട്ടത്തിൽ എനിക്കേറ്റവുമിഷ്ടപ്പെട്ട പദം Hackamore ആണ്. കന്നുകാലികളെ ബന്ധിക്കാനുപയോഗിക്കുന്ന മുക്കുകയറാണിത്. അറബി പദമായ Sakima യെ പ്ര

തിഫലിപ്പിക്കുന്ന അന്തലൂന്ത്യ ഷ്യൻ പദമായ Jaquima നിന്ന് രൂപ പ്പെട്ടതാണ് ഈ പദം

ഇനി മൃഗങ്ങളുടെ നിറവ്യത്യാസങ്ങളെ സൂക്ഷ്മമായി സൂചിപ്പിക്കുന്ന പല പദങ്ങളും ഇവർക്കിടയിലുണ്ട്. പരിശോധിച്ചാൽ ഇവയുടെയൊക്കെയും പ്രഭവം അറബിയാണെന്ന് തെളിയിക്കാൻ കഴിയും. കൗബോയ്കൾ ഇങ്ങിനെ കുതിരകളുടേയും കന്നുകാലികളുടെയും ചെമ്മരിയാടിന്റെ പോലും നിറങ്ങൾക്ക് പ്രത്യേകം പേരുകൾ ഉപയോഗിച്ചുപോരുന്നു. ഞാൻ കളർ ബ്ലൈന്റ് (ചില വർണ്ണങ്ങൾ കാണാൻ കഴിയാത്ത രോഗം) ആയതിനാൽ ഈ പേരുകൾ മനസ്സിലാക്കിയെടുക്കാൻ എനിക്ക് കുറച്ച് സമയം പിടിച്ചു. എങ്കിലും. Almagre(ഒരിനം തുരുമ്പു നിറമുള്ള കുതിര) എന്റെ ശ്രദ്ധയിൽ പ്പെടുക തന്നെ ചെയ്തു. ഈ പേര് ചുവന്ന മണ്ണ് എന്നർത്ഥം വരുന്ന അറബി പദം Al-magra യിൽ നിന്നും വന്നതാണെന്ന് എനിക്ക് അറിയാമായിരുന്നു. വർണ്ണങ്ങളെ സംബന്ധിച്ച പദത്തിൽ എന്നെ ഏറ്റവും ഏറെ കുഴപ്പിച്ചത് മൂക്ക് മുതൽ വാലറ്റം വരെ തുരുമ്പിച്ച ബ്രൗൺനിറമുള്ള കുതിര വിളിക്കുന്ന Alice-Ann എന്ന പേരാണ്. ഇത് അറബിയിലെ Al-azam (ചുവന്ന മരത്തടി)യിൽ നിന്നുമാണെന്ന് തിരിച്ചറിയാൻ കുറച്ച് ബുദ്ധിമുട്ടി. ഈ അടുത്ത് Alice-Ann എന്ന വാക്കിന്റെ ദ്വയാർത്ഥം ഉപയോഗിച്ച് ജാക്ക് എന്നൊരാളെഴുതിയ നർമ്മ കവിത വായിക്കാനിടയായി.

On the frontier a cowboy's
best gal
was called Alice Ann, ant not sal
The trick is, of couse,
That this friend was a horse
so an Alice could be a male pal

അങ്ങതിർത്തിയിൽ ഒരു കൗ
ബോയ്യുടെ നല്ല കൂട്ടുകാരിയെ
ആലീസ് ആൻ എന്നാണ്
വിളിച്ചിരുന്നത്. സാൽ എന്നല്ല.
അതാണ് വലിയ തമാശയും
ആ സുഹൃത്തുണ്ടല്ലോ
അതൊരു കുതിരയാണ്
അപ്പോൾ ചിലപ്പോൾ ആലീസ്
ഒരു ആൺകുട്ടിയുമാകാം.

പേജ് 18 ൽ നിന്ന്

ണ്ഠകളും ഇല്ലാതാകുന്നതാണ്. അതുകൊണ്ട് അതിഥികളോടും ഡ്യൂട്ടിക്കാരോടും രണ്ടു കൂട്ടരോടും എനിക്ക് പറയാനുള്ളത് വിശാലമനസ്കത പ്രദർശിപ്പിക്കുന്നത് നിങ്ങളുടെ കടമയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹപ്രകാരം നമ്മൾ പരസ്പരം സ്നേഹസാഹോദര്യങ്ങളുടെ മാതൃക ആകാനായി ശ്രമിക്കേണ്ടതാണ്. ഇതുതന്നെയാണ് അല്ലാഹു വിശ്വാസികളെക്കുറിച്ച് പറഞ്ഞിട്ടുള്ളതും. അതുകൊണ്ട് ചെറിയ ചെറിയ കാര്യങ്ങളിൽ പെട്ടുപോകാതെ തങ്ങളുടെ ജീവിത ലക്ഷ്യം പ്രാപിക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. അത് റുക്കൂഅ്, സുജൂദ്, ഇബാദത്തുകൾ എന്നിവ മുഖേനയും ദൈവസ്മരണയാലുമാണ് പ്രാപ്യമാകുക. ഇവിടെ വന്നിരിക്കുന്ന ഓരോരുത്തരും തന്നെ തന്റെ യാത്രയെ ദൈവത്തിനുവേണ്ടി മാത്രമുള്ളതാക്കാൻ ശ്രമിക്കുക. ഇവിടെ ചില അനഹ്മദികളും അമുസ്‌ലിം സഹോദരങ്ങളും വന്നിട്ടുണ്ട് എന്ന കാര്യം അതിഥികളും ആതിഥേയരും എല്ലാവരും മനസ്സിലാക്കി ഉന്നത ധാർമികഗുണം പ്രകടിപ്പിക്കുകയാണെങ്കിൽ അതൊരു നിശബ്ദമായ ദീനീപ്രചരണമായിരിക്കും. അതുമുഖേന മറ്റുള്ളവരിൽ നല്ല സ്വാധീനം ഉളവാക്കാനാകും. അങ്ങനെ അവർക്ക് ഇസ്‌ലാമിലേക്ക് ശ്രദ്ധയുണ്ടാകുന്നതായിരിക്കും. അവർ ഇസ്‌ലാമികാധ്യാപനങ്ങളിലേക്ക് ആകൃഷ്ടരാകുന്നതായിരിക്കും.

മറ്റൊരു സുപ്രധാന സംഗതി, വരുന്നവർ പരസ്പരം സലാം ചൊല്ലുകയും ഇക്കാര്യത്തിനായി കൂടുതൽ പരിശ്രമിക്കേണ്ടതുമാണ്. വളരെ അനുഗ്രഹപൂർണവും പരിപാവനവുമായ ഒരു ദുആയാണ് നമുക്ക് പഠിപ്പിച്ചുതന്നിട്ടുള്ളത്. അതിഥിയും ആതിഥേയനും പരസ്പരം സലാം ചൊല്ലുമ്പോൾ എല്ലാതരം ഭയാശങ്കകളിൽനിന്നും സ്വതന്ത്രരാകുകയും പരസ്പരം അനുഗ്രഹാശ്ശിസ്സുകൾ നേരുന്ന ഒരു പ്രാർത്ഥന ചെയ്യുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ഇന്നാളുകളിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. അങ്ങനെ നമ്മൾ നാലുപാടും സമാധാനവും സ്നേഹവും പരത്തുന്നവരാകുന്നതോടെ ഈ ഒരന്തരീക്ഷത്തെ അല്ലാഹുവിനുവേണ്ടി മാത്രം സ്നേഹസാഹോദര്യങ്ങളുടെതാക്കി മാറ്റേണ്ടതുണ്ട്. എല്ലാതരം സ്വാർഥതാൽപര്യങ്ങളിൽനിന്നും സ്വയം മുക്തരാകാനും ഇന്നാളുകളിൽ നമ്മുടെ ജീവിതങ്ങളിൽ ഒരു വിപ്ലവം സംജാതമാക്കാനും നമ്മൾ ശ്രമിക്കേണ്ടതാണ്. റസൂലുല്ലാഹ്(സ) പറഞ്ഞു: സലാം പ്രചരിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ പരിചയമുള്ളവരോടും അപരിചിതരോടും സലാം ചൊല്ലേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം വിവരിക്കാം, വാഗ്ദത്ത മസീഹ്(അ) ഒരിക്കൽ ജംഗെ മുഖദ്ദസ് എന്ന മുസ്‌ലിംങ്ങൾക്കും ക്രിസ്ത്യാനിക ൾക്കും ഇടയിൽ നടന്ന സംവാദത്തിൽ പങ്കെടുക്കുയായിരുന്നു. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) താമസിച്ചിരുന്ന സ്ഥലത്ത് അതിഥികളുടെ ആധിക്യം നിമിത്തം സംഘാടകർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഭക്ഷണം നൽകാൻ മറന്നു പോയി. രാത്രിയുടെ ഒരു യാമം പിന്നിട്ടു; ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് കാത്തിരുന്ന ശേഷം ഭക്ഷണത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ അവിടെ കാര്യങ്ങൾ നടത്തിയിരുന്നവരെല്ലാവരും വളരെ അസ്വസ്ഥരായി. ഭക്ഷണം മാറ്റിവച്ചിട്ടില്ല; ഒരു

പാട് വൈകിയ കാരണം മാർക്കറ്റും അടച്ചുകഴിഞ്ഞു. ഏതായാലും ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് കാര്യം മനസ്സിലായപ്പോൾ പറഞ്ഞു: ഇങ്ങനെ അസ്വസ്ഥരാകേണ്ടതിന്റെയും ഭയപ്പെടേണ്ടതിന്റെയും ആവശ്യമെന്തുണ്ട്. ഭക്ഷണം വിതരണം ചെയ്ത സ്ഥലത്ത് ചെന്ന് നോക്കുക; ഭക്ഷിച്ചതിന്റെ ബാക്കിയെന്തെങ്കിലും കിടപ്പുണ്ടാകും. തീൻമേശയിൽ ചെന്നു നോക്കിയപ്പോൾ അവിടെ ഏതാനും റൊട്ടിക്കഷണങ്ങൾ അല്ലാതെ മറ്റൊന്നും ബാക്കിയുണ്ടായിരുന്നില്ല. കറികളൊന്നും ഉണ്ടായിരുന്നില്ല. നമുക്ക് ഇതുതന്നെ ധാരാളം എന്ന് പറഞ്ഞുകൊണ്ട് അതു കഴിക്കുകയുണ്ടായി. തിരു നബി[സ]ന്റെ ഏറ്റവും വലിയ പ്രേമിയും അവിടുത്തെ സുന്നത്തിന്റെ അനുയായിയുമായ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ മാതൃകയായിരുന്നു ഇത്. അതിനാൽ ആ മഹാത്മാവിന്റെ ജമാഅത്തിൽ ചേർന്നുവെന്ന് വാദിക്കുന്ന നമുക്ക് ഈ ക്ഷമയും വിശാലമനസ്കതയും നന്ദിയും വികാരവും എല്ലായ്പ്പോഴും കാണിക്കേണ്ടത് ആവശ്യമാണ്.

ഈ ദിവസങ്ങളിൽ വിവിധ തരത്തിലുള്ള എക്സിബിഷനുകൾ ഉണ്ടെന്നും ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ വർഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ യൂറോപ്പ് സന്ദർശനത്തിന്റെ നൂറാം വാർഷികമാണ്. അതിനാൽ യുകെ ജമാഅത്ത് കേന്ദ്ര ആർക്കൈവ്സിന്റെ സഹകരണത്തോടെ വിവിധ ഫോട്ടോകളുടെ പ്രദർശനം ഒരുക്കിയിട്ടുണ്ട്, അത് തീർച്ചയായും കണ്ടിരിക്കേണ്ട ഒന്നാണ്. അതുപോലെ സന്ദർശിക്കേണ്ട മറ്റ് പ്രദർശനങ്ങളും ഉണ്ട്. ഒഴിവുസമയങ്ങളിൽ സമയം കളയുന്നതിന് പകരം ഈ പ്രദർശനങ്ങൾ കാണാൻ ശ്രമിക്കുക.

ഈ ദിവസങ്ങളിൽ സുരക്ഷയ്ക്ക് പ്രത്യേക ശ്രദ്ധ നൽകുക. എല്ലാറ്റിനുമുപരിയായി, നമ്മുടെ സുരക്ഷിതത്വം നമ്മുടെ ചുറ്റുപടിലേക്കുമുള്ള നമ്മുടെ ശ്രദ്ധയാണ്. എന്നാൽ നമുക്കുള്ള ഏറ്റവും വലിയ ആയുധം സർവ്വശക്തനായ അല്ലാഹുവിന്റെ അഭയമാണ്. ഈ അഭയം ലഭിക്കുന്നതിന്, പ്രത്യേകിച്ച് ഈ മൂന്ന് ദിവസങ്ങളിൽ, പ്രാർത്ഥനയിലും ദൈവസ്മരണയിലും ഊന്നൽ നൽകേണ്ടതാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഇത് പിന്തുടരാനുള്ള തൗഫീഖ് നൽകട്ടെ, ഈ ജലസ എല്ലാവർക്കും അനുഗ്രഹമാകട്ടെ.

പേജ് 12 ൽ നിന്ന്

മില്ല. എന്തുകൊണ്ടെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്ന് വേർപെട്ടവനല്ല. ശാഖ അതിന്റെ തായ്ത്തടിയിൽനിന്ന് വേർപ്പെട്ടതുമല്ല. അതുകൊണ്ട് തന്റെ യജമാനനിൽ പരിപൂർണ്ണമായി ലയിച്ചത് നിമിത്തം അല്ലാഹുവിൽനിന്ന് നബിയെന്ന പട്ടം ലഭിക്കുന്ന ഒരാൾ ഖതമുന്നുബുവ്വത്ത് എന്ന മഹത്തായ പദവിക്ക് ഒരു കോട്ടവും വരുത്തുന്നില്ല. നിങ്ങൾ കണ്ണാടിയിൽ നിങ്ങളുടെ പ്രതിരൂപം കാണുമ്പോൾ പ്രത്യക്ഷത്തിൽ രണ്ടായിക്കാണപ്പെടുന്നുണ്ടെങ്കിലും നിങ്ങൾ രണ്ടാകുന്നില്ല. ഒന്നു തന്നെയായിരിക്കും. മൂലവും (രൂപവും) പ്രതിരൂപവും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളു. അതുപോലെതന്നെയാണ് അല്ലാഹു വാഗ്ദത്ത മസീഹിന്റെ കാര്യത്തിലും ഇച്ഛിക്കുന്നത്. വാഗ്ദത്ത മസീഹ് തന്റെ ഖബ്റിൽ മറയടക്കപ്പെടുമെന്ന് ഹദ്റത്ത് നബി[സ] തിരുമേനി അരുൾ ചെയ്തതിന്റെ രഹസ്യവും ഇതുതന്നെയാണ്. അത് ഞാൻ തന്നെയാകുന്നു. ഇതിൽ ദ്വിവിധത്വം വരുന്നില്ല. ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക. കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ ഖബ്റുണ്ട്. അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു.

പ്രസ്തുത ആയത്തിന് മരണമെന്നല്ല മറ്റേതെങ്കിലും അർത്ഥമാണുള്ളതെങ്കിൽ, ഈസാനബി മരിക്കുന്നതാണെന്നെവിടെയാണ് ഖുർആനിൽ പറയപ്പെട്ടിരിക്കുന്നത്? നമ്മുടെ എതിരാളികൾ കരുതുന്നതുപോലെ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള ആയത്തുകൾക്ക് മറ്റൊരർത്ഥമാണുള്ളതെങ്കിൽ അദ്ദേഹം എപ്പോഴെങ്കിലും മരണമടയുന്നതാണെന്ന് കാണിക്കുന്നവല്ല വചനവും ഖുർആനിലുണ്ടോ? അല്ലാഹു നമ്മുടെ നബിയുടെ മരണത്തെക്കുറിച്ച് അറിയിച്ചുതന്നിരിക്കുന്നു. എന്നാൽ, ഈസാനബി മരിക്കുന്നതിനെക്കുറിച്ച് ഖുർആനിൽ എവിടേയും പ്രതിപാദിക്കുന്നില്ലേ. ഇതിലുള്ള രഹസ്യമെന്താണ്? *(കശ്തിയെ നൂഹ്- ഹദ്റത്ത് അഹ്മദ്)*



ലേഖനം

# ഒളിമ്പിക്ക്സിനെക്കാൾ ഫലപ്രദമായ മാനവൈക്യം

വിശ്വമാനവൈക്യത്തിന്റെ പ്രതീകമായാണ് ഒളിമ്പിക്ക്സ് മത്സരങ്ങൾ നടത്തുന്നത്. ഛിദ്രതയും വംശീയതും. വൻശക്തി പ്രകടനങ്ങളും അക്രമവും നിലനിൽക്കുന്ന ലോകത്ത് ഒളിമ്പിക്സിലും അത് പ്രതിഫലിക്കുക സ്വാഭാവികം. കൂടുതൽ ധാർമിക ബന്ധവും ആത്മീയ സാന്ദ്രവുമായ മറ്റൊരു മാനവിക കൂട്ടായ്മ നാം വിശ്വമാനവികൈക്യത്തിന് കണ്ടെത്തേണ്ടിയിരിക്കുന്നു.

**ഫസൽ മസൂദ് മാലിക്ക്, ഫർഹാൻ ഖോഖർ, കാനഡ**

**2024**ലെ പാരീസ് സമ്മർ ഒളിമ്പിക് ഗെയിംസ് അടുത്തിടെ ഓഗസ്റ്റ് 11 ന് സമാപിക്കുകയും പാരാലിമ്പിക് (അംഗപരിമിതരായവരുടെ ഒളിമ്പിക്) ഒളിമ്പിക്ക്സ് ഓഗസ്റ്റ് 28 ന് ആരംഭിക്കുകയും ചെയ്തതോടെ, ലോകം വീണ്ടും മനുഷ്യ കായിക ക്ഷമതയുടെയും അന്താരാഷ്ട്ര നന്മയുടെയും ഒരു കാഴ്ചയ്ക്ക് സാക്ഷ്യം വഹിച്ചു. ഓരോ നാല് വർഷത്തിലും, ഒളിമ്പിക്ക്സ് ഗെയിംസ് നമ്മുടെ ദേശീയ ശ്രദ്ധ ആവശ്യപ്പെടുന്നു. സൗഹൃദ മത്സരത്തിനായി രാഷ്ട്രങ്ങളെ ഒളിമ്പിക്സ് ഒരുമിച്ച് കൊണ്ടുവരുന്നു. എന്നാൽ ഒളിമ്പിക് ശരിക്കും ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നുണ്ടോ? കൂടുതൽ സൂക്ഷ്മമായി പരിശോധിച്ചാൽ ഐക്യത്തിന്റെ പുറംമോടിക്ക് താഴെ കൂടുതൽ സങ്കീർണ്ണമായ ഒരു യാഥാർത്ഥ്യം അതിന്നടിയിൽ നിലനിൽക്കുന്നുണ്ട്.

സമാപന ചടങ്ങ് നോക്കുക. ആഗോള ഐക്യത്തിന്റെ ആഘോഷമായിരിക്കേണ്ടതിന് പകരം അത് ദേശീയ വ്യത്യാസങ്ങളുടെ ഘോഷയാത്രയായി മാറുകയാണ് ചെയ്തത്. ടീമുകൾ വ്യത്യസ്ത പതാകകൾക്ക് കീഴിൽ മാർച്ച് ചെയ്യുന്നു. അവരുടെ വിജയം അളക്കുന്നത് അവർ നിർമ്മിക്കുന്ന പാരസ്പര്യ പാലങ്ങളിലല്ല. മറിച്ച് അവർ നേടുന്ന മെഡലുകളിലാണ്. 'ഞങ്ങൾ ഒരു ലോകമാണ്' എന്ന വികാരത്തിന്റെ ന്യൂനതയും 'ഞങ്ങൾ ചാമ്പ്യന്മാരാണ്' എന്ന വികാരത്തിന്റെ ആധിക്യവുമാണ് അവിടെ കണ്ടത്.

ഈ വൈരുദ്ധ്യം സ്റ്റേഡിയത്തിനപ്പുറത്തേക്ക് വ്യാപിക്കുകയുണ്ടായി. യുണൈറ്റഡ് കിംഗ്ഡം സമീപ കാലത്തെ വംശീയ കലാപങ്ങളുടെയും യൂറോപ്യൻ യൂണിയനിൽ നിന്നും ഒഴിഞ്ഞു പോയ ബ്രെക്സിറ്റിൽ നിന്നുമുള്ള വീഴ്ചകളുമായി മല്ലിടുമ്പോഴായിരുന്നു അത്ലറ്റുകളുടെ പ്രകടനം. അമേരിക്ക അതിന്റെ രാഷ്ട്രീയം അപകടകരമായ ധ്രുവീകരണത്തിലേക്ക് വളരുമ്പോൾ അവർ മെഡൽ പട്ടികയിൽ ഒന്നാമതാണ്. സ്വന്തം നാട്ടിൽ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ നിലനിൽക്കുമ്പോഴും ചൈന കായിക ശക്തി വർദ്ധിപ്പിക്കുന്നു. ഈ രാജ്യങ്ങൾ ഇപ്രകാരം പറയുന്നത് പോലെ തോന്നുന്നു. 'ട്രാക്കിലെ നമ്മുടെ ഐക്യം നോക്കുക, പക്ഷേ തിരശ്ശീലയ്ക്ക് പിന്നിലേക്ക് നോക്കരുത്'.

പ്രശ്നം ഒളിമ്പിക്സിൽ മാത്രം ഒതുങ്ങുന്നില്ല. ഏഷ്യൻ ഗെയിംസ്, പാൻ അമേരിക്കൻ ഗെയിംസ് തുടങ്ങിയ, ചൈന, യുണൈറ്റഡ് സ്റ്റേറ്റ്സ് തുടങ്ങിയ മേഖലാ കായികാഘോഷങ്ങളിലെ മത്സരങ്ങളിൽ ശക്തരായ രാജ്യങ്ങളാണ് പലപ്പോഴും ആധിപത്യം പുലർത്തുന്നു. 'ഒളിമ്പിക്ക്സ് മുദ്രാവാക്യമായ Citius, Altius, Forties-Communiter ('വേഗത, ഉന്നതി, ശക്തി) അതിന്റെ സത്ത നഷ്ടപ്പെട്ടതായി തോന്നുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ കായികരംഗത്തെ അന്താരാഷ്ട്ര ഐക്യത്തിന്റെ മനോഭാവം ഇല്ലാതായി. രാഷ്ട്രങ്ങളെ ഒന്നിപ്പിക്കുന്നതിനു പകരം, ആധുനിക ഒളിമ്പിക്സ് പലപ്പോഴും നിലവിലുള്ള ആഗോള ശക്തികളുടെ താൽപര്യങ്ങളുടെ ശക്തിപ്രകടന വേദികലളായി മാറുന്നു.

എന്നാൽ സ്പോർട്സ് ഇല്ലെങ്കിൽ പിന്നെ മറ്റൊരു മാനവിക വേദി ഏതാണുള്ളത്? നമുക്ക് എങ്ങനെ യഥാർത്ഥ ആഗോള ഐക്യം വളർത്താനാകും?


ഉദാഹരണത്തിന്, വിശുദ്ധ ഖുർആൻ പറയുന്നു: **'മനുഷ്യരേ, നിങ്ങളെ നാം ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിങ്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാണ്'** (സൂറ: ഹുജൂറാത്ത് 49:14)

അത്ലറ്റിക് മികവിന്റെ അശ്രാന്തമായ പരിശ്രമം പ്രശംസനീയമാണെങ്കിലും, പങ്കെടുക്കുന്നവരെയും കാണികളെയും ഒരുപോലെ ബന്ധിപ്പിക്കുന്ന അടിസ്ഥാന മാനവികതയെ മറയ്ക്കരുത്. തന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ വിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പ്രസ്താവിച്ചു: 'ഒരു അറബിക്ക് അനറബിയേക്കാൾ മേന്മയില്ല. ഒരു അനറബിക്ക് അറബിയേക്കാളും മേന്മയില്ല. വെള്ളക്കാരന് കറുത്തവനെക്കാളും കറുത്തവന് വെള്ളക്കാരനെക്കാളും മേന്മയില്ല.' (മുസ്നദ് അഹ്മദ് )

ഈ അദ്ധ്യാപനങ്ങൾ അന്താരാഷ്ട്ര കായിക മത്സരങ്ങൾക്ക് നൽകാൻ കഴിയുന്നതിനേക്കാൾ മാനവ ഐക്യത്തിന് കൂടുതൽ ആഴത്തിലുള്ള അടിത്തറയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആഗോള ഐക്യത്തിനായുള്ള നമ്മുടെ അന്വേഷണത്തിന് വിഭജനത്തിന്റെ മൂലകാരണങ്ങളെ അഭിസംബോധന ചെയ്യുകയും ഏതൊരു ദേശീയ അതിർത്തികൾക്കും അതീതമായ ഒരു ധാർമ്മിക കൂട്ടായ്മയുടെ ചട്ടക്കൂട് വളർത്തിയെടുക്കുകയും വേണം.

കൂടുതൽ സൂക്ഷ്മമായി കാണേണ്ട ഐക്യത്തിന്റെ ഒരു മാതൃക, ഒരു ഖിലാഫത്തിന്റെ കീഴിലുള്ള അഹ്മദീയ മുസ്ലിം ജമാഅത്താണ്. വിശുദ്ധ ഖുർആന്റെയും പരിശുദ്ധ പ്രവാചകന്റെയും അദ്ധ്യാപനങ്ങളിൽ വേരൂന്നിയ ഈ ആത്മീയ നേതൃത്വത്തിന്റെ ധാർമ്മിക സംവിധാനം മത്സരത്തിനും ദേശീയ അഭിമാനത്തിനും പകരം മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഐക്യത്തിന്റെ കാഴ്ചപ്പാടാണ് വാഗ്ദാനം ചെയ്യുന്നത്. ആഗോള മുസ്‌ലിം സമൂഹം സാർവത്രികമായി അംഗീകരിച്ചില്ലെങ്കിലും ഈ ആഗോള ഐക്യം അഹ്മദിയാ ജമാഅത്തിലൂടെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള വിഭജനം കുറയ്ക്കുന്നതിൽ, സ്പോർട്സിനേക്കാൾ ആഴത്തിൽ മാനവ ഐക്യം വളർത്തുന്ന ഒരു പ്രത്യയശാസ്ത്ര ചട്ടക്കൂടിന്റെ ഉദാഹരണമാണിത്.

തീർച്ചയായും, ഉന്നതമായ ആദർശങ്ങൾ കായികരംഗത്തെ മികവിന്റെ പ്രായോഗിക യാഥാർത്ഥ്യങ്ങളായി മാറുന്നത് ഒരു ചെറിയ നേട്ടമല്ല. ലോകം അതിന്റെ പ്രിയപ്പെട്ട കായിക മത്സരങ്ങൾ ഉപേക്ഷിക്കരുത്. ഈ കായിക വിനോദങ്ങൾക്ക് ഒരു മൂല്യമുണ്ട്. ഇത് വൈവിധ്യമാർന്ന സമൂഹങ്ങൾക്കിടയിൽ യഥാർത്ഥത്തിലുള്ള മാനുഷിക ബന്ധത്തിന്റെ പങ്കിടലിന്റെയും ആവേശത്തിന്റെയും നിമിഷങ്ങൾ നൽകുന്നു.എന്നാൽ ജനങ്ങളെ ഒന്നിപ്പിക്കുന്നതിന് പകരം കൂടുതൽ കൂടുതൽ ഭിന്നിക്കുന്നതിൽ അവർ വഹിക്കുന്ന പങ്ക് പുനർവിചിന്തനം ചെയ്യാനുള്ള അവസരമാണിത്. ലോകസമാധാനത്തിന്റെ ഭാരം അത്‌ലറ്റുകളുടെ ചുമലിൽ വയ്ക്കുന്നതിനു പകരം, നമ്മുടെ ആഗോള മാനവിക കൂട്ടായ്മയുടെ ധാർമ്മിക ഉത്തരവാദിത്തം വഹിക്കുന്ന ഒരു ആത്മീയ ചട്ടക്കൂടിനെ കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.



താൽക്കാലിക സഖ്യങ്ങളിലൂടെയോ കായികമത്സരങ്ങളിലൂടെയോ നേടാൻ കഴിയുന്നതിനേക്കാൾ ആഴത്തിലുള്ള ഐക്യമാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. **'നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക, ഭിന്നിക്കാതിരിക്കുക'** (സൂറ: അന്നിസാ. 3:104) എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു കൽപിക്കുന്നു. പൊതുവായ ധാർമ്മികവും ധാർമ്മികവുമായ ലക്ഷ്യങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കുന്നതിൽ നിന്നാണ് യഥാർത്ഥ ആഗോള ഐക്യം ഉണ്ടാകുന്നത്. എന്നാണ് ഖുർആന്റെ മാർഗ്ഗനിർദ്ദേശം.

കൗതുകകരമെന്ന് പറയട്ടെ, അത്തരം ഐക്യത്തിന് സമാന്തരമായ ഒരു പ്രായോഗിക മാതൃക ഇതിനകം നിലവിലുണ്ട്. അഹ്മദീയാ മുസ്‌ലിം ജമാഅത്ത് നടത്തുന്ന വാർഷിക സമ്മേളനമായ ജൽസ സലാനയാണത്. മത്സരാധിഷ്ഠിത അന്താരാഷ്ട്ര കായിക വിനോദങ്ങൾക്ക് അനുപൂരകമായ ഒരു കാഴ്ചപ്പാട് വാഗ്ദാനം ചെയ്യുന്നു. ഇവിടെ, നൂറുകണക്കിന് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പ്രാർത്ഥനയിലും അല്ലാഹുവിനെ സ്തുതിക്കുന്നതിലും ഒന്നിക്കുന്നു. വിവിധ അരാജ്യങ്ങളുടെ പതാകകൾ, വേദികൾ, അവാർഡുകൾ (അക്കാദമിക മികവിന്) എന്നിവയുണ്ടെങ്കിലും പ്രാഥമിക ശ്രദ്ധ ആത്മീയ വളർച്ചയിലും പരസ്പര ധാരണയിലുമാണ്. മറ്റുള്ളവരെക്കാൾ നമ്മുടെ ശ്രേഷ്ഠത തെളിയിക്കുന്നതിലല്ല, മറിച്ച് നമ്മുടെ മനുഷ്യത്വ കൂട്ടായ്മയും പൊതുവായ ആത്മീയ വളർച്ചയും അംഗീകരിക്കുന്നതിലാണ് യഥാർത്ഥ ഐക്യം കണ്ടെത്താനാകുക എന്നതിന്റെ ജീവൽമാത്രകയാണ ആ കൂട്ടായ്മ.

യഥാർത്ഥ ആഗോള ഐക്യത്തിനായുള്ള ഓട്ടം ഈ കാലഘട്ടത്തിന്റെ തീവ്രമായ ആവശ്യമാണ്. എല്ലാ തലങ്ങളിലുമുള്ള ത്യാഗങ്ങളില്ലാതെ അത് നേടാൻ കഴിയില്ല. കായിക മത്സരങ്ങൾക്ക് എല്ലായ്പ്പോഴും അവയുടെ സ്ഥാനമുണ്ടെങ്കിലും, ഒരു പക്ഷേ പ്രചോദനത്തിനായി ജൽസ സലാന പോലുള്ള ഉദാഹരണങ്ങളിലേക്ക് നോക്കേണ്ട സമയമായിരിക്കുന്നു. ഒരുപക്ഷേ, ആത്യന്തികമായി ലോകം പറുദീസയിലേക്ക് നയിക്കുന്ന പാതയായി അഹ്മദിയാ ഖിലാഫത്തിനെ കാണേണ്ട സമയമായിരിക്കുന്നു.



# ബംഗ്ലാദേശ് പ്രക്ഷോഭം

**ബം**ഗ്ലാദേശ് പ്രധാനമന്ത്രി അവാമി ലീഗ് നേതാവുമായിരുന്ന ശേഖ് ഹസീന സംവരണ വിരുദ്ധ പ്രക്ഷോഭത്തെ തുടർന്ന് ആഗസ്ത് 5 ന് രാജിവെച്ച് ബംഗ്ലാദേശ് വിട്ട് ഇന്ത്യയിലേക്ക് പലായനം ചെയ്തിരിക്കയാണ്. അതോടെ 15 വർഷമായി തുടരുന്ന ശേഖ് ഹസീനയുടെ ഭരണം അവസാനിച്ചു. വിദേശകാര്യമന്ത്രി ഹസൻ മഹ്മൂദിനെ സൈന്യം കസ്റ്റഡിയിലെടുത്തു. മറ്റുപല മന്ത്രിമാരും ബംഗ്ലാദേശ് വിട്ട് മറ്റ് രാജ്യങ്ങളിലേക്ക് പോയി. ബംഗ്ലാദേശിലെ നൊബേൽ സമ്മാന ജേതാവും സമുന്നത സാമ്പത്തിക ശാസ്ത്രജ്ഞനും എല്ലാവർക്കും സുസമ്മതനും 84 കാരനുമായ മുഹമ്മദ് യൂനുസ് ആണ് ഇടക്കാല ഭരണകൂടത്തിന്റെ തലവനായി അധികാരമേറ്റിരിക്കുന്നത്. സർവത്ര അഴിമതിയും ഏകാധിപത്യവും വാണിരുന്ന ഹസീന സർക്കാറിന്റെ സംവരണ തീരുമാനത്തിനെതിരായിരുന്നു പ്രക്ഷോഭം. ബഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (ബി എൻ പി)യുടെ നേതൃത്വത്തിലായിരുന്നു പ്രക്ഷോഭണം. ബംഗ്ലാദേശിലെ മത രാഷ്ട്ര വാദവും സായുധ ജിഹാദും ഉയർത്തിപ്പിടിക്കുന്ന ജമാഅത്തെ ഇസ്ലാമിയും മറ്റു ജിഹാദി പാർട്ടികളും അവസരം ഉപയോഗപ്പെടുത്തി പ്രക്ഷോഭ രംഗത്തുണ്ട്. നിരോധിത സംഘടനയായ ജമാഅത്തെ ഇസ്ലാമിയാണ് പ്രക്ഷോഭത്തെ അക്രമാസക്തമാക്കുന്നത് എന്നാണ് പരക്കെയുള്ള ആക്ഷേപം. മതന്യൂനപക്ഷങ്ങൾക്കെതിരെയും അഹ്മദികൾക്കെതിരെയും വരുടെ മതസ്ഥാപനങ്ങൾക്കും പള്ളികൾക്കുമെതിരെ വ്യാപകമായ ആക്രമണമാണ് അഴിച്ചു വിട്ടിരിക്കുന്നത്.

2024 ജൂണിൽ ആരംഭിച്ച സംവരണ വിരുദ്ധ വിദ്യാർത്ഥി പ്രക്ഷോഭമാണ് ഇപ്പോൾ ഭരണ കൂടമാറ്റത്തിന് വഴിവെച്ചത്. 1971 ൽ ബംഗ്ലാദേശ് വിമോചന സമരം നടത്തിയവർക്ക് 30 ശതമാനം ജോലി സംവരണം ചെയ്യുകയും പിന്നീട് അവരുടെ മക്കൾക്കും പേരകൂട്ടികൾക്കും കൂടി സംവരാണാനുകൂല്യം നീട്ടുകയും ചെയ്തു. ഇത് ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളിലും വിദ്യാർത്ഥികൾക്കിടയിലും വമ്പിച്ച പ്രതിഷേധമാണ് ഉണ്ടാക്കിയത്. സംവരണം 5 ശതമാനമാക്കി സുപ്രീം കോടതി നിജപ്പെടുത്തുകയുണ്ടായി. മാത്രമല്ല ഹസീന സർക്കാറിന്റെ സർവ്വത്ര അഴിമതിയും അധികാര ദുർവിനിയോഗവും വ്യാപകമായിരുന്നു. ബംഗ്ലാദേശിനെ ശേഖ് ഹസീന ക്രമേണ സാമ്പത്തികമായി പുരോഗതിയിലേക്ക് നയിക്കുകയുണ്ടായി. പ്രതിശീർഷ വരുമാനക്കണക്കിൽ ഇന്ത്യയേക്കാൾ വളരെ മുന്നിലാണ് ബംഗ്ലാദേശ്. അവിടുത്തെ ടെക്സ്റ്റൈൽ വ്യവസായം വൻ തോതിൽ കുതിച്ച് മുന്നേറുകയാണ്. പക്ഷേ ഈ നേട്ടങ്ങളെല്ലാം അവരുടെ ഭരണ കക്ഷിയായ അവാമി ലീഗ് നേതാക്കന്മാർക്കും അവർക്ക് ചുറ്റുമുള്ള ചില കോർപറേറ്റ് സമ്പന്നരിലും മാത്രം ഒതുങ്ങുകയായിരുന്നു. ജനങ്ങളുടെ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മക്കും ഒരറുതിയുമുണ്ടായില്ല. ബംഗ്ലാദേശ് പ്രക്ഷോഭം വിദ്യാർത്ഥികളും യുവാക്കളുമാണ് ആരംഭിച്ചതെങ്കിലും അത് ബഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി പിന്തുണച്ചതോടെ പ്രക്ഷോഭം കനക്കുകയാണുണ്ടായത്. പ്രക്ഷോഭത്തെ അക്രമാസക്തമാക്കുന്നതിൽ ജമാഅത്തെ ഇസ്ലാമിയും മറ്റു ജിഹാദീ സംഘടനകൾക്കുമുള്ള പങ്ക് അനിഷേധ്യമാണ്. അതിന് ശേഷമാണ് ന്യൂനപക്ഷങ്ങൾക്കെതിരെയും അഹ്മദികൾക്കെതിരെയുമുള്ള ആക്രമണങ്ങൾ വ്യാപകമായി ആരംഭിച്ചത്.

ബംഗ്ലാദേശ് 12-ാമത് ജനറൽ ഇലക്ഷൻ 2024 ജനുവരിയിലാണ് നടന്നത്. കെയർ ടേക്കർ മന്ത്രിസഭയിലൂടെ മാത്രമേ ഇലക്ഷൻ നടത്താവൂ എന്ന നിബന്ധന ശേഖ് ഹസീന നിരസിച്ചതോടെ. ആ തിരഞ്ഞെടുപ്പ് പ്രധാന പ്രതിപക്ഷമായ ബി എൻ പി അടക്കം 16 രാഷ്ട്രീയ പാർട്ടികൾ ബ




ശേഖ് ഹസീന

ഹിഷ്ക്കരിക്കുകയുണ്ടായി. അങ്ങനെ തുടർച്ചയായി അഞ്ചാം തവണയും ഹസീന പ്രധാനമന്ത്രിയായി നിൽക്കുമ്പോഴാണ് കലാപം പൊട്ടിപുറപ്പെട്ടത്.

1947 ൽ സ്വാതന്ത്ര്യം ലഭിക്കുമ്പോൾ പാകിസ്ഥാന്റെ ഭാഗമായിരുന്നു ബംഗ്ലാദേശ്. ഭൂമിശാസ്ത്രപരമായി രണ്ടു വിഭിന്ന മേഖലകളിലാണ് നിലകൊണ്ടിരുന്നത്. പാകിസ്താനും ബംഗ്ലാദേശും ഇന്ത്യയുടെ പടിഞ്ഞാറും കിഴക്കുമായി 1600 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ കിടക്കുന്ന രണ്ട് പ്രദേശങ്ങളായിരുന്നു. മതത്തിന്റെ പേരിൽ ഒന്നിച്ചു നിന്ന് പാകിസ്താൻ നേടിയയെങ്കിലും ബംഗാളി സംസാരിക്കുന്ന ബംഗാളികളുടെ മേൽ ഉറുദു ഭാഷ അടിച്ചേൽപ്പിക്കുന്നു എന്ന് പറഞ്ഞാണ് ബംഗ്ലാദേശ് വിമോചന പ്രസ്ഥാനം ശേഖ് മുജീബുർറഹ്മാന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. മതവിശ്വാസത്തിനു മീതെ ഭാഷാവികാരവും മറ്റു സാംസ്കാരികവും സാമൂഹികവുമായ പല വ്യത്യാസങ്ങളും പ്രത്യേകതകളും ഈ രണ്ടു ജനതയേയും വിഭജിക്കുകയായിരുന്നു. 1971 പാകിസ്താൻ വിഭജനം മുസ്ലിംകൾ ഒരു ദേശീയ ജനതയാണെന്ന ആശയത്തിനെതിരായിരുന്നു. ഇത്തരത്തിൽ പഞ്ചാബി, ബലൂചി, സിന്ധി, പക്തൂൺ എന്നീ ദേശീയ വികാരങ്ങളുടെ രാഷ്ട്രീയ അടിയൊഴുക്കുകൾ പാകിസ്താനിൽ ശക്തവുമാണ്. ഈ സാഹചര്യത്തിൽ പാകിസ്താനെ വീണ്ടും മതപരമായി ഒന്നിപ്പിക്കാൻ കുശാഗ്ര ബുദ്ധിയായ സുൽഫിക്കർ അലി ഭൂട്ടോയുടെ ബുദ്ധിയിൽ കിളിർത്തതാണ് എല്ലാമുസ്ലിം വിഭാഗങ്ങളുടെയും പിന്തുണയുള്ള അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭവും അവരെ അമുസ്ലിം ന്യൂന പക്ഷമാക്കിയുള്ള നിയമ നിർമ്മാണവും, എന്ന ഒരു നിരീക്ഷണവുമുണ്ട്.

ബംഗ്ലാദേശിന് സാമ്പത്തികമായി കൂടുതൽ മുതൽ കൂട്ടുന്ന കിഴക്കൻ പാകിസ്താന് തദനുസൃതമായി വികസനവും വിഹിതവും ലഭിച്ചിരുന്നില്ല. 1954 ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ അവാമി മുസ്ലിം ലീഗ്, കൃഷക് ശ്രമിക് ലീഗ് മുതലായ കക്ഷികളുടെ ഐക്യമുന്നണി മഹാഭൂരിപക്ഷം നേടി. അവാമി മുസ്ലിം ലീഗിലെ മുസ്ലിം പിന്നീട് ഉപേക്ഷിച്ച് കൂടുതൽ സെക്കുലറായിക്കൊണ്ടാണ് അവാമി ലീഗായി മാറിയത്. 1970–71 ലെ പാക് പാർലമെന്ററി തിരഞ്ഞെടുപ്പിൽ കിഴക്കൻ പാകിസ്താനിലെ ഭൂരിപക്ഷം സീറ്റും ശേഖ് മുജീബു റഹ്മാന്റെ അവാമിലീഗ് നേടി. ഒരു ദേശീയ ഭരണകൂടം യോജിച്ചു രൂപീകരിക്കുന്നതിൽ പാകിസ്താനിലെ മുസ്ലിം ലീഗും കിഴക്കൻ പാകിസ്താനിലെ (ബംഗ്ലാദേശിലെ) അവാമി ലീഗും പരാജയപ്പെട്ടു. 1971 മാർച്ച് 1 ന് പാക് പ്രസിഡണ്ട് യാഹ്യാഖാൻ പാർലമെന്റ് സമ്മേളനം അനിശ്ചിത കാലത്തേക്ക് മാറ്റിവെച്ചു. ഇതോടെ സ്വതന്ത്ര ബംഗ്ലാദേശിനു വേണ്ടി അവാമി ലീഗ് പ്രക്ഷോഭം ആരംഭിച്ചു. 1971 മാർച്ച് 7 നടന്ന ചരിത്ര പ്രസിദ്ധമായ പ്രസംഗത്തിൽ മുജീബുർ റഹ്മാൻ ബംഗ്ലാദേശ് സ്വാതന്ത്ര്യം തുറന്ന് പ്രഖ്യാപിച്ചു. വിമോചന സമരത്തെ സർക്കർ അടിച്ചമർത്തിയതിന്റെ ഫലമായി നിരവധി പേർ ഇന്ത്യയിലേക്ക് പാലായനം ചെയ്തു. അവാമി ലീഗ് ഇന്ത്യയിൽ ഒരു പ്രവാസ സർക്കാർ രൂപീകരിച്ചു. ഇന്ത്യയുടെ സഹായത്തോടെ മുക്തി വാഹിനി എന്ന വിമോചന സേന രൂപീകരിക്കുകയും പാക്



മുഹമ്മദ് യൂനുസ്





സിയാ ഉർറഹ്മാൻ




ഖാലിദാ സിയ

സൈന്യവുമായി മുക്തി വാഹിനി ഏറ്റുമുട്ടുകയും ചെയ്തു. 1971 ൽ ഡിസംബർ 3 ന് ഇന്ത്യ നേരിട്ട് യുദ്ധത്തിൽ പ്രവേശിച്ചു. ഡിസംബർ 16 ന് ഡാക്കയിൽ വെച്ച് പാക് പട്ടാളം കീഴടങ്ങിയതോടെ ബംഗ്ലാദേശ് എന്ന പുതിയ രാജ്യം പിറന്നു. 1971 മാർച്ച് 27 ന് ബംഗ്ലാദേശ് നിലവിൽ വന്നു. 1972 ജനുവരി 12 നാണ് ഔദ്യോഗികമായി ബംഗ്ലാദേശ് പ്രഖ്യാപനമുണ്ടായത്.

1971 ലെ ബംഗ്ലാദേശ് വിമോചന സമരവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് ബംഗാളികൾ കൂട്ടക്കൊല ചെയ്യപ്പെടുകയും സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയും സമ്പത്ത് കൊള്ളയടിക്കപ്പെടുകയും ചെയ്യുകയുണ്ടായി. ജമാഅത്തെ ഇസ്ലാമിയുടെ പോഷക സംഘടനകളായ അശ്ശംസ്, അൽ ബദർ എന്നീ ഭീകര സംഘടനകളുടെ സഹായത്തോടെ പാക്കിസ്താൻ സൈന്യം നടത്തിയ കൂട്ടക്കൊലകൾ ഈ നൂറ്റാണ്ടിൽ നടന്ന ഏറ്റവും വലിയ കൂട്ടക്കൊലകളിലൊന്നാണ്. ഈ ഭീകര താണ്ഡവത്തിൽ ലക്ഷക്കണക്കിന് ബംഗാളികളാണ് കൊല്ലപ്പെട്ടതെന്ന് ഐക്യ രാഷ്ട്രസഭയുടെ ഏകദേശ കണക്ക്. 1981 ൽ ഐക്യ രാഷ്ട്രസഭയിൽ സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 33–ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ഹ്യൂമൻ റൈറ്റ് കമ്മീഷൻ റിപ്പോർട്ടിൽ 1971 ലെ ബംഗ്ലാദേശ് മനുഷ്യക്കുരുതിയെക്കുറിച്ച് പറയുന്നുണ്ട്. അത് ചരിത്രത്തിലെ ഏറ്റവും ഹീനമയ കൂട്ടക്കൊലകളിൽ ഒന്നായിരുന്നുവെന്നും 15 ലക്ഷം മുതൽ 30 ലക്ഷം വരെ പേർ വധിക്കപ്പെട്ടിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. ശേഖ് ഹസീന ഖാപിദാ സിയായുടെ കാലത്ത് പൂഴ്ത്തി വെച്ചിരുന്ന ജമാഅത്തെ ഇസ്ലാമി പങ്കാളിത്തമുള്ള വിമോചന സമരകാലത്തെ കൂട്ടകൊലകൾ വീണ്ടും പുനരുജ്ജീവിപ്പിച്ച് കോടതി വിചാരണ ചെയ്ത് തൂക്കിക്കൊല്ലുകയുണ്ടായി. അതിന്റെ പകയായിരിക്കാം ഹസീനക്കെതിരെയുള്ള പ്രക്ഷോഭത്തിൽ സജ്ജീവമായി പങ്കെടുക്കാനുള്ള ഒരു കാരണം.

1975 ൽ ബംഗ്ലാദേശ് വിമോചകനും രാഷ്ട്ര പിതാവും ശേഖ് ഹസീനയുടെ പിതാവുമായ ശേഖ് മുജീബുർ റഹ്മാൻ പട്ടാള അട്ടിമറിയിൽ കൊല്ലപ്പെടുകയുണ്ടായി. പിന്നീട് ബംഗ്ലാദേശ് ഭരിച്ചത് സൈന്യമാണ്. പാകിസ്താനിലും ചില ഇസ്ലാമിക രാജ്യങ്ങളിലും ഭരണം സൈന്യത്തിന്റെ ഒരവകാശം പോലെയാണ്. ജനാധസിപ്ത്യം പട്ടാളക്കാർക്കും ജമാഅത്തെ ഇസ്ലാമി പോലെയുള്ള ജിഹാദി പ്രണയികൾക്കും ഇഷ്ടമുള്ള കാര്യമല്ല. വംഗബന്ധു ശേഖ് മുജീബുർ റഹ്മാന്റെ വധത്തിന് ശേഷം 1977 ൽ സൈനിക മേധാവി സിയാവുർ റഹ്മാനാണ് പ്രസിഡണ്ടായത്. പാർലമെന്റ് തിരഞ്ഞെടുപ്പിലുടെയാണ് അദ്ദേഹം അധികാരത്തിൽ വന്നത്. അദ്ദേഹമാണ് ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (ബി എൻ പി) സ്ഥാപിച്ചത്. 1980 ചിറ്റഗോംങ്ങ് കുന്നുകളിൽ വെച്ച് സിയാവുർഹമാനും കൊല്ലപ്പെട്ടു. പട്ടാളത്തിനകത്ത് തന്നെയുള്ള സംഘർഷങ്ങളാണ് അതിനു കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്. പിന്നീട് കുറച്ചു നാൾ സിവിലിയൻ ഭരണമുണ്ടായെങ്കിലും 1982 മാർച്ചിൽ 24 ൽ മുഹമ്മദ് ഇർശാദ് അധികാരം പിടിച്ചെടുത്തു. മുഹമ്മദ് ഇർശാദിനെതിരെ ബി എൻ പി അവാമി ലീഗ് ജമാഅത്തെ ഇസ്ലാമി മറ്റു ഇസ്ലാമിക പാർട്ടികൾ എല്ലാം ചേർന്ന് ഐക്യപ്പെട്ടു പ്രക്ഷോഭം നടത്തിയാണ് ഇർശാദിന്റെ പട്ടാള ഭരണം അവസാനിപ്പിച്ചത്. 1990 ഡിസംബർ 6 ന് ഇർശാദ് രാജിവെച്ചു. 1991 നടന്ന തിരഞ്ഞെടുപ്പിൽ സിയാ ഉർറഹ്മാൻ സ്ഥാപിച്ച ബി എൻ പിയാണ് ജയിച്ചത്. അദ്ദേഹത്തിന്റെ ഭാര്യ ഖാലിദാ സിയ പ്രധാന മന്ത്രിയായി. ജമാഅത്തെ ഇസ്ലാമിയുമായി അധികാരം പങ്കിട്ടായിരുന്നു അവർ ഭരിച്ചത്. 1966 ലെ ഇലക്ഷനിൽ വീണ്ടും ഖാലിദാ സിയ വിജയിച്ചു. പിന്നീട് 1996 ലെ തിരഞ്ഞെടുപ്പിൽ വംഗ ബന്ധു ശേഖ് മുജീബുർ റഹ്മാന്റെ മകൾ ശേഖ് ഹസീന നയിക്കുന്ന അവാമി ലീഗാണ് ജയിച്ചത് 2001 വീണ്ടും ഖാലിദാ സിയ പ്രസിഡണ്ടായി തിരിച്ചു വന്നു. 2006 മുതൽ ഹസീനയുടെ അവാമി ലീഗും ഖാലിദാ സിയായുടെ ബി എൻ പിയും മാറി മാറി ബംഗ്ലാദേശ് ഭരിച്ചു. കഴിഞ്ഞ നാല് തവണയായി ഹസീന തുടർച്ചയായി ഭരിച്ചു വരെവെയാണ് ഇക്കാണുന്ന പ്രക്ഷോഭങ്ങളും പലായനവുമെല്ലാം ഉണ്ടായത്. ഏതായാലും ഒരുപാട് ദാരിദ്ര്യവും പ്രകൃതി ക്ഷോഭങ്ങളും അനുഭവിക്കുന്ന ഒരു ജനതയാണ് ബംഗാളികൾ. അതീവ്രവാദത്തിലേക്ക് പോകാതെ അവരുടെ ക്ഷേമത്തിനും മേഖലയിലെ സമാധാനത്തിനും ഉതകുന്ന വിധം ഒരു ജനാധിപത്യ ഭരണം തിരഞ്ഞെടുപ്പിലൂടെ ഉണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.




**കേ**രളത്തിലെ പ്രകൃതിദുരന്ത ചരിത്രത്തിൽ ഏറ്റവും രൗദ്രഭീകരമായ അത്യാഹിതമായിരുന്നു വയനാട് ജില്ലയിൽ സംഭവിച്ചത്. അവിടെ മേപ്പാടി പഞ്ചായത്തിൽ 2024 ജൂലൈ 30 ന് മുണ്ടക്കൈ, ചൂരൽമല, അട്ടമല, പുഞ്ചിരിമറ്റം, കുഞ്ഞോം എന്നിവിടങ്ങളിലെ മലയോരങ്ങളിലുണ്ടായ ഉരുൾ പൊട്ടലിൽ മനുഷ്യരും പാർപ്പിടങ്ങളുമടക്കം ജനപഥവും അവരുടെ ജീവിത സന്നാഹങ്ങളും ആകെ ഉരുൾ പൊട്ടിവന്ന ജല പ്രവാഹത്തിന്റെ മാരകശക്തിയിൽ ഒലിച്ചു പോയി. മൃത ശരീരങ്ങളും, ഉടലിൽ നിന്നും വേർപെട്ട ബന്ധങ്ങളും അവയവങ്ങളും ചളിയിലും പാറക്കല്ലുകളിലും പൊതിഞ്ഞ് കിലോമീറ്ററുകൾ കണക്കിൽ വിന്യസിക്കപ്പെടുകയുണ്ടായി. മരിച്ചുവെന്നറിഞ്ഞിട്ടും സംസ്ക്കരിക്കാൻ മൃതദേഹമില്ലാത്ത എല്ലാം നഷ്ടപ്പെട്ട ബന്ധുക്കളുടെ ദു:ഖം സമാനതകളില്ലാത്ത ഒരു ദുരന്തചിത്രമാണ് നൽകിയത്. രാത്രി വീട്ടിൽ ശാന്തരായി കിടന്നുറങ്ങിയ മനുഷ്യർക്ക് ഒരു നിമിഷം കൊണ്ട് സംഭവിച്ച അവർണ്ണനീയമായ ജീവിതാവസ്ഥയാണിത്. 403 പേരുടെ മരണമാണ് സ്ഥിരീകരിച്ചത്. വാർത്തയറിഞ്ഞവരുടെയെല്ലാം ഹൃദയം പിളർക്കുന്നതായിരുന്നു വയനാട് ദുരന്തം. അവിടെ അവശേഷിക്കുന്ന നമ്മുടെ സഹോദരങ്ങളായ അവർക്ക് ദൈവം അതിജീവനത്തിനുള്ള കരുത്തും ശക്തിയും നൽകുമാറാകട്ടെ (ആമീൻ)

പ്രകൃതി എന്നത് സന്തുലിതവും അതേസമയം ചലനാത്മകവുമായ ഒരു വ്യവസ്ഥയാണ്. ചിലപ്പോൾ മനുഷ്യന്റെ ഇടപെടൽ കാരണവും അല്ലാതെയും ഈ സന്തുലനം തെറ്റാറുണ്ട്. അത് വീണ്ടെടുക്കാനുള്ള പ്രകൃതിയുടെ ശ്രമമാണ് പ്രകൃതി ക്ഷോഭങ്ങൾ. പ്രകൃതിയുടെ മൂശയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, പ്രകൃതി നിയമങ്ങളും അവന്റെ സ്വാഭാവികമായ ധാർമിക നിയമങ്ങളും വ്യാപകമായി ലംഘിക്കുമ്പോഴും പ്രകൃതിയുടെ സന്തുലന വ്യവസ്ഥക്ക് ഭംഗം നേരിടുകയും നാശങ്ങൾ സംഭവിക്കുകയും ചെയ്യുന്നതായി ചരിത്രവും അനുഭവവും സാക്ഷ്യപ്പെടുത്തുന്നു.

പ്രകൃതിദുരന്തങ്ങളിൽ മനുഷ്യകരങ്ങളുടെ പങ്ക് നിർണ്ണായകമാണ്. പ്രകൃതിക്ഷോഭങ്ങളുടെ കാരണങ്ങളെ കുറിച്ച് അന്വേഷിക്കുമ്പോൾ ഭൂമിയുടെ ഉപരിതല ഘടനയേയും കാലവസ്ഥയെയും പ്രക്ഷുബ്ധമാക്കുന്ന ഘടകങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്. ഒന്ന് മനുഷ്യകൃതം (Anthropogenic) രണ്ടാമത്തേത് പ്രകൃതിപരം (Natural). ഭൂമിയുടെ ഉപരിതലത്തിൽ മനുഷ്യൻ വിവേചനമില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, ഭൂമിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെയും ഊർജ്ജത്തിന്റയും സ്വാഭാവിക പ്രവർത്തനത്തെ തടസ്സപെടുത്തൽ, ഭൂമിക്കടിയിലെ ഫോസിൽ ഇന്ധനങ്ങളും അനിയന്ത്രിതമായ ഉപയോഗം, കാർബൺ ഡയോക്സൈഡ് ഉണ്ടാക്കുന്ന ആഗോളതാപനം, വനനശീകരണം, വിവേചനരഹിതമായ വ്യവസായ വത്ക്കരണം മുതലായവ മനുഷ്യന്റെ കരങ്ങൾ കൊണ്ട് പ്രകൃതിയിലുണ്ടാവുന്ന ഇടപെടലുകളാണ്. മറ്റൊരു ക്ഷോഭ ഹേതു പ്രകൃതിപരമാണ്. മനുഷ്യകരങ്ങൾക്ക് അതീതമായ

ഭൗമികവും ഗോളാന്തരീയവും ഈ പ്രാപഞ്ചിക പ്രതിഭാസങ്ങൾ ഭൗമ പ്രകൃതിയുടെ സന്തുലനാവസ്ഥ യെ ബാധിക്കുകയും പ്രക്ഷുബ്ധ മാക്കുകയും ചെയ്യുന്നു. ഭൂകമ്പങ്ങൾ, അഗ്നി പർവ്വതങ്ങൾ, സൂര്യനിലെ കറുത്തപൊട്ടുകളുടെ ആവിർഭാവം മൂലം ഭൂമിയിലുണ്ടാവുന്ന മാറ്റങ്ങൾ, ഉൽക്കകളുടെ പതനം മുതലായവ. പക്ഷേ അത് പ്രകൃതിയുടെ സ്വാഭാവിക പരിണാമത്തിന്റെ ഭാഗമാണ്. ഇങ്ങനെ രണ്ട് വിധത്തിലും പ്രകൃതി ക്ഷോഭങ്ങൾ സംഭവിക്കുന്നു.

പ്രകൃതിയിലെ പ്രതിഭാസങ്ങളും അറിവുകളും മനുഷ്യൻ ക്രോഡീകരിച്ച് വിജ്ഞാനമാക്കുന്നതാണ് ശാസ്ത്രം. അതിൽ മനുഷ്യന് പിഴവ് പറ്റാം. തെറ്റിയും തിരുത്തിയും പ്രകൃതിയെ നോക്കി പഠിച്ച് ശാസ്ത്ര വിജ്ഞാനം മുന്നേറുകയാണ്. ഈ ശാസ്ത്ര വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതികമായി സൗഹൃദപരമായ ഒരു ജീവിതം നയിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. ഈ അറിവുകളുടെ ഗുണദോഷങ്ങൾ മനസ്സിലാക്കാനും മനസ്സിലാക്കിയ അറിവുകൾ ത്യാജ്യഗ്രാഹ്യ ബോധത്തോടെ കർമ്മ പഥത്തിലെത്തിക്കുന്നതിലും കാണിക്കുന്ന വീഴ്ച്ചയും അലംഭാവവുമാണ് പ്രകൃതിദുരന്തങ്ങളിൽ മനുഷ്യന്റെ നിർഭാഗ്യങ്ങൾക്കും കഷ്ടപ്പാടുകൾക്കും മുഖ്യകാരണം.

വാസ്തവത്തിൽ ഇതിന് മറ്റൊരു വശം കൂടിയുണ്ട്. ഇത്തരം പ്രകൃതിദുരന്തങ്ങളും പ്രതിസന്ധികളും ആവശ്യങ്ങളുമാണ് മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുന്നത്. മനുഷ്യന്റെ പരിണാമ ചരിത്രം സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കത് ബോദ്ധ്യമാകും. പുരോഗതിക്കും വിജ്ഞാനാർജ്ജനത്തിനും നിദാനം ഇത്തരം പ്രയാസങ്ങളിലൂടെയുള്ള മനുഷ്യന്റെ പ്രയാണമാണെന്ന് കാണാം. മനുഷ്യ പ്രകൃതിയിലന്തർഭവിച്ച ഒരു തത്വമാണിത്. ആവശ്യങ്ങളില്ലാത്ത എല്ലാം തികഞ്ഞ അവസ്ഥ എന്നത് നിശ്ചലാവസ്ഥയാണ്. സ്വർഗ്ഗം പോലും സക്രിയമായ ഒരു ഇടമാണ്. കഷ്ടപ്പാടും അദ്ധ്വാനവും കൊണ്ടേ നേട്ടങ്ങളുണ്ടാവൂ. അങ്ങനെയാണ് പ്രകൃതിയും മനുഷ്യനും സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. പ്രപഞ്ചത്തിലൊരിടത്തും ഫ്രീ ലഞ്ച് ലഭ്യമല്ല. മനുഷ്യൻ വിശപ്പ് എന്ന ദുരിതം നേരിട്ടപ്പോൾ കൃഷിയാരംഭിച്ചതും, കാറ്റ്, മഴ, വെയിൽ, മഞ്ഞ് എന്നീ വിപരീതാവസ്ഥകളിൽ നിന്നും രക്ഷനേടാൻ പാർപ്പിടവും വസ്ത്രവും നിർമ്മിച്ചതുമെല്ലാം ഇയ്യൊരു അതിജീവന സ്വഭാവം കൊണ്ടാണ്. ക്ലാസ്സിൽ ഒന്നാമനാവുന്ന കുട്ടിയുടെ വിജയത്തിനു പിന്നിൽ കഠിനവും ബുദ്ധിപരമായി ആസൂത്രണം ചെയ്തതുമായ അദ്ധ്വാനമുണ്ട്. ഉചിതജ്ഞതയോടെയുള്ള ജ്ഞാനപൂർണ്ണമായ അദ്ധ്വാനമാണ് നേട്ടങ്ങൾക്ക് നിദാനം.


പ്രകൃതിയിലുണ്ടാവുന്ന അസന്തുലിതാവസ്ഥ വീണ്ടെടുക്കാനുള്ള പ്രകൃതിയുടെ തന്നെ ശ്രമത്തിന്റെ ഭാഗമാണ് പ്രക്ഷുബ്ധാവസ്ഥ. അഥവാ പ്രകൃതിക്ഷോഭങ്ങൾ. 250 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച വ്യവസായവത്ക്കരണത്തിന് ശേഷമുണ്ടായ അന്തരീക്ഷ പഠനങ്ങൾ ഇത് തെളിയിക്കുന്നു. ദൈവം ബുദ്ധി തന്ന മനുഷ്യൻ പ്രകൃതിനിയമങ്ങൾ മനസ്സിലാക്കുകയും അതിലുണ്ടാകുന്ന മാറ്റങ്ങൾ നേരത്തെ കണ്ടറിഞ്ഞ് രക്ഷാവഴികൾ കണ്ടെത്തുകയും വേണം. ഭൗമ പ്രകൃതിയെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഗോളാന്തരീയമായ ഒരു സംവിധാനത്തിന്റെ ഭാഗമായാണ്. അത് മനുഷ്യൻ വിവേകപൂർവ്വം കൈകാര്യം ചെയ്യണമെന്നാണ് വിശുദ്ധ ഖുർആന്റെ കൽപ്പന. ഇത് സംബന്ധമായി ഏറ്റവും ശ്രദ്ധേയമായ ഒരു ഖുർആൻ വചനം നോക്കൂ:

**'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം (മീസാൻ) സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ (ആ) സംന്തുലനത്തിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവ്വം തുലനം നിലനിർത്തുക. അതിൽ കുറവ് വരുത്തരുത്. ഭൂമിയെ എല്ലാജീവ ജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു'** (55: 8–11)

ഭൂമി മനുഷ്യന്ന് വേണ്ടി മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയാണ് സൃഷ്ടിച്ചു എന്ന വചനവും വളരെ ശ്രദ്ധേയമാണ്. മിണ്ടാപ്രാണികളായ അന്യജീവജാലങ്ങളുടെ അവകാശം അനുവദിചുകൊണ്ടാണ് മനുഷ്യൻ ഭൂമിയിൽ ജീവിക്കേണ്ടത് എന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള വലിയ ഒരു സന്ദേശമാണ് ഖുർആൻ ഇവിടെ നല്കുന്നത്.

### പാർപ്പിട നിർമ്മാണം.

തേനീച്ച എന്ന് കൊച്ചു പ്രാണി സുരക്ഷിതവും അവയുടെ ജീവിതായോധനത്തിന് ഉതകുന്നതുമായ പാർപ്പിടങ്ങൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: **'നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി. മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനുഷ്യൻ കെട്ടിയുണ്ടാക്കിയ പന്തലിൽ നിന്നും ചിലയിടങ്ങലിൽ നീ കൂടുണ്ടാക്കുക പിന്നെ എല്ലാ ഫല വർഗ്ഗങ്ങളിൽ നിന്നും നീ ഭക്ഷിക്കുക.'** (സൂറ: അന്ന്ഹൽ 16: 69) തേനീച്ച കൂടുവെക്കുന്നതിന് മുമ്പ് റാണിയുടെ ആജ്ഞയനുസരിച്ച് കൂടുവെക്കാനുള്ള ഏറ്റവും സുരക്ഷിതവും പൂന്തേനും പൂമ്പൊടിയും ലഭ്യമായ അനുയോജ്യമായ സ്ഥലം തേടി ആയിരക്കണക്കിന് തേനീച്ചകൾ പതിനായിരക്കണക്കിന് പറക്കലുകൾ നടത്തുന്നു. പര്യവേക്ഷകരായ തേനീച്ചകൾ അവർ ശേഖരിച്ച വിവരങ്ങൾ റാണിക്കു മുമ്പിൽ ഒരു നൃത്തത്തിലൂടെ അവതരിപ്പിക്കുന്നു. അത് വിശകലനം ചെയ്ത ശേഷമാണ് റാണി കൂട് വിട്ട് മറ്റൊരു കൂട് തിരഞ്ഞെടുക്കുന്നത് എന്ന് തേനീച്ചകളെ സംബന്ധിച്ചുള്ള ശാസ്ത്ര പഠനം (മെല്ലിറ്റോളജി) പറയുന്നു. നിസ്സാര പ്രാണിയായ തേനീച്ച അവയുടെ പാർപ്പിടം ഉണ്ടാക്കുന്നതിൽ കാണിക്കുന്ന പരിസര നിരീക്ഷണവും വിവര വിശകലനവും ജാഗ്രതയും ധിഷണാശേഷി നൽകി അനുഗ്രഹിച്ച മനു



പ്രൊഫ. മാധവ് ഗാഡ്ഗിൽ

ഷ്യൻ കാണിക്കുന്നില്ല എന്നതാണ് ഇവിടെ വിപത്തുകൾ ഉണ്ടാവാനുള്ള പ്രധാന കാരണം. അങ്ങനെയാണ് ഈ പ്രാണികൾ വിഭവസമൃദ്ധമായ സുസ്ഥിര ക്ഷേമ ജീവിതം നയിക്കുന്നത്. പരിസ്ഥിതിപരമായി സുരക്ഷിതമായി താമസിക്കാൻ പറ്റിയ സ്ഥലത്താണോ മനുഷ്യൻ പാർക്കുന്നത് എന്ന് ഉറപ്പ് വരുത്തണം. അതിന് വേണ്ട വിദൂര സംവേദന ശാസ്ത്രം നമുക്കിന്നുണ്ട്. താൽക്കാലിക സുഖത്തിന് വേണ്ടി പ്രശ്നങ്ങളെ അവഗണിക്കുന്നത് വിപത്തുകൾക്ക് ഹേതുവാകും എന്നാണ് ഖുർആൻ നൽകുന്ന പാഠം.

### ദൈവത്തിന്റെ അനുഗ്രഹകേദാരം പ്രക്ഷുബ്ധമാകുന്നതെന്ത് കൊണ്ട്?

പർവ്വതങ്ങളെ പറ്റി വിശുദ്ധ ഖുർആൻ അനുഗ്രഹ കേദാരങ്ങളായിട്ടാണ് വിവരിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ***'ഭൂമിയിൽ അവൻ ഉറച്ച പർവതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. അതായത് നിങ്ങൾക്ക് അത് ഭക്ഷണം നല്കുന്നു(അൻതമീദബിക്കും). നദികളും വീഥികളും (അവനതിൽ ഉണ്ടാക്കി) നിങ്ങൾ മാർഗം പ്രാപിക്കുന്നതിന് വേണ്ടി'*** (സൂറ: അന്നഹ്ൽ 16: 16)

പർവതങ്ങൾ ദൈവത്തിന്റെ അനുഗ്രഹ കേദാരങ്ങളാണ്. ലോകത്തിലെ മിക്ക വൻനദികളും ഉദ്ഭവിക്കുന്നത് ഖുർആൻ പറഞ്ഞത് പോലെ പർവതങ്ങളിൽ നിന്നാണ്. ജല ഗോപുരങ്ങൾ (Water Towers) എന്നാണ് പർവ്വതങ്ങളെ വിശേഷിപ്പിക്കുന്നത്. മഴവെള്ളം നിശ്ചിത തോതിൽ അതിന്റെ സ്വാഭാവിക സുഷിരങ്ങളിൽ ശേഖരിച്ച് ആ സ്രോതസ്സുകളിൽ നിന്നും അമ്മ കുഞ്ഞുങ്ങളെ മുലപ്പാലൂട്ടുന്നത് പോലെ മലകൾ മനുഷ്യന് ജലം നല്കുന്നു. ഖുർആൻ പറഞ്ഞത് പോലെ ഒരു സന്തുലനാത്മക വ്യവസ്ഥയിലൂടെയാണ് മനുഷ്യന് പർവ്വതങ്ങൾ അനുഗ്രഹമേകുന്നത്. ആ പർവതങ്ങൾ എപ്പോഴെങ്കിലും മനുഷ്യന് വിനാശകരമായി തീരുന്നുവെങ്കിൽ അത് അവൻ തന്നെ വരുത്തിവെക്കുന്ന വിനകൾകൊണ്ടായിരിക്കാം.

ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ തെക്ക് ഭാഗത്ത് ഡക്കാൻ പീഠഭൂമിക്ക് പടിഞ്ഞാറ് വശം ചേർന്ന് അറബിക്കടലിന് സമാന്തരമായി 1600 കി. മീറ്റർ നീളത്തിലും 140,000 കി.മീ ചതുരസ്ത്ര കി .മി വിസ്തൃതിയിലും സ്ഥിതി ചെയ്യുന്ന മല നിരകളാണ് പശ്ചിമഘട്ടം. അത് ഗുജറാത്തിലെ കേപ് കാംമ്പെ ഉൾക്കടൽ മുതൽ മഹാരാഷ്ട്ര, ഗോവ, കർണ്ണാടകം, കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന ഗിരിനിരകളാണ്. അതിനിടക്ക് പാലക്കാട് 30 കിലോമീറ്റർ മാത്രമാണ് പശ്ചിമഘട്ടം മുറിഞ്ഞു നിൽക്കുന്നത്. കേരളത്തിന്റെ കിഴക്ക് സ്ഥിതിചെയ്യുന്ന പശ്ചിമ ഘട്ടമാണ് തെക്ക് പടിഞ്ഞാറൻ മൺസൂൺ എന്ന കാലവർഷക്കാറ്റിനെ തടഞ്ഞ് നിർത്തി കേരളത്തിൽ മഴപെയ്യിക്കുന്നത്. കേരളത്തിൽ 44 വലിയ നദികളുണ്ട്. അതിൽ 41 എണ്ണവും പശ്ചിമ ഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്നവയാണ്. ഖുർആൻ വിശേഷിപ്പിച്ചത് പോലെ ഒരു ജനതയുടെ ജീവിതത്തെ നദികൾ സ്വാധീനിക്കുന്നു എന്നതിന് ഉദാഹരണം പശ്ചിമ ഘട്ടവും കേരവുമായുള്ള ബന്ധത്തിൽ കാണാവുന്നതാണ്. പശ്ചിമഘട്ടം നിറഞ്ഞ് നിൽക്കുന്ന കേരളത്തിലെ ഒരു ജില്ലയാണ് വയനാട്.

2010 മാർച്ചിൽ അന്നത്തെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയായിരുന്ന ജയറാം രമേശ് ഇന്ത്യയുടെ 40 ശതമാനം ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കാനായി ഒരു വിദഗ്ദ സമിതിയെ ശ്രീ മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ നിയമിക്കുകയുണ്ടായി. Western Ghats Ecology Expert Panel (WGEEP) എന്നാണ് ഈ സമിതിയുടെ പേര്. മഹാരാഷ്ട്രക്കാരനായ ഗാഡ്ഗിൽ ഈ രംഗത്തെ ആധികാരിക പണ്ഡിതനും നിസ്വാർത്ഥനായ ഒരു ജനകീയ ശാസ്ത്രജ്ഞനുമാണ്. ഗാഡ്ഗിൽ സമർപ്പിച്ച റിപ്പോർട്ട് 2011 ൽ പുറത്ത് വന്നു. വികസനം എന്നത് സാമ്പത്തിക നേട്ടത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർണ്ണിയിക്കേണ്ടതല്ലെന്നും പരിസ്ഥിതി സംരക്ഷണം കൂടി കണക്കിലെടുത്തുകൊണ്ടുള്ള വികസനമാണ് നടപ്പാക്കേണ്ടത് എന്നുമുള്ള സന്ദേശമാണ് ഗാഡ്ഗിൽ റിപ്പോർട്ട് നൽകുന്നത്. പശ്ചിമ ഘട്ടം പാരിസ്ഥിതികമായി നാലിൽ മൂന്ന് ഭാഗവും ദുർബലമായതിനാൽ ചില നിർദ്ദേശങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വെക്കുകയുണ്ടായി. ജനജീവിതത്തെ ബാധിക്കുന്ന ആ നിർദ്ദേശങ്ങൾ വമ്പിച്ച വിവാദങ്ങൾക്കും പ്രതിഷേധങ്ങൾക്കും കാരണമായി. ജൈവ വൈവിധ്യത്തിന്റെയും ആവാസ വ്യവസ്ഥയുടെ ദുർബലതയുടെയും അടിസ്ഥാനത്തിൽ പശ്ചിമഘട്ടത്തിന്റെ ഗുരുതരാവസ്ഥയെ ആധാരമാക്കി ആറ് വിധത്തിലുള്ള പരിസ്ഥിതി സെൻസിറ്റീവ് സോണുകളായി (Ecological Sensitive Zone = ESZ) ഗാഡ്ഗിൽ റിപ്പോർട്ട് തരം തിരിച്ചിട്ടുണ്ട്. പശ്ചിമ ഘട്ടത്തിൽ വരുന്ന 142 താലൂക്കുകളിലെ പരിസ്ഥിതിലോല മേഖലകളാണ് സമിതി തിരിച്ചറിഞ്ഞത്. കേരളത്തിൽ 75 താലൂക്കുകളിൽ നിന്ന് 25 എണ്ണം പരിസ്ഥിതിലോല മേഖലകളാണ്. വയനാടിന്റെ പല മേഖകളും പരിസ്ഥിതി ലോല മേഖകളാണ്. വനശീകരണവും ജൈവവൈവിധ്യങ്ങളുടെയും ജല സ്രോതസ്സുകളുടെയും അമിതമായ ചൂ



ഷണവും സമിതി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ അതിരപ്പള്ളി ഉൾപ്പെടെ ESZ -1 ൽ ഉൾപ്പെടുത്തി പുതിയ ഡാമുകളുടെ നിർമ്മാണവും പാടില്ല എന്നാണ് സമിതിയുടെ ശുപാർശ. കരിങ്കൽ ഖനനനമടക്കം പശ്ചിമഘട്ടത്തിൽ എല്ലാവിധ വികസന പ്രവർത്തനങ്ങളും കർശനമായി നിയന്ത്രിക്കണമെന്നും അതിന്നായി ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയെ നിയമിക്കണമെന്നും ഗാഡ്ഗിൽ റിപ്പോർട്ട് ശുപാർശ ചെയ്യുകയുണ്ടായി.

കേരളത്തിൽ ഒരു പ്രധാന വെല്ലുവിളി ഉയർന്ന ജനസാന്ദ്രതയാണ്. ഗാഡ്ഗിൽ സമിതി പരിസ്ഥിതി സംരക്ഷണം മാത്രമാണ് മുൻഗണന നൽകിയതെന്നും ജനജീവിതത്തെ അവഗണിക്കുകയായിരുന്നുവെന്നും വ്യാപകവും ശക്തവുമായ വിമർശനവും പ്രചാരണവുമുണ്ടായി. ബ്രിട്ടീഷുകാരുടെ കാലം മുതൽ കേരളത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ വ്യാപകമായി കുടിയേറ്റം നടത്തിയവർ ക്രിസ്ത്യൻ പുരോഹിതന്മാരുടെ നേതൃത്വത്തിൽ ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ വൻ പ്രതിഷേധ പ്രക്ഷോഭങ്ങൾ നടത്തുകയുണ്ടായി. പാരിസ്ഥിതികമായി ലോല പ്രദേശമാണെങ്കിലും ഭൂമിയുടെ ലഭ്യത കുറവ് മൂലം അപകടകരമായ ഈ മലമ്പ്രദേശങ്ങളിൽ കൃഷി ചെയ്യാനും പാർപ്പിടം കെട്ടി ജീവിക്കാനും നിർബന്ധിതരാകുന്ന ഒരു ദരിദ്ര ജനത ഈ നാട്ടിലുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അവരുടെയെല്ലം എതിർപ്പ് വന്നപ്പോൾ രാഷ്ട്രീയ പാർട്ടിക്കാരും അവർക്കൊപ്പം ചേർന്നു. ഗാർഡിൽ റിപ്പോർട്ടിലെ ജനകീയ പ്രശ്നങ്ങളെ പറ്റി പഠിക്കാൻ കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗം ഡോ. കസ്തൂരി രംഗൻ അദ്ധ്യക്ഷനായുള്ള മറ്റൊരു സമിതിയെ നിയോഗിച്ചു. High Level Working Group on Western Ghats, HLWG എന്നാണ് ഈ സമിതി അറിയപ്പെടുന്നത്. കസ്തൂരി രംഗൻ ഗാഡ്ഗിൽ റിപ്പോർട്ടിൽ വെള്ളം ചേർത്തെങ്കിലും തത്വത്തിൽ ഗാഡ്ഗിൽ റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിക്കുകയാണുണ്ടായത്. പശ്ചിമഘട്ടം നാലിൽ മൂന്ന് പാരിസ്ഥിതിക ലോല മേഖലയായി പ്രഖ്യാപിച്ചത് 37 ശതമാനമായി കസ്തൂരി രംഗൻ കുറച്ചു. 50 വർഷം കഴിഞ്ഞാൽ ഡാമുകൾ ഡീ കമ്മീഷൻ ചെയ്യേണ്ടതില്ലെന്നും അവ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിച്ചാൽ മതി എന്നുള്ള ഭേദഗതിയാണ് കസ്തൂരി രംഗൻ ശുപാർശ ചെയ്തത്. കേരളത്തിന്റെ ജല വൈദ്യുത രംഗത്തെ സ്വപ്ന പദ്ധതിയായ അതിരപ്പള്ളി പ്രൊജക്റ്റ് കസ്തൂരി രംഗനും വിയോജിപ്പ് പ്രകടിപ്പിച്ചെങ്കിലും വീണ്ടും പഠനം നടത്തണമെന്ന് ശുപാർശചെയ്തിട്ടുണ്ട്. സംരക്ഷിക്കേണ്ട പല വനമേഖലയെയും കസ്തൂരി രംഗൻ സമിതി അവഗണിച്ചുവെന്നും കുടിയേറ്റക്കാരുടെ പ്രക്ഷോഭത്തിന് വഴങ്ങിയാണ് റിപ്പോർട്ട് എന്നും കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരായി കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെ ആക്ഷേപമുണ്ട്. ഈ രണ്ട് കേന്ദ്ര സമിതിയേയും കൂടാതെ കേരളത്തിലെ പശ്ചിമഘട്ടത്തിലെ ലോല മേഖലയെ പറ്റി പുതിയ റിപ്പോർട്ട് സമർപ്പിക്കാൻ ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിൽ മറ്റൊരു കമ്മിറ്റിയേയും കേരളാ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഉമ്മൻ കമ്മിറ്റി പരിസ്ഥിതി ലോല മേഖല വീണ്ടും കുറക്കുകയുണ്ടായി.

ചുരുക്കത്തിൽ ഭൂമിയിലെ വിഭവങ്ങൾ വളരെ വിവേചനത്തോടെ മാത്രമേ ഉപയോഗിക്കാവൂ എന്ന സന്ദേശമാണ് എല്ലാ ശാസ്ത്രീയ പഠനങ്ങളും പറയുന്നത്. ഖുർആൻ പറയുന്നു: **'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളൂവീൻ എന്നാൽ ഒന്നിലും അമിതത്വം അരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'**(അഅ്റാഫ് 7: 37)

### വയനാട്ടിലെ ഉരുൾ പൊട്ടൽ

ഉരുൾ പൊട്ടൽ മണ്ണിടിച്ചിൽ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രതിഭാസം മഴയോടൊപ്പം സംഭവിക്കുന്ന ഒരു ഭൗമപ്രകിയയാണ്. മണ്ണിടിച്ചിൽ (Landslides) എന്നത് ഒരു സ്ഥലത്തെ മൺപാളി ഒലിച്ചു പോവുന്ന അവസ്ഥയാണ്. കഠിനമായ മഴമൂലം ഭൂമിക്കടിയിൽ സംഭരിക്കപ്പെടുന്ന ജലം ഭൂഗുരുത്വത്തിനു വിധേയമായി ഉരുളൻ പാറയും കല്ലുകളും കളിമണ്ണ് കലർന്ന ചെളിയും താഴെക്ക് പ്രവഹിക്കുന്നതിനെയാണ് ഉരുൾ പൊട്ടൽ (Rockslides) എന്ന് പറയുന്നത്. നേരത്തെ ജലപ്രവാഹം ഉണ്ടായിരുന്ന ഒരു പാതയിലൂടെയാണ് വെള്ളം പ്രഹരിക്കുക. ആ പ്രവാഹത്തിന് തടസ്സമായി നിൽക്കുന്ന എല്ലാ മനുഷ്യ നിർമ്മിതികളെയും അതിന്റെ ശക്തിയനുസരിച്ച് തട്ടി തകർക്കും.

ബ്രിട്ടീഷുകാരുടെ കാലത്ത് അനേകം ചതുരശ്ര കിലോമീറ്ററുകൾ വൻ വനങ്ങൾ വെട്ടിത്തെളിച്ച് മൊട്ടക്കുന്നുകളാക്കിയാണ് വയനാട്ടിലും ഹൈറേഞ്ചിലും ചായത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും മറ്റു നാണ്യവിള തോട്ടങ്ങളും നിർമ്മിച്ചത്. ഭൂമിയുടെ ഉപരിതലത്തിൽ ഒരു സംരക്ഷിതാവരണമായി നിന്ന ഈ വൻ വന വൃക്ഷങ്ങൾ തോട്ടം നിർമ്മിക്കാനായി മുറിച്ച് മാറ്റപ്പെട്ടുകയുണ്ടായി. ഈ വൃക്ഷങ്ങളുടെ വേരുകൾ ഭൂമിക്കടിയിലെ ജലസ്‌റോതസ്സുകളെ അന്വേഷിച്ച് വളരെ ദൂരങ്ങളോളം സഞ്ചരിച്ചിട്ടുണ്ടാവും. വൃക്ഷം മുറിക്കപ്പെടുന്നതോടെ വേരുകൾ ക്രമേണ ജീർണ്ണിച്ച് അവിടെ പൈപ്പ് പോലെ ഒരു കുഴൽ രൂപപ്പെടുന്നു. മഴപ്പെയ്യുമ്പോൾ ഈ ശൂന്യസ്ഥലത്ത് കൂടെ ജലം ഭൂമിക്കടിയിലെ ജലശേഖരങ്ങളിലോ പാറകളുടെ അടിയിലോ എത്തിപ്പെടുന്നു. അവിടെ ശേഖരിക്കപ്പെടുന്ന ജലം ഭൂഗുരുത്വത്തിന് വിധേയമായി താഴേക്ക് പതിക്കുന്നു. അതോടൊപ്പം ഉരുളൻ കല്ലും പാറക്കഷണങ്ങളും ചെളിയും അതീശീഘ്രം താഴേക്ക് ഒഴുകുന്നു. ഇങ്ങനെ ഉരുൾ പൊട്ടലിനു കാരണമായി തീരുന്നത് മുൻകാലങ്ങളിലെ വന നശീകരണവും മണ്ണൊലിപ്പിനു കാരണമാകുന്ന കൃഷികൾ ചെയ്യലുമാണ്.

അതുപോലെ, കരിങ്കൽ ഖനനത്തിനായി പാറകളിൽ വെടിമരുന്നു പൊട്ടിക്കുമ്പോളുണ്ടാവുന്ന കമ്പനങ്ങൾ വിദൂരങ്ങളിലേക്ക് സംവഹനം ചെയ്യപ്പെടുകയും പാറകൾക്കിടയിൽ വിള്ളൽ ഉണ്ടാക്കുകയും ചെയ്യും. ആ വിള്ളലുകളിലൂടെ മഴവെള്ളം ഇറങ്ങി ഉരുൾപൊട്ടലുണ്ടാകാം. ഉപേക്ഷക്കപ്പെട്ട കരിങ്കൽ ക്വാറികളിൽ മഴക്കാലത്ത് വൻ തോതിൽ ജലം സംഭരിക്കപ്പെടുകയും വൻതോതിൽ വെള്ളം ഭൂമിയിലേക്ക് ഇറങ്ങുകയും അത് ഉരുൾ പൊട്ടാൻ സഹായകമാവുകയും ചെയ്യും. 72 ഡിഗ്രിയിലധികം ചരിവുള്ള സ്ഥലങ്ങളിൽ ഉരുൾ പൊട്ടൽ സാദ്ധ്യത വളരെ കൂടുതലാണ്. ദേശീയ ഭൗമ ശാസ്ത്ര ഗവേഷണ കേന്ദ്രത്തിന്റെ 2010 ലെ പഠന പ്രകാരം കേരളത്തിന്റെ 14. 4 % മേഖലകലും ഉരുൾ പൊട്ടലിന് സാദ്ധ്യതയുള്ള പ്രദേശങ്ങളാണ്.


### കാലാവസ്ഥാ വ്യതിയാനവും പ്രക്ഷുബ്ധതയും

നമ്മുടെ നാട്ടിലെ ഉരുൾപൊട്ടലിന് കാരണം പലപ്പോഴും മേഘസ്ഫോടനം (Cloudburst) എന്നറിയപ്പെടുന്ന അതിതീവ്ര മഴയാണ്. മൂന്നോ നാലോ ദിവസം കൊണ്ട് അല്ലെങ്കിൽ ഒരാഴ്ച്ചകൊണ്ട് പെയ്യേണ്ട മഴ ഏതാനും മിനുട്ടുകൾ കൊണ്ട് പെയ്ത് തീരുന്നതിനെയാണ് മേഘസ്ഫോടനം അഥവാ ക്ലൗഡ് ബസ്റ്റ് എന്ന് പറയുന്നത്. കാലവസ്ഥ വിജ്ഞാനീയം (Climatology) ഇത്തരം പ്രതിഭാസങ്ങളെ പറ്റി ഏറെകുറെ കൃത്യവും സൂക്ഷ്മവുമായ വിവരങ്ങൾ നൽകുന്നുണ്ട്. കാലാവസ്ഥ വിജ്ഞാനീയം എന്നത് ചലനാത്മകവും ചഞ്ചലവുമായ നിരവധി ഭൗമ ഘടകങ്ങളുടെ പഠനമാണ്. കാലവസ്ഥ സംബന്ധമായ കാര്യങ്ങൾ വിശദമാക്കാനാവശ്യമായ മലയാള സാങ്കേതിക പദങ്ങളുടെ അപര്യാപ്ത ഈ ശാസ്ത്ര ശാഖക്ക് സാധാരണക്കാർക്കിടയിൽ ചില അവ്യക്തതകളുണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ചു മലയാളികൾക്കിടയിൽ ഉദാഹരണത്തിന്ന് ഇംഗ്ലീഷിൽ Climate, Weather എന്നീ പദങ്ങൾ അന്തരീക്ഷത്തിന്റെ ദീർഘവും ഹ്രസ്വവുമായ രണ്ട് അവസ്ഥകളെ സൂചിപ്പിക്കാനാണ് പ്രയോഗിക്കുന്നത്. മലയാളത്തിൽ പലപ്പോഴും രണ്ടവസ്ഥക്കും കലാവസ്ഥ എന്ന ഒരൊറ്റ പദമാണ് ഉപയോഗിക്കാറ്. ഒരു സ്ഥലത്തെ ദീർഘകാലത്തെ സ്ഥിരമായ അന്തരീക്ഷത്തിന്റെ ഭൗതികാവസ്ഥയെ സൂചിപ്പിക്കാനാണ് ക്ലൈമറ്റ് (Climate) എന്ന പദം ഉപയോഗിക്കാറ്. അതായത് ഒരു സ്ഥലത്തെ ശരാശരി ഭൗതികാവസ്ഥ, ഭൂമിയുടെ ചരിവും ചലനവും ആകൃതിയും മൂലമുണ്ടാകുന്ന സൂര്യപ്രകാശത്തിന്റെ അളവ് ഭേദങ്ങൾ, സമുദ്രവുമായുള്ള സാമീപ്യം, സമുദ്രത്തിനകത്തെ ചൂടും തണുപ്പുമുള്ള ജലപ്രവാഹങ്ങൾ, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ഭൂമദ്ധ്യരേഖയിൽ നിന്നുള്ള അകലം, മലകളും സമതലങ്ങളുമുണ്ടാക്കുന്ന ഭൂതലത്തിലെ ഉയർച്ചതാഴ്ച്ചകൾ, പർവ്വതങ്ങളുടെ സാന്നിദ്ധ്യം, കാറ്റിന്റെ ഗതിവേഗങ്ങൾ, മുതലായവയാണ് ക്ലൈമറ്റ് അഥവാ കാലവസ്ഥ രൂപപ്പെടുത്തുന്ന സ്ഥിരസ്വഭാവമുള്ള ഘടകങ്ങൾ. എന്നാൽ വെതർ (Weather) -അഥവാ അന്തരീക്ഷസ്ഥിതി അസ്ഥിരവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. അത് കുറഞ്ഞ കാലത്തേക്കുള്ള അന്തരീക്ഷാവസ്ഥയെ സൂചിപ്പിക്കുന്നു. മഴ, മഞ്ഞ്, താപനില, അന്തരീക്ഷത്തിലുണ്ടാകുന്ന ന്യൂനമർദ്ദം, മേഘാവരണം, കാറ്റ് തുടങ്ങിയ ഘടകങ്ങളെല്ലാം സൃഷ്ടിക്കുന്ന അന്തരീക്ഷാ വസ്ഥയാണ് ഇത്. ഏതാനും മിനുട്ട് മുതൽ പരമാവധി ഒരു മാസം വരെയുള്ള വേഗത്തിലുള്ളതും ചലനാത്മകവുമായ അന്തീക്ഷ വ്യതിയാനങ്ങളെ സൂചിപ്പിക്കാനാണ് വെതർ എന്ന പദം ഉപയോഗിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ രണ്ട് അന്തരീക്ഷാവസ്ഥയേയും പ്രതിഭാസത്തെയും സൂക്ഷ്മമായി സൂചിപ്പിക്കാൻ മലയാളത്തിൽ കലാവസ്ഥ എന്ന ഒരൊറ്റ പദം മാത്രമേ ഉള്ളൂ. അതുപോലെ വെതർ ഫോർകാസ്റ്റിങ്ങ് Weather Forcasting എന്നതിന്ന് കാലാവസ്ഥ പ്രവചനം എന്ന പദത്തിലെ ചഞ്ചലാവസ്ഥ സൂചിപ്പിക്കാനുതകുന്നതല്ല.

മനുഷ്യന്റെ പ്രവർത്തനം മൂലം അന്തരീക്ഷത്തിന്റെ സന്തുലന വ്യവസ്ഥ തെറ്റുന്നു എന്നത് വളരെ സ്പഷ്ടമാണ്. ഇതാണ് ഇപ്പോഴുണ്ടാകുന്ന നിരന്തരമുള്ള പ്രകൃതിയുടെ ക്ഷോഭത്തിന്ന് മുഖ്യകാരണങ്ങളിലൊന്ന് എന്ന കാര്യവും വ്യക്തമാണ്. വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ വൻ തോതിൽ അന്തരീക്ഷത്തിലേക്ക് പുറത്ത് വിടുന്ന കാൺബൺ ഡയോക്സൈ

ഡ്, ഇത് കൂടാതെ മീഥൈൻ നൈട്രസ് ഓക്സൈഡ്, ഓസോൺ, നീരാവി എന്നീ വാതകങ്ങളും അന്തരീക്ഷത്തിന്റെ അനുപാതവും താളക്രമവും തെറ്റിക്കുന്നു. ഭൂമിയിൽ പതിക്കുന്ന പ്രകാശ കിരണങ്ങൾ പ്രതിഫലിച്ച് അന്തരീക്ഷത്തിൽ നിന്ന് പുറത്ത് പോകാതെ അത് ഭൗമാന്തരീക്ഷത്തിൽ തന്നെ ആഗിരണം ചെയ്യപ്പെടുകയും ഭൂമിയുടെ അന്തരീക്ഷ താപം വർദ്ധിക്കുകയും ചെയ്യുന്നു. ആഗോളതാപനം എന്ന് പറയുന്നത്. ഇതിന്ന് കാരണം മേൽ പറഞ്ഞ വാതകങ്ങളാണ്. ഹരിത ഗൃഹ പ്രഭാവം (Greenhouse effect) എന്നാണ് ഈ പ്രതിഭാസം അറിയപ്പെടുന്നത്. തണുപ്പ് രാജ്യങ്ങളിൽ ചൂടുനിലനിർത്താൻ കൃഷിയിടങ്ങൾക്ക് മുകളിൽ ഒരു ആവരണമുണ്ടാക്കി ചൂട് നിലനിർത്തുന്ന രീതിയിൽ നിന്നാണ് ഹരിതഗൃഹ പ്രഭാവം എന്ന വിശേഷണം ഉണ്ടായത്. ഇങ്ങനെ മനുഷ്യന്റെ ഇടപെടൽ മൂലം ചൂടുകൂടിയ അന്തരീക്ഷം കാരണം ആവശ്യത്തിലധികം ഭൂമിയിലെ സമുദ്രജലം ബാഷ്പീകരിക്കപ്പെട്ട് മേഘങ്ങൾ രൂപികരിക്കപ്പെടുന്നു. ചൂട് മൂലമുള്ള വായുപ്രവാഹത്തിന്റെ ഫലമായി ന്യൂനമർദ്ദത്തിന് കാരണമാകുകയും ചെയ്യുന്നു. ഇത് കാറ്റിന്റെ ഗതിക്രമം തെറ്റിക്കുകയും അന്തരീക്ഷത്തിന്റെ സംന്തുലനം തെറ്റി കാലാവസ്ഥ വ്യതിയാനം അതിവർഷവും, മേഘസ് ഫോടനവും വരൾച്ചയും കാലം തെറ്റിയുള്ള മഴയും ഉണ്ടാകുന്നു.

അതുപോലെ തന്നെ വൻതോതിലുള്ള വനനശീകരണവും കാലാവസ്ഥയെ ബാധിക്കുന്നു. ഭൂമിൽ മനുഷ്യ പ്രവർത്തനം മൂലം ഉണ്ടാകുന്ന അധിക കാർബൺ ഡയോക്സൈഡ് ചെടികളും വൃക്ഷങ്ങളും ആഗിരണം ചെയ്ത് കാലവസ്ഥാ സംന്തുലനം നിലനിർത്താൻ സഹായിക്കുന്നു. ഭൂമിയിലെ 70 ശതമാനം ജീവികളും വസിക്കുന്നത് കാടുകളിലാണ് വനനശീകരണത്തിലൂടെ അവയുടെ ആവാസ വ്യവസ്ഥ നഷ്ടപ്പെടുകയും ചെയ്യുന്നു. ഭൂമിയിലെ കാലവസ്ഥാ സന്തുലനം നിലനിർത്താൻ ഒരു നിശ്ചിത ശതമാനം പ്രദേശം വൃക്ഷ നിബിഡമായ വനമായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യം ഇപ്പോൾ മനുഷ്യന് ബോദ്ധ്യമായിരിക്കുന്നു. ചുരുക്കത്തിൽ ഈ കാണുന്ന പ്രകൃതി ക്ഷോഭങ്ങൾക്കെല്ലം കാരണം മനുഷ്യന്റെ അമിതമായ ഉപഭോഗ ഭ്രമം വരുത്തി വെക്കുന്ന വിനാശങ്ങളാണ് ഖുർആൻ പറയുന്നു: **'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.'**(30:42)



പ്രകൃതിക്ഷോഭത്തിന്ന് തീർചയായും മനുഷ്യകരങ്ങൾക്കതീതമായ പ്രകൃതി പരമായ കാരണങ്ങളുമുണ്ട്. സൂര്യനിൽ നിന്നുള്ള ഊർജ്ജ പ്രവാഹമാണ് ഭൂമിയിലെ എല്ലാ കാലാവസ്ഥാ പ്രവർത്തനങ്ങൾക്കും ജൈവ പ്രവർത്തനങ്ങൾക്കും ആധാരം. അത് ചാക്രികമായി ഏറിയും കുറഞ്ഞുമിരിക്കും. അത് ഭൂമിയിൽ പ്രതിഫലിക്കുകയും ചെയ്യും. സൂര്യനിലുണ്ടാക്കുന്ന ദൈന്യം ദിന മാറ്റങ്ങൾ ഭൂമിയുടെ കാലവസ്ഥയെ ബാധിക്കുന്നു. സൂര്യനിൽ 11 വർഷങ്ങൾ കൂടുമ്പോൾ പ്രത്യക്ഷമാകുന്ന സൂര്യകളങ്കങ്ങൾ (Sunspots) എന്ന പ്രതിഭാസവും ഭൂമിയിലെ കാലാവസ്ഥയെ ഗണ്യമായി ബാധിക്കുന്നു.

**'സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ച് (സഞ്ചരിക്കുന്നു) ലതകളും വൃക്ഷങ്ങളും (അതിന്) വഴങ്ങുന്നു.'** (വിശുദ്ധ ഖുർആൻ 55: 6,7) ഉദാഹരണത്തിന്ന് 1650 ന്നും 1850 ന്നും സൂര്യനിൽ നിന്നുമുള്ള ഊർജ്ജപ്രവാഹത്തിന്റെ കുറവുമൂലം ഭൂമിയിൽ ഹ്രസ്വകാലം നീണ്ടുനിൽക്കുന്ന ഒരു ഹിമകാലം (Little Ice Age) ആരംഭിച്ചിരുന്നു. വടക്കൻ ധ്രുവത്തോട് തൊട്ടുകിടക്കുന്ന ഗ്രീൻലാന്റിൽ വൻ തോതിൽ ഹിമരൂപീകരണത്തിന്ന് ഇത് കാരണമാകുകയും ആ രാജ്യം ഒറ്റപ്പെട്ടുപോകുകയും ചെയ്തു. ഇതിന്ന് വിപരീതമായി സൂര്യനിൽ നിന്നുള്ള ഊർജ്ജ പ്രവാഹം അധികരിക്കുന്നുവെങ്കിൽ ഭൂമിൽ ഉഷ്ണകാലവും തീവ്രമാകുന്നു.

ഭൂമിയിൽ വികസന പ്രവർത്തനത്തിലേർപ്പെടുന്ന മനുഷ്യൻ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നിലനിർത്താൻ പ്രകൃതിയെ സംബന്ധിച്ച് ഗാഢമയി ചിന്തിച്ച് അതിന്റെ സന്തുലന വ്യവസ്ഥയിൽ കൈകടത്താതെ ജീവിക്കാൻ ലോകത്തുള്ള എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാണ്. എങ്കിൽ മാത്രമേ സുസ്ഥിരമായ പ്രകൃതിയുടെ അനുഗ്രഹങ്ങൾ മനുഷ്യരാശിക്ക് ലഭ്യമാകുകയുള്ളൂ. വിശുദ്ധ ഖുർആൻ പറയുന്നു:

**'(ജല പരാഗണം) വഹിച്ചുകൊണ്ടു പോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു. നിങ്ങൾ അതിന്റെ നിക്ഷേപരല്ലതാനും. തീർച്ചയായും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് നാം തന്നെയാണ്. (എല്ലാറ്റിന്റേയും) അവകാശിയും ഞാൻ തന്നെ.** (സൂറ: ഹിജ്ർ 15: 23,24)

## അനുസ്മരണം



മൗലവി ടി. എം. മുഹമ്മദ് സാഹിബ്

മൗലവി ടി. എം. മുഹമ്മദ് സാഹിബ് 2024 ഏപ്രിൽ 15 തിങ്കളാഴ്ച 64 ാം വയസ്സിൽ ഹൃദയസ്തംഭനം മൂലം വഫാത്തായി. ഇന്നാ ലില്ലാഹി....

1960 ൽ തൃശൂർ ജില്ലയിലെ ചേലക്കരയിലാണ് ജനിച്ചത്. മർഹൂമിന്റെ പിതാവ് ഹസ്സൻകുട്ടി സാഹിബ് ചേലക്കരയിലെ ആദ്യത്തെ അഹ്മദിയായിരുന്നു. അറബി മുൻഷി ആയിരുന്ന അദ്ദേഹം മുഖേനയാണ് ഈ പ്രദേശത്ത് അഹ്മദിയ്യത്ത് പ്രചരിച്ചത്. മെട്രിക്കിന് ശേഷം 1976 ൽ മൗലവി ടി.എം.മുഹമ്മദ് സാഹിബ് ഖാദിയാൻ ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ചു. ഭാഷയും നാടും അന്യമായിരുന്നിട്ടും കഠിനാദ്ധ്വാനത്തിലൂടെ മൗലവി സാഹിബ് ജാമിഅ പഠനം പൂർത്തിയാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1983 മുതൽ 2020 വരെ 37 വർഷം കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ മുബല്ലിഗ് ആയി സേവനം ചെയ്യാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിക്കുകയുണ്ടായി. അദ്ദേഹം തന്റെ നാട്ടിൽ നിന്നുള്ള ആദ്യത്തെ മുബല്ലിഗ് ആയിരുന്നു. മർഹൂമിന് 1983 പാകിസ്താനിലെ ചരിത്ര പ്രസിദ്ധമായ റബ്വ ജൽസ സാലാനയിൽ പങ്കെടുക്കാനും 2016 ലെ ലണ്ടൻ ജൽസ സാലാനയിൽ പ്രതിനിധിയായി പങ്കെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

മർഹൂം തഹജ്ജുദ് നമസ്കാരത്തിൽ ഒരിക്കലും വീഴ്ച വരുത്തിയിരുന്നില്ല. ഖിലാഫത്തുമായി അഗാധമായ ബന്ധം പുലർത്തിയിരുന്നു. മക്കളെയും ജമാഅത്തംഗങ്ങളുമായി ഒരു ആത്മബന്ധം ഉണ്ടാക്കാൻ പരിശ്രമിച്ചിരുന്നു. ഖലീഫ് റാബിയുടെ കാലത്ത് മക്കളെ കൃത്യമായി ഉർദു ക്ലാസിന്റെ പഠിതാക്കളാക്കി അദ്ദേഹം മാറ്റി. അതുകൊണ്ട് തന്നെ നാലാം ഖലീഫ നടത്തിയ ഉറുദു ക്ലാസിലേക്ക് മർഹൂമിന്റെ മക്കൾ അടങ്ങിയ കുടുംബ ഫോട്ടോ അയച്ചു കൊടുക്കുകയും, ഹുസൂർ തിരുമനസ്സ് പ്രോഗ്രാമിന്നിടയിൽ അത് പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ഉർദു ക്ലാസ്സ് (330/3.12.1997)

മർഹൂം ലിംഫോമ രോഗിയും ദീർഘകാലം ആർ സി സി യിൽ ചികിത്സയിലുമായിരുന്നു. ചികിത്സകാലത്ത് വളരെ ധൈര്യത്തോടും സഹനത്തോടുമായിരുന്നു അദ്ദേഹം കഴിഞ്ഞിരുന്നത്. അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന പ്രകൃതക്കാരനായത് കൊണ്ടുതന്നെ വലിയ പരീക്ഷണങ്ങളിൽ പോലും നേരിയ രീതിയിൽ പോലും ആശങ്കപ്പെടുകയോ ഭയപ്പെടുകയോ ചെയ്തിരുന്നില്ല. തബ്ലീഗ് ചെയ്യാൻ വലിയ ആവേശമായിരുന്നു. ഹോസ്പിറ്റലിൽ വെച്ച് ഡോക്ടർമാർക്കും നേഴ്സുമാർക്കും രോഗികളുടെ കൂട്ടിരുപ്പുകാർക്കും ജമാഅത്തിന്റെ സന്ദേശം എത്തിച്ചിരുന്നു. പെരിന്തൽമണ്ണ, അടിമാലി ജമാഅത്തിൽ മൗലവി സാഹിബ് നടത്തിയ തബ്ലീഗ് പ്രവർത്തനങ്ങൾ പ്രശംസാർഹമാണ്. അസുഖത്തെ തുടർന്ന് മർഹൂമിന് റിട്ടയേർഡ് ചെയ്യേണ്ടിവന്നെങ്കിലും അസുഖം ഭേദമായപ്പോൾ അദ്ദേഹത്തിന്റെ വലിയ ആഗ്രഹം ജമാഅത്തിനു വേണ്ടിയുള്ള സേവനം തുടരണമെന്നതായിരുന്നു. അങ്ങനെ റിട്ടയേർഡ് ആയതിനുശേഷവും മർകസിന്റെ അനുമതി പ്രകാരം വഖ്ഫേ ആർസിയുടെ കീഴിൽ കൊടിയത്തൂർ, കോഴിക്കാട്, കരുനാഗപ്പള്ളി എന്നീ ജമാഅത്തുകളിൽ സേവനമനുഷ്ഠിച്ചിരുന്നു. സേവനം ചെയ്ത ജമാഅത്തുകളിലെല്ലാം മദ്രസപഠനകാര്യത്തിൽ വളരെയധികം മർഹൂം ശ്രദ്ധ ചെലുത്തിയിരുന്നു. കുട്ടികൾക്ക് പുറമെ മുതിർന്നവർക്കും തഫ്സീറും, തബ്ലീഗ് വിഷയങ്ങളും ഉർദു ക്ലാസും നടത്തുമായിരുന്നു. അല്ലാഹു മർഹൂമിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ഭാര്യ: എച്ച് സൈനബ സാഹിബ. മക്കൾ: റിസ്‌വാനാ, സൽമ അഹ്മദ്, ഡോ. ഫർഹാനാ കമൽ, അത്തിഅയത്തുൽ ഹൈ, മരുമക്കൾ സിയാദുർറഹ്മാൻ (കാക്കനാട്), മൻസൂർ അഹ്മദ് (കോഴിക്കോട്) മൗലവി എസ് ശഫീഖ് (കരുനാഗപ്പള്ളി) മഹ്മൂദ് അഹ്മദ് (ഖാദിയാൻ)

മൂന്ന് സഹോദരിമാരും നാല് സഹോദരന്മാരുമാണുള്ളത്. മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. മർഹൂമിന്റെ ആഗ്രഹപ്രകാരം ജനാസ, ഖാദിയാൻ ബഹിശ്തി മഖ്ബറയിലാണ് കബറടക്കിയത്. *– ശഫീഖ് എസ്. മുബല്ലിഗ് ഇൻചാർജ്ജ്, കൊല്ലം*



എം അഹ്മദ് സാഹിബ്

മർഹൂം കെ. പി. സുബൈർ സാഹിബിന്റെയും എം. റാബിയാ സാഹിബയുടെയും മകനും കണ്ണൂർ ടൗൺ ജമാഅത്തിലെ അംഗവുമായ എം. അഹ്മദ് സാഹിബ് (74) 7 ആഗസ്ത് 2024 ന് വഫാത്തായി . ഇന്നാലില്ലാഹി.....

ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവ സാന്നിദ്ധ്യമായിരുന്ന അഹ്മദ് സാഹിബ് പാവങ്ങളെ സഹായിക്കുന്നതിലും എല്ലാവരുമായും സൗഹൃദം സൂക്ഷിക്കുന്നതിനും എപ്പോയും ഉത്സുകനായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ പി. മുബാറക്ക സാഹിബ. മകൻ ഷബീർ അഹ്മദ് സാഹിബ്, മകൾ ഷാഹിൻദ. സഹോദരൻ അബ്ദുല്ലാ സുബൈർ സാഹിബ് , സഹോദരി അയിശാ ബി സാഹിബ.

*സി അബ്ദുർറഹിം, കണ്ണൂർ*



## അബ്ദുർ റഹ്മാൻ കുട്ടി സാഹിബ്

തിരുവിഴാംകുന്ന് ജമാഅത്തിലെ ജ. അബ്ദുർ റഹ്മാൻ കുട്ടി സാഹിബ് (83) 22 മെയ് 2024 ന് വഫാത്തായി. ഇന്നാലില്ലാഹി..... അലനല്ലൂർ ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽ പെട്ട ആളായിരുന്നു പരേതൻ. തന്റെ 16-ാം വയസിൽ മൗലാനാ അബ്ദുല്ലാ സാഹിബ് ബിലൂടെയാണ് അദ്ദേഹം ബൈഅത്ത് നിർവ്വഹിച്ചത്. ദീനി സ്വഭാവമുള്ള സാത്വികനായ അബ്ദുർറഹ്മാൻ സാഹിബ് ശത്രുക്കളോട് പോലും സൗമ്യമായി പെരുമാറുന്ന പ്രകൃതമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ സാമൂഹികമായ പെരുമാറ്റം പ്രദേശവാസികളെ ഏറെ ആകർഷിച്ചിരുന്നു. ഒരിക്കൽ ഒറ്റക്ക് തന്നെ കബർ കുഴിക്കുന്ന സേവന സന്നദ്ധതയിലൂടെ അദ്ദേഹം മാതൃക കാട്ടുകയുണ്ടായി.

ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്(അയ്യദുഹു) അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്ക്കരിക്കുകയും ഖുതുബയിൽ പരേതനെ അനുസ്മരിക്കുകയുമുണ്ടായി. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. പരേതയായ വി.ടി. സൗദ സാഹിബയാണ് ഭാര്യ. മൗലവി മുഹമ്മദ് ഫാറൂഖ് സാഹിബ് സഹോദരനും ഫലസ്തീൻ മിഷിണറി മൗലവി ശംസുദ്ദീൻ സാഹിബ് മകനും മൗലവി നിസാർ അഹ്മദ് സാഹിബ് പൗത്രനുമാണ്. മറ്റു മക്കൾ: ഹസ്സൻ സിദ്ധീഖ് സാഹിബ്, മുഹമ്മദ് ബാപ്പു സാഹിബ്, നാസിർ അഹ്മദ് സാഹിബ്, ഉമ്മു സൽമ സാഹിബ , ഖദീജ സാഹിബ,

– കെ ഉണ്ണീൻ *പ്രസിഡന്റ്, അഹ്മദിയാ ജമാഅത്ത് തിരുവിഴാംകുന്ന്.*

## എസ് വി ഫാത്തിമ സാഹിബ

പഴയങ്ങാടി ജമാഅത്തിലെ എസ് വി ഫാത്തിമ സാഹിബ(77) 6-7-2024 ന് കോഴിക്കോട് വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി..മർഹൂം അബ്ദുൽ മജീദ് സാഹിബിന്റെ ഭാര്യയും പി വി അബ്ദുല്ലാ ഹാജി, സീരെ വീട്ടിൽ ഖദീജ ദമ്പതിമാരുടെ അഞ്ചു മക്കളിൽ രണ്ടാമത്തെ ആളുമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവ സാന്നിദ്ധ്യമായിരുന്നു പരേത. നമസ്ക്കാരത്തിൽ കൃത്യത പാലിച്ച ഭക്തയും പാവങ്ങളെ സഹായിച്ചിരുന്ന സൽസ്വഭാവിയുമായിരുന്നു. ഭർത്താവിനോടൊപ്പം ഉംറ നിർവഹിക്കുകയും ലണ്ടൻ ജൽസയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു അവർക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മക്കൾ: എസ് വി മുഹമ്മദ് സഫറുല്ലാഹ്(ബിസിനസ്) എസ് വി മുഹമ്മദ് അഷ്റഫ് (സെന്ട്രൽ ടാക്സ് സൂപ്രണ്ട്), എസ് വി സാജിദ്. മരുമക്കൾ: ഷൈജ സഫർ യാസ്മീൻ അഷ്റഫ്, സഹോദരീ സഹോദരന്മാർ: മർഹൂം എസ് വി റഷിദാ ഹമീദ്, എസ് വി ശംസുദ്ദീൻ, എസ് വി മുനീറാ ബഷീർ

– ബി മൻസൂർ അഹ്മദ് മാത്തോട്ടം.

## സക്കിയാബി സാഹിബാ

പഴയങ്ങാടി ജമാഅത്തിലെ ബിലാവിനകത്ത് സക്കിയാബി (69 വയസ്സ്) 23-8-2024 വെള്ളിയാഴ്ച അന്തരിച്ചു. ഇന്നാലില്ലാഹി..... സി .എച്ച്. അബ്ദുൽ ഖാദർ മാസ്റ്റർ ബി .കുഞ്ഞലീമ ദമ്പതിമാരുടെ അഞ്ചുമക്കളിൽ നാലാമത്തെ മകളാണ് സക്കിയാബി. മർഹൂം എം. മുഹമ്മദ് സാഹിബ് ഭർത്താവാണ്.

ഭക്തയായ സക്കിയാ ബി ദീർഘകാലമായി ശയ്യാവലബയായിരുന്ന ആതുരാവസ്ഥയിലും സൃഷ്ടാവിന് സ്തോത്രം ചൊല്ലിക്കൊായിരുന്നു അവർ ശിഷ്ട ജീവിതം കഴിച്ചുകൂട്ടിയത്. സ്വന്തം പിതാവിൽ നിന്നും പകർന്നു കിട്ടിയ ഖുർആനികമായ അറിവ് അവർക്ക് ജീവിതത്തിൽ സാന്ത്വനവും വെളിച്ചവുമായിരുന്നു. വിശുദ്ധ ഖുർആനെ അഗാധമായി സ്നേഹിച്ച അവർക്ക് ഒട്ടുമിക്ക അധ്യായങ്ങളും അർത്ഥസഹിതം മനപ്പാഠമായിരുന്നു. കാലത്തിന്റെ ഖലീഫ കാലാനുസൃതമായി പഠിക്കാൻ പറഞ്ഞ ദുആകൾ അപ്പോൾ തന്നെ അർത്ഥസഹിതം ഹൃദിസ്ഥമാക്കിയാൽ മാത്രമേ അവർക്ക് തൃപ്തി വരികയുള്ളൂ. മാത്രമല്ല തന്റെ മക്കൾക്കും പരിചിത വലയത്തിലെ മറ്റുള്ളവർക്കും ആ ദുആകൾ ഒക്കെ പകർന്നു നൽകുകയും മനപ്പാഠമാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. അഞ്ചുനേരം നമസ്കാരം കൃത്യമായി അനുഷ്ഠിച്ച പരേത തഹജ്ജുദ് നമസ്കാരം നില നിർത്തുകയും ചെയ്തിരുന്നു. ദാന ധർമ്മങ്ങളിൽ നിഷ്കർഷത പാലിച്ചിരുന്നു. ഉംറ നിർവഹിക്കുകയും ഖാദിയാൻ സന്ദർശിക്കുകയും ചെയ്തിരുന്നു. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.


മക്കൾ: ഡോ. ഇഫ്തിഖാർ അഹ്മദ് .ബി. (കേന്ദ്ര സർവകലാശാല ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ), തൻവീർ അഹ്മദ് .ബി.(കൺസൾട്ടന്റ് ബിൽഡേഴ്സ് എം.ഡി.), റാഷിദ് തസ്നിം, റഫീദ പ്രവീൺ. മരുമക്കൾ: വഹീദ എ.ടി. , സിറാജുദ്ദീൻ കെ .പി., ആയിഷാബി, അബ്ദുൽ ഹൈ സഹോദരങ്ങൾ: സഊദ ബി, പ്രൊഫ: ബി മഹ്മൂദ് അഹ്മദ് (കേരള അഹ്മദിയ്യാ ജമാഅത്ത് മുൻ പബ്ലിക്കേഷൻ സെക്രട്ടറി ), താഹിറ ബി., അബ്ദുൽ ഹമീദ് ബി.

– ബി. മൻസൂർ അഹ്മദ്, മാത്തോട്ടം.

The Official Website of
the Ahmadiyya Muslim Community

AL-ISLAM

# www.mta.tv




Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

Published on 07.09.2024 | Pages 44 | Vol: 96 Issue.09
RNI No. 3332/1957, Registered KL/EKM/726/2024-26 | Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ടിനോടടുക്കുന്ന
മലയാളത്തിലെ
ഏക ഇസ്‌ലാമിക
പ്രസിദ്ധീകരണം

# SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI


Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.